

കളിയും
ചിരിയും
നാടകങ്ങൾ

Kaliyum Chiriyum
കളിയും ചിരിയും
One act plays in Malayalam
by Edasseri Govindan Nair
©Rights reserved.

# കളിയും ചിരിയും

## നാടകങ്ങൾ

1.

ഉരലും മദ്ദളവും

2.

പൊടി പൊടിച്ച സംബന്ധം

3.

ആയാൾക്ക് തലവേദന; ആയമ്മയ്ക്ക് പനി

4.

ബസ്സുതെറ്റി

5.

ഓമനേ, നീയെന്റെ സ്വത്താണ്

ഇടശ്ശേരി ഗോവിന്ദൻ നായർ

# 1

# ഉരലും മദ്ദളവും

**കഥാപാത്രങ്ങൾ**

| | |
|---|---|
| **അമ്മ** | **രണ്ടു കുട്ടികളുടെ അമ്മ, വയസ്സ് 40** |
| **ബാലൻ** | **മകൻ, വയസ്സ് 5** |
| **ദേവകി** | **മകൾ, വയസ്സ് 15** |
| **അച്ഛൻ** | **കുട്ടികളുടെ അച്ഛൻ, വയസ്സ് 50** |
| **കുട്ടൻ** | **ഒരു ചെറുപ്പക്കാരൻ, വയസ്സ് 24–25** |
| **വേലപ്പ** | **ദരിദ്രനായ കിഴവൻ** |

(ഒരു വീടിന്റെ ഉമ്മറം. ഒരു ബഞ്ച്, ഒരു കീറപ്പുല്പായ, ഒരു മണ്ണെണ്ണവിളക്ക്, മടക്കിവെച്ച ഒരു കീറക്കോസടി, ഒററത്തിരുന്നു സുമാറ് 5 വയസ്സായ ബാലൻ ഈ...ഈ...എന്നുകരയുന്നു. അമ്മ–സുമാറ് 40 വയസ്സ്.)

അമ്മ: (ബാലനെ നോക്കിക്കൊണ്ടുനിന്ന്) ആ. തൊടങ്ങ്യേലോ! സന്ധ്യയ്ക്കു രണ്ടു നാമം ചൊല്ലിക്കൂടെ നെണക്ക്? ഇത്ങ്ങനെ ഈ ഈ എന്നെപ്പഴും. അതുപോലെത്തന്നെ അനുഭവോം എല്ലാം ഒരുപോലെ ആവും. വല്ലാത്തൊരു തലേലെഴുത്ത്!

ബാലൻ: (ശുണ്ഠിപിടിച്ച്) എനിക്ക് വെശക്ക്ണ്ണ്ട്. ഈ...ഈ...എത്ര നേരായി. ഏടത്തി ഇനീം ചോറുവെച്ചില്ലേ. ഈ...ഈ...

അമ്മ: എങ്ങനെയാ അവളു ചോറുവെയ്ക്കാ. അരികൊണ്ടരണ്ടേ? ഓ, ചോറീന്നു ചോറ്, ചായയ്ക്കു ചായ! എന്തിനേ ഈ മഹാപാപിടെ വയറ്റിൽവന്നു ജനിച്ചേ? വല്ല കൊട്ടാരത്തിലും ജനിക്കാർന്നില്ലേ? (സ്വയം) അല്ലെങ്കിൽ എന്തിനാ കൊട്ടാരം! മറ്റുള്ളോരൊക്കെ ഇങ്ങനെയാ? ആളില്യാഞ്ഞിട്ടാണെങ്കിൽ സങ്കടല്യ. എട്ടും പത്ത്വോം ഒന്നും പെറ്റിട്ടൂല്യ. രണ്ടെണ്ണല്ലേള്ളു, രണ്ടെണ്ണം! എന്റെ ഒരു തലേലെഴുത്ത്! (വ്യസനിച്ചിരിക്കുന്നു. മകനോട്) നീയിങ്ങനെ ബദ്ധപ്പെട്ടാലെങ്ങനെയാ. അരി കൊണ്ടരട്ടെ.

ബാലൻ: എനിക്ക് അരി വേണ്ടാ. ചോറുമതി. ഈ...ഈ...

അമ്മ: (അടുത്തിരുന്ന്) അരി ഇല്യാതേ എങ്ങനെയാ ഉണ്ണീ, ചൊറുവെയ്ക്കാ. ഇവടെ അരിണ്ടോ? ഉണ്ടെങ്കിൽ നിങ്ങളെ പഷ്ണികെടത്ത്വോ അമ്മ?

ബാലൻ: ആ പെട്ടീല്ന്നാളു ഞാൻ കണ്ട്വാലോ. നെറച്ച് അരിയേന്ന്. ഏടത്തി അതൊക്കെ എടുത്തുകൊടുത്തിട്ടല്ലേ? ഈ...ഈ... എനിക്കു വെശക്കുന്നു. ഈ...

അമ്മ: അ. ആ? കൊടുക്കണതൊയ്ക്കേ എന്റെ മോൻ കാണുള്ളൂ, അല്ലെ? അവരോടു വാങ്ങീതോ? അല്ലെങ്കിത്തന്നെ ആ പടിഞ്ഞാറേലെത്തള്ള ഒരാൾക്കും ഒരൊപകാരോം ചെയ്യില്ല.ഞാനായതോണ്ടേ ചോദിച്ചപ്പൊളങ്ങടു തന്നത്. അല്ലെങ്കില്, അച്ചന്റെ മോനല്ലേ? കടം വാങ്ങണം, എന്നല്ലാതെ കൊടുക്കണംന്നുണ്ടോ എപ്പഴെങ്കിലും?

(ദേവകി ഉമ്മറത്തേയ്ക്കുവന്നു രണ്ടാളെയും നോക്കിനില്ക്കുന്നു. സുമാറ് 15 വയസ്സ്)

അമ്മ: (തുടരുന്നു) കിട്ടീതൊക്കെ കുടിച്ചിട്ടും കണ്ട അവർക്കും ഇവർക്കും ഒക്കെ കൊടുത്തിട്ടും അങ്ങു കളയണം. കടംവാങ്ങീതു കൊടുക്കണ്ട. വീട്ടിലുള്ളോർക്ക് ഒന്നും വേണ്ട ഔ എന്റീശ്വരാ, വല്ലാത്തൊരാളുകള്...(കണ്ണുതുടച്ചുകൊണ്ട്) എന്തിനാ അല്ലെങ്കില്... എന്റെ തലേലെഴുത്ത്!

ദേവകി: എന്തിനാ അമ്മേ, അച്ഛനെ ഇങ്ങനെ ശപിക്കണത്! നേരംവെളിച്ചാമ്പൊ പോയിട്ട്... പാവം! ഇപ്പൊ എവിടെയാണാവോ! (ബാലനോട്) എന്തിനാടാ ഇങ്ങനെ അകറണത്, അമ്മെക്കൊണ്ട് ഓരോന്നു പറേപ്പിക്കാൻ? വെളക്കു വെച്ചിട്ടല്ലേ ഉള്ളു?

ബാലൻ: (സക്രോധം കയ്യുയർത്തികൊണ്ട് ) പൊയ്ക്കൊ അവിടന്ന്...ആ...

ദേവകി: ആ, ദേഷ്യം വരുമ്പഴയ്ക്കു കരച്ചിലൊക്കെ മാറണണ്ടലോ.

അമ്മ: നെണക്ക് ഒരുപിടി അരി അവിടെ എടുത്തുവെയ്ക്കാർന്നില്ലേ? അതു രാവിലെ കഴിച്ചതല്ലേ? അച്ഛനെ പറേമ്പോൾ മക്കൾക്കൊക്കെ ദേഷ്യം പിടിക്കണണ്ടലോ...! ഞാനെന്താ ചെയ്യാ?

ദേവകി: ഊം ഇനി ഒരുപിടി എടുത്ത്വെയ്ക്കും കൂടിയേ വേണ്ടു. എന്നിട്ടുതന്നെ അമ്മ വെള്ളല്ലേ. കുടിച്ച്?

അമ്മ: വെള്ളം മതിയേമതി. അതു മൊടങ്ങാഞ്ഞാമതിയാർന്നു.

ദേവകി: എനിക്കു വെള്ളൊന്നും പോരാ. തിന്നുകതന്നെ വേണം. അമ്മയ്ക്കും അച്ഛനും വായുഭക്ഷണം മതി.

അമ്മ: അച്ഛൻ! നെന്റെ ഒരച്ഛൻ! കുടിച്ചു കൂത്താടുണുണ്ടാവുംപ്പോ. ഒരാലോചനണ്ടോ, വീട്ടിലിങ്ങനെ കുട്ട്യോളുണ്ട്; അവറ്റയ്ക്കു വെശപ്പുണ്ട് എന്നും മറ്റും? എന്താ ചെയ്യാ, എന്റെ ഒരു തലേലെഴുത്ത്!

ദേവകി: അതൊന്നൂല്യ അച്ഛൻ കുടിച്ചിട്ടു താമസിക്കൊന്നൂല്യ. റേഷൻഷാപ്പിന്ന് അരി കിട്ടീട്ടുണ്ടാവില്യ ഇപ്പോ.

ബാലൻ: ഈ...ഈ...എനിക്കു വെശക്കുന്നു. കഞ്ഞിതരൂ. (ദേവകിയുടെ നേരെ മുഖം വീർപ്പിച്ചും കണ്ണുതുറിച്ചും നോക്കുന്നു.)

ദേവകി: (അതേപടി അങ്ങോട്ടും നോക്കിക്കളിയാക്കികൊണ്ട്) ഇപ്പറഞ്ഞതൊന്നും നെണക്കു മനസ്സിലായില്യ, അല്ലേ?

ബാലൻ: (കയ്യുയർത്തി)ഞാൻ നെന്നെ തല്ലും ഹാ.....

ദേവകി: (അനുകരിച്ചുകൊണ്ട്) ഞാൻ നെന്നെ തല്ലും ഹാ.....

(ബാലന്നു ശുണ്ഠിവന്ന് എഴുന്നേറ്റു ദേവകിയെ നുള്ളുന്നു)

ദേവകി: (മെല്ലെ പിടിച്ചു മാറ്റി) ഇതു കണ്ട്വോ അമ്മേ.

അമ്മ: അരുത്. ആയി ആയി! തിന്നാൻല്യ, കലഹോം...എന്റെ ഒരു തലേലെഴുത്ത്! (കൈ തലയ്ക്കുവെയ്ക്കുന്നു)

(നായ കുരയ്ക്കുന്നു.)

ബാലൻ: (പിടിവിട്ട് ) ആ! അച്ഛൻ വരുന്നുണ്ട്. എനിക്കു ബിസ്ക്കറ്റു കൊണ്ടുന്നിട്ടുണ്ടാവും (നോക്കി നില്ക്കുന്നു)

അച്ഛൻ: (കോലായിലേയ്ക്കു കയറുന്നു. കയ്യിൽ ഒരു കിഴി. ചുരുട്ടിപ്പിടിച്ച കുട ഒരു ഭാഗത്തുവെച്ച് ബഞ്ചിന്മേൽ ഇരിക്കുന്നു. കിഴി അമ്മയുടെനേരെ നീട്ടികൊണ്ട്) ഇന്നാ നോക്ക്....എന്റെ കയ്യിൽ പണമില്ലാഞ്ഞിട്ടല്ല... എന്റെനേരെ കെടന്നമറണ്ട. ഗവർമ്മേണ്ടാ പറഞ്ഞത്, എട്ട് ഔൺസ് അരിമതിയെന്ന്. നോക്ക് കഴുതേ. എന്റെ കയ്യിൽ പണമുണ്ട്, ധാരാളമുണ്ട്. മനസ്സിലായോ? ഞാൻ കുടിച്ചിട്ട് തുമ്പില്ലാതാക്കീട്ടല്ല. ഗവർമ്മേണ്ട്. ബഹുമാനപ്പെട്ട ഗവർമ്മേണ്ട് പറഞ്ഞു. നാട്ടുകാര് ബുദ്ധിമുട്ട്ണ്ണ്ട്, അവർക്ക് എട്ട് ഔൺസ് അരീലധികം വാങ്ങാൻ കാശ്ണ്ടാവില്ലെന്ന് – പാവങ്ങളുടെ ഗവർമ്മേണ്ട് ! കഴുതേ മനസ്സിലായോ? നീ എന്നെ ചീത്തപറേണത് ഗവർമ്മേണ്ട് കേട്ടിട്ടുണ്ടാവും. ഇതാണ് ജനകീയ ഗവർമ്മേണ്ട് എന്നുവെച്ചാല്! മനസ്സിലായോ കഴുതേ.

(കിഴി അമ്മയുടെ മുമ്പിലേയ്ക്ക് ഇട്ടുകൊടുക്കുന്നു. അത് കഴിഞ്ഞ് ഉള്ളിലുള്ള കമ്പം പുറത്തു ചിതറുന്നു.)

ദേവകി: (ഒന്നെടുത്തു കടിച്ചിട്ട്) ആവു! പല്ലു പൊട്ടി.

അമ്മ: (നോക്കി, രണ്ടു മണി കയ്യിലെടുത്തിട്ട്) ഇതാ അരി? ഇത് കമ്പല്ലേ? നല്ല അരി. അരി എങ്ങനെ ഇങ്ങനെ വീർത്ത്? ഇന്നു അരീംകുടിച്ച് വയറുവീർപ്പിച്ചോ – എന്താ ഇതോണ്ട് ചെയ്യ്വാ! എന്റീശ്വരാ, വല്ലാത്തൊരു തലേലെഴുത്ത്!

(അച്ഛനും അമ്മയും മകളും മുഖത്തോടുമുഖം നോക്കുന്നു)

അമ്മ: അപ്പോ അരി കുറഞ്ഞൂന്നല്ലേ പറഞ്ഞത്. അരി കമ്പാവ്വോ? ആരോടാ ചോദിക്കണത്? ഇത്തിരി സുബോധമുണ്ടങ്കിലല്ലേ ചോദിക്ക്വാ. (ദേവകിയോട് ) നീയിത് അടിച്ചുവാരി എവിടേങ്കിലും കൊണ്ടേ ഇട്ടേക്ക്.

അച്ഛൻ: (നോക്കിക്കൊണ്ട്) കമ്പം! ഞാൻ അരിയാവാങ്ങീത്. എട്ട് ഔൺസ്! അതെങ്ങനെയാ കമ്പാവ്വാ?

അമ്മ: നോക്കര്തേ? കുടിക്കാത്ത ആളല്ലേ? തരി ബോധമുണ്ടാവില്യ. ഷാപ്പുകാരൻ തരംനോക്കി പറ്റിച്ചു. ഇവിടെ ബാക്കിള്ളോര് കഷ്ടപ്പെടാനും. (ബാലനെ നോക്കി) സന്ധ്യാമ്പോ തൊടങ്ങീലേ കഞ്ഞി, ചോറ് എന്ന് നിലവിളിക്കാൻ!ഞാനെന്താ ചെയ്യാ...ന്നാലോ, വല്ലാത്തൊരു തലേലെഴുത്ത്!

അച്ഛൻ: (ബാലനെ നോക്കി) ഓ... ഇന്നാ മോനെ (2 ബിസ്കറ്റ് ഇട്ടുകൊടുക്കുന്നു. അങ്ങോട്ടുമിങ്ങോട്ടും

ആലോചിച്ചുനടക്കുന്നു. എന്നിട്ട് പെട്ടെന്ന് എന്തോ ഓർമ്മവന്നപോലെ "പറ്റിച്ചു" എന്നു പറഞ്ഞ് തിരിഞ്ഞു നില്ക്കുന്നു.) ഞാൻ ഇപ്പോൾ വരാം.

(പോകുന്നു)

(ഇതിലിടയ്ക്ക് ബാലൻ ബിസ്കറ്റ് എടുത്തു തിന്നുന്നു. ദേവകി കൈകാട്ടുന്നു. അവൻ ഒരു കുത്തുവെച്ചു കൊടുക്കുന്നു.)

ദേവകി: വല്ലാത്തൊരു ചെക്കൻ! (കമ്പം അടിച്ചുകൂട്ടി അകത്തേയ്ക്കു കൊണ്ടുപോകുന്നു)

(കുട്ടി ഒരു കഷണം ബിസ്കറ്റ് അമ്മയുടെ വായിൽ വെച്ചുകൊടുക്കുന്നു)

അമ്മ: ഉണ്ണിതന്നെ തിന്നോളു. അച്ഛൻ ഇപ്പൊ അരികൊണ്ടരും. എവിടെങ്കിലുംവെച്ച് കിഴി മാറീതായിരിക്കും. അല്ലെങ്കില്, പണമുണ്ട് കയ്യില്. വല്ലകരിഞ്ചന്തേന്നെങ്കിലും കൊറച്ച് കൊണ്ടരാതിരിക്കില്യ.

(ഒരു ചൂളം വിളിയോടുകൂടി ഒരു ചെറുപ്പക്കാരൻ പ്രവേശിക്കുന്നു. വയസ്സ് 25-ന്നു താഴെ.)

എന്താ അമ്മേ, പരാതി പറേണത്?

അമ്മ: (നോക്കി) കുട്ടനോ. ഒന്നും പറേണ്ട കുട്ടാ. ഇവിടത്തെ ആള് ഇന്ന് അരി കൊണ്ടന്നു. അഴിച്ചുനോക്യേപ്പോ കമ്പം. മാറിപ്പോയതായിരിക്കും. എന്താ ചെയ്യാ.

കുട്ടൻ: കഷ്ടായി. എന്താ ചെയ്യാ. എന്നിട്ട് അച്ഛൻ എങ്ങട്ടു പോയി?

അമ്മ: എങ്ങോട്ടേന്നറിഞ്ഞില്യ. ഇനി വല്ല കരിഞ്ചന്തേന്നും വല്ലതും വാങ്ങാനേരിക്കും.

കുട്ടൻ: ഓ, കഷ്ടായി. അതോ. ഇപ്പോ കരിഞ്ചന്തേല് തീപോലത്തെ വെല. അരി എട്ട് ഔൺസ് ആക്കീലേ? അതോടുകൂടി പൂത്തിവെപ്പുകാർക്ക് നല്ല തഞ്ചായി. അവര് ആളുകളെ കൊല്ലും.

അമ്മ: അപ്പോ എന്താ ഗവർമ്മേണ്ട് ഇങ്ങനെചെയ്തത്? ഈ എട്ട് ഔൺസോണ്ട് ഉണ്ടോ ജീവിക്കാൻ കഴീണു?

കുട്ടൻ: അവരുടെ ഭയം. തീരെ ഇല്യാതായാലോ എന്ന് പേടിച്ചിട്ട്. ഇവടം ബംഗാളായാലോ. പ്രതീക്ഷിച്ച അരി വന്നാൽ പത്തൌൺസുതന്നെ ആക്കും.

അമ്മ: എന്നിട്ടെന്താ. എന്താ ഈ പത്തൌൺസോണ്ടു ചെയ്യ്വാ. (ബാലനെ ചൂണ്ടിയിട്ട്) ഇതാ ഇവന് അതിലും പകുതിയല്ലേ ഉള്ളു? അതു കൊടുത്താ ഇവൻ പാത്രത്തിന്റെ മുമ്പ്ന്ന് ഇണ്ണീക്വോ?

കുട്ടൻ: അവനെങ്ങനയാ എണീറ്റുപോവാ? കുട്ട്യോൾക്കുണ്ടോ അതിന്റെ കണക്ക്. വയറുനിറയണംന്നല്ലാതെ?

അമ്മ: സാധനം ഇല്യാഞ്ഞിട്ടാണെങ്കില്, കരിഞ്ചന്തേല് എങ്ങനയാ കിട്ട്ണത്?

കുട്ടൻ: അതേ, അതാണ് അത്ഭുതം. കരിഞ്ചന്തേല് സാധനത്തിന് ഒരു ക്ഷാമോംല്യ. പണം വാരിക്കൊടുക്കണം. എന്നേള്ളു. പക്ഷേ, അതൊക്കെപ്പറേമ്പോ ഉദ്യോഗസ്ഥന്മാര് മുഷീം. ഇക്കാലത്ത് കോൺഗ്രസ്സാരും മുഷീം....എവടെ, ദേവകില്യേ ഇവിടെ?

ബാലൻ: ഉണ്ട്,ണ്ട്, ഞാൻ വിളിക്കാം. ഏടത്യേ.....

(അകത്തേയ്ക്കു പോകുന്നു.)

അമ്മ: കമ്പം എന്തെങ്കിലും ചെയ്യ്വായിരിക്കും.

കുട്ടൻ: കഷ്ടം. ഇതാരു പറ്റിച്ചു ആവോ?

ബാലൻ: (മടങ്ങിവന്നിട്ട്) ഏടത്തി എന്നെ ചീത്ത പറഞ്ഞു.

കുട്ടൻ: എന്തിന്ന്?

ബാലൻ: വിളിച്ചിട്ട്.

അമ്മ: അവളവടെ പണി എടുക്കുമ്പൊ നീ ചെന്നിട്ട് വികൃതി കാണിച്ചിട്ട്ണ്ടാവും.

ബാലൻ: ഇല്യല്യ. ഞാൻ വികൃതി കാണിച്ചിട്ടില്ല. എന്നെ വെറുതെ ദേഷ്യപ്പെട്ടതാ, ഏടത്തി.

കുട്ടൻ: ബാലൻ ഇനി പോയി വിളിക്കണ്ട. വല്യ ആളുകളാവുമ്പോൾ അവർക്കു ശുണ്ഠിപിടിക്കലും ഒക്കെണ്ടാവും.

(അമ്മ ദേവകിയെ വിളിക്കുന്നു)

ദേവകി: (വിളികേൾക്കാതെ പുറത്തേയ്ക്കു വന്നു) എന്തേ?

അമ്മ: ഒന്നൂല്യ. നെന്നെ കുട്ടൻ അന്വേഷിച്ചു. അതേ വിളിച്ചത്.

ദേവകി: (കുട്ടന്റെ നേർക്ക് "എന്താ കാര്യം." എന്ന അർത്ഥത്തിൽ നോക്കുന്നു.)

കുട്ടൻ: ഒന്നുമുണ്ടായിട്ട് അന്വേഷിച്ചതല്ല. ഒരു സാമാന്യമര്യാദയ്ക്ക് "ഇവിടേ ഇല്ലേ" എന്നു ചോദിച്ചു.

ദേവകി: ആവു, ഞാൻ വിചാരിച്ചു വല്ല കയ്പീത്തും എടുക്കാനുണ്ടെന്ന് !
കുട്ടൻ: അതേ അകത്തടച്ചിരുന്നത്? എന്താ, കമ്യൂണിസ്റ്റായിട്ടുണ്ടോ?
ദേവകി: എന്ത് ഇസ്റ്റെങ്കിലുമായ്ക്കോട്ടെ. എന്താ അന്വേഷിക്കണാൾക്കു കാര്യം? സി.ഐ.ഡി. ഒന്നുല്ലല്ലോ.
കുട്ടൻ: ആണെങ്കിൽ എന്താ ചെയ്യാ?
ദേവകി: ആണെങ്കിൽ എന്താ ചെയ്യാ എന്നു പെണ്ണുങ്ങളോടാ ചോദിക്കാ? നല്ല ആണത്തം!
(എല്ലാവരും ചിരിക്കുന്നു)
(അച്ഛനും കുറെ വയസ്സായ ഒരാളും പ്രവേശിക്കുന്നു. ദേവകി അകത്തേയ്ക്കു പോകുന്നു. ബാലൻ പിന്നാലെയായി.)
അച്ഛൻ: (കൈയിലുള്ള കിഴി തറയിലേയ്ക്കിട്ടിട്ട് ഭാര്യയോട്) നോക്കു കഴുതേ, ഞാൻ കയ്യോടെ പിടിച്ചു. കള്ളൻ! എന്റെ അരികട്ട കള്ളൻ! (വയസ്സനോട്) എടാ, അവിടെനില്ക്ക്, നിന്റെ മുതുകു ഇന്നുഞാൻ അടിച്ചുപൊളിക്കും. തന്തക്കഴുതേ! ഷാപ്പിൽനിന്നു തുടങ്ങി പറ്റിപ്പറഞ്ഞുകൂടാൻ. എപ്പോഴാടാ തന്തക്കഴുതേ, നീ ഇക്കിഴി രണ്ടും മാറ്റിയത്? നീ പറയില്ലേ? നിന്റെ ചെകുത്താനെക്കൊണ്ടു പറയിക്കും. എട കള്ള! (കുട്ടനെ നോക്കിയിട്ട്) ആരാ, അത്, കുട്ടനോ? ആ കേൾക്കണോ നെണക്ക്?
കുട്ടൻ: എന്താ ഇത് കഥ?
അച്ഛൻ: കഥയോ! ഞാനും ഈ തന്തക്കഴുതേംകൂടി ഇന്നു ഷാപ്പിൽക്കയറി. എന്റെ കയ്യിലുണ്ടൊരു കിഴി. അവന്റെ കയ്യിലൂണ്ട്. രണ്ടാളും കുടിച്ചു. ഞാനും കുടിച്ചു രണ്ടുകുപ്പി. ഈ പീപ്പമാടനും കുടിച്ചു രണ്ടു കുപ്പി. ഹ, അതല്ലടൊ, ഈ പീപ്പത്തടിയൻ കുടിച്ചകാശും അവൻ കിടന്നു പരുങ്ങുമ്പൊ ഞാൻ കൊടുത്തു. എന്താ കുട്ടാ, ഞാൻ കൊടുത്തു.
കുട്ടൻ: ഈ തന്ത കുടിക്കുംകൂടിചെയ്തിട്ട് ഇങ്ങനെ നടക്ക്ണണ്ടലൊ.
അച്ഛൻ: കഴുതമാടൻ! അവൻ ഓടും. ഇതൊക്കെ ചെയ്തിട്ടും, എന്റെ അരിക്കിഴി ഓൻ കട്ടു. പകരം ഈ കഴുതടെ കമ്പക്കിഴിഞാൻ ഏറ്റി. എന്തടാ തന്തക്കഴുതേ, നീ നിന്റെ കമ്പം എന്നെക്കൊണ്ട് ഏറ്റിച്ചു, ഇല്ലേടാ? (അടിക്കാൻ ചെല്ലുന്നു)
അമ്മ: ഇപ്പൊ ഏറ്റിച്ചേനായോ കുറ്റം?
തന്ത: (മാറിനിന്ന്) അയ്യോ തമ്പ്രാനേ, അടിയൻ പറഞ്ഞില്ലേ അടിയന്റെ ചെക്കന് അരിശ്ശസ്സാണെന്ന്. അരിശസ്സുള്ള ചെക്കന് കമ്പം കൊടുക്കാൻ വയ്ക്കോ. ‘വേലപ്പേ, അരിശ്ശസ്സുള്ള ചെക്കനു കമ്പം കൊടുക്കല്ലേ’ന്നു തമ്പുരാനല്ലേ അടിയനോടു പറഞ്ഞത്? ഇതൊന്നു കേക്കണം തമ്പ്രാട്ട്യേ. അടിയന്റെ ചെക്കന് അരിശസ്സാണ്. അരിശസ്സുള്ള ചെക്കനു കമ്പം കൊടുക്കാൻ വയ്ക്കോ. ചെക്കൻ ഒരു കൊള്ളിക്കോലുപോലെ ആയിര്ക്കണ്.
അച്ഛൻ: ചാവട്ടെടാ. എന്നാപിന്നെ നെണക്കു കക്കണോ? കള്ളു വല്ലോരും വാങ്ങിത്തരില്ലേ? പള്ളേം വീർപ്പിച്ചു നടന്നുടെ. ചാവട്ടെടാ.
തന്ത: അയ്യോ, തമ്പ്രാനേ, അടിയന്റെ ചെക്കന് അരിശസ്സാണ്. അടിയൻ പറഞ്ഞിട്ടേ എടുത്ത്. അല്ലെങ്കി ഈ വല്യതമ്പ്രാനെക്കൊണ്ട് അടിയൻ കമ്പം ഏറ്റിയ്ക്കോ. എന്താങ്ങനെ പറഞ്ഞാല്!
അച്ഛൻ: (അടുത്തേയ്ക്കു നീങ്ങി) എന്തെടാ തന്തക്കഴുതേ,ഞാൻ പറഞ്ഞു അല്ലെ. നെന്റെ ചെക്കന് അരി കൊടുത്ത് അരിശസ്സു മാറ്റിക്കൊ. നെന്റെ കമ്പം ങ്ങുടുതന്നേക്ക്. ഞാൻ എന്റെ കുട്ട്യോൾക്ക് അരിശസ്സു പിടിപ്പിച്ച് അവറ്റെ കൊല്ലട്ടേന്ന്ഞാൻ പറഞ്ഞു അല്ലേ? (അടിക്കാൻ ഓങ്ങുന്നു. അമ്മ വന്നു കൈ പിടിക്കുന്നു)
അമ്മ: നിങ്ങള് അതും പറയും. അതിലപ്പുറോം പറയും. നിങ്ങളതാ ജാതി. ഈ കണ്ടവരുടെകൂടെ കൂടി കുടിക്കാൻ പോണ്ടലോ. ഈശ്വരാ എന്റെ ഒരു തലേലെഴുത്ത് !
അച്ഛൻ: (ബഞ്ചിന്മേൽ വന്നിരുന്ന്) നെന്നെഞാൻ പോലീസിലേല്പിക്കും. തന്തക്കഴുതേ. നീയാ കൂട്ടിൽക്കെടന്ന് അവര്ടെ ഇടിയുംകൊണ്ട് ഒന്നു പാകപ്പെട്. ഇനി തോന്നരുത് നെനക്ക് നൊണപറയാൻ. നൊണപറയേ്?
അമ്മ: ഇപ്പോ പോയിപ്പോയി നൊണ പറഞ്ഞൂന്നായി കുറ്റം!
(ദേവകി വേവിച്ച കമ്പവും കൊണ്ട് പ്രവേശിക്കുന്നു. വഴിയെ ഇലക്കഷങ്ങളുമായി ബാലനും. ഇല വെയ്ക്കുന്നു. വിളമ്പുന്നു. തന്തയ്ക്കും വിളമ്പിക്കൊടുക്കുന്നു.)
തന്ത: നന്നായി കൊച്ചുതമ്പ്രാട്ട്യേ. അടിയനു വെശന്ന് വെശന്ന് ചാവേര്ന്ന്. (തിന്നുന്നു)

(ബാലൻ അച്ഛന്റെ അടുത്തിരിക്കുന്നു. എല്ലാവരും കമ്പം തിന്നുന്നു. ദേവകി ഗ്ലാസിൽ എല്ലാവർക്കും വെള്ളം കൊണ്ടുവന്നു കൊടുക്കുന്നു.)

അച്ഛൻ: തിന്നോ തന്തക്കഴുതേ. നാളെ നെനക്ക് കമ്പം തിന്നണ്ടിവരില്ല. ജെയിലില് ഇപ്പൊ സുഖമാണ്. അവടെ അരിതന്നെ കിട്ടും. ഇപ്പോത്തിന്നോ.

ദേവകി: ഇപ്പൊ റേഷൻ നിയമം ലംഘിക്കാത്തോർ ജെയിലിന്റെ അകത്ത്ന്നേണ്ടാവുള്ളു. എന്താ വേലപ്പേ, നീയെന്തിനാ ജയിലിൽപ്പോണ് ?...

കുട്ടൻ: (പതുക്കെ) കാറ്റുകൊള്ളാനേയ്. പാവം! ഈ ഭൂകമ്പൊന്നും അറിഞ്ഞിട്ടില്ല. (ദേവകി കുട്ടനെ എടംകണ്ണിട്ടു നോക്കുന്നു.)

തന്ത: ഇതോക്കു തമ്പ്രാട്ട്യേ. അടിയന്റെ ചെക്കന് അരിശസ്സാ. എന്നിട്ട് ഇന്നലെ ആകാരം കഴിച്ചതാ തമ്പ്രാട്ട്യേ... (കണ്ണൊപ്പുന്നു)

ദേവകി: പാവം അതിനേ നീയ് അരി എടുത്തേ്?

തന്ത: അല്ലാതെ തമ്പ്രാട്ട്യേ അടിയൻ ചെയ്യോ.

അച്ഛൻ: മിണ്ടാതെ ഇരുന്ന് തിന്നോടാ – നിയ്യതൊക്കെ പോലീസാരോട് പറഞ്ഞോ...

തന്ത: എന്റെ കുട്ടി. (കരയുന്നു)

(ദേവകി വിഷമിച്ചിരിക്കുന്നു)

അമ്മ: ഓനെ പോലീസാരേം മറ്റും ഏല്പിക്കണ്ട. പൊയ്ക്കോട്ടെ അവന്റെ പാട്ടിന്ന്. ആ ചെക്കനോമറ്റോ ചത്തുപോയാൽ പാപ്ണ്ട് അവരവരടെ കുട്ട്യോൾക്കാ ആ ശാപം തട്ട്ാ.

അച്ഛൻ: (തിരിഞ്ഞ് അമ്മയോട്) നീയെന്നെ ധർമ്മം പടിപ്പിക്ക്ാ. കഴുതേ, പെണ്ണുങ്ങളാ ആണുങ്ങളെ പാപോം പുണ്യോം പഠിപ്പിക്കാൻ. അതു സമ്മതിക്കില്യ. കഴുതേ. മനസ്സിലായോ. അതു സമ്മതിക്കില്ല.

തന്ത: (തിന്നെണീറ്റ്) ഓ ചോരങ്ങനെ പോവുമ്പൊ എങ്ങനെയാത്തിരി വെള്ളം വേവിച്ചുകൊടുക്ക്ാ എന്റെ ഭഗവാനേ!

അച്ഛൻ: (എഴുന്നേറ്റ് കൈ കഴുകിക്കൊണ്ട്) എടാ, തന്തക്കഴുതേ, എടുക്ക് ആ കിഴി. ഇനി നീയ് നൊണപറയരുത്. ഓട്. നെന്റെ ചെക്കൻ ചാവണേന്റെ മുമ്പെ അങ്ങോട്ടെത്തിക്കൊ. ഓട്. അതിനെ ചാവാൻ സമ്മതിക്കണ്ട. നെന്റെ കാലം കഴിഞ്ഞാൽ ഒരാനക്കള്ളൻ വേണ്ടെ. എന്റെ അരി തീറ്റിച്ച് ആ ആനക്കള്ളനെ വളർത്തിക്കൊ. ഓട്.

കുട്ടൻ: വല്ലാത്തൊരു ദയ.

(തന്ത കിഴി എടുക്കാൻ പരുങ്ങി നിൽക്കുന്നു. ദേവകി കിഴി എടുത്തു തന്തയ്ക്കു കൊടുക്കുന്നു. തന്ത വാങ്ങാൻ ധൈര്യപ്പെടാതെ നിൽക്കുന്നു.)

അച്ഛൻ: ഓടെടാ ആ കിഴീംകൊണ്ട്...

തന്ത: (കിഴി വാങ്ങി അമ്മയോട്) തമ്പ്രാട്ട്യേ അടിയൻങ്ങട്ട് വെടകൊള്ളട്ടെ (പോകുന്നു)

അമ്മ: അപ്പഴയ്ക്ക് ഒട്ട് അത്രേം വേണ്ടീര്ന്നില്യ. ഒന്നൂകിൽ കളരിടെ പുറത്ത് അല്ലെങ്കിൽ പണിക്കരുടെ നെഞ്ഞത്ത്!

അച്ഛൻ: (അമ്മയോട്) എടീ ആണുങ്ങളുടെ ദയ അങ്ങിനെയാണെടീ. നോക്ക് നീയെന്നെ ധർമ്മം പഠിപ്പിക്കണ്ട കെട്ടൊ കഴുതേ. മനസ്സിലായോ, നീയെന്നെ പഠിപ്പിക്കണ്ട.

അമ്മ: ആര് ആരെ പഠിപ്പിച്ചാലും എല്ലാര്ടെ മക്കളും ഒരു പോലെത്തന്നെയാ. ദണ്ണാണെന്നും തിന്നാൻല്യാന്നും കേൾക്കാൻ വയ്യ.

കുട്ടൻ: (ദേവകിയുടെ സമീപം വന്ന്) അരിക്കിഴിയും കൊണ്ട് തന്തപോയി; അച്ഛനമ്മയുംകൂടി കലഹം.

ദേവകി: ചാതിക്കാരൻ പിടിയ്ക്കാൻ മകനുണ്ടല്ലോ അടുത്ത്!

കുട്ടൻ: അപ്പൊ ഞാൻ മകനായോ?

ദേവകി: ആവോ?

(ഇരുപേരും പിഞ്ചിരിയോടെ പരസ്പരം നോക്കുന്നു.)

(കർട്ടൻ)

# 2

# പൊടിപൊടിച്ച സംബന്ധം

**കഥാപാത്രങ്ങൾ**

| | |
|---|---|
| **കൃഷ്ണമേനോൻ** | **ചെറുപ്പക്കാരനും, അപഥസഞ്ചാരിയുമായ ഒരു ബിസിനസ്സുകാരൻ.** |
| **നമ്പ്യാർ** | **കൃഷ്ണമേനോന്റെ കാര്യസ്ഥൻ, വയസ്സ് 40.** |
| **ശങ്കരപ്പിള്ള** | **കാർ ഡ്രൈവർ.** |
| **കൃഷ്ണൻ** | **കൃഷ്ണമേനോന്റെ വീട്ടുജോലിക്കാരൻ.** |
| **അമ്മ** | **കൃഷ്ണമേനോന്റെ അമ്മ, വയസ്സ് 50.** |
| **സുശീല** | **സുന്ദരി. മേനോന്റെ അപഥസഞ്ചാരങ്ങളിലൊന്നിലെ നായിക.** |
| **തള്ള** | **സുശീലയുടെ അമ്മ.** |
| **രാമനാഥൻ,** | |
| **മജിസ് ട്രേട്ട്,** | |
| **ഇൻസ്പെക്ടർ** | **കൃഷ്ണമേനോന്റെ സ്നേഹിതർ.** |

ഒരു വലിയ ബംഗ്ലാവിന്റെ പൂമുഖം. വലിയ കണ്ണാടികൾ, ചിത്രങ്ങൾ, മാൻകൊമ്പ് മുതലായ ആഡംബരങ്ങൾ. പലതരം കസാലകൾ, വട്ടമേശ മുതലായ സാമഗ്രികൾ. ഉച്ചതിരിഞ്ഞ് സുമാറ് 3 മണി. ചെറുപ്പക്കാരനായ കൃഷ്ണമേനോൻ ഓഫീസിൽ പോകാനുള്ള വേഷത്തിൽ ഒരു സിഗരറ്റും വലിച്ച് വിചാരമഗ്നനായി ഒരു കസാലയിൽ ഇരിക്കുന്നു.

കൃഷ്ണമേനോൻ: നമ്പ്യാർ, ഹേ നമ്പ്യാർ.

നമ്പ്യാർ: (പ്രവേശിക്കുന്നു. വയസ്സ് 40) എന്തേ ആവോ?

കൃഷ്ണമേനോൻ: (നമ്പ്യാരുടെ മുഖത്ത് ഉറപ്പിച്ചുനോക്കിക്കൊണ്ട്) അതൊക്കെ തീർച്ചപ്പെടുത്തിക്കഴിഞ്ഞു

നമ്പ്യാർ: എങ്ങനെ ആവോ?

കൃഷ്ണമേനോൻ: അവരെ പറഞ്ഞയക്കണം; പോട്ടെ ആ തള്ളയും മോളും.

നമ്പ്യാർ: എങ്ങോട്ട്?

കൃഷ്ണമേനോൻ: എങ്ങോട്ടായാലും വേണ്ടില്ല. ഈ ദിക്കീന്ന് പോണം.

നമ്പ്യാർ: (സംശയിച്ചുകൊണ്ട്) കുറെ പണോം കൊടുത്ത്... നല്ലവാക്കും പറഞ്ഞ്... പക്ഷേ കൂട്ടാക്ക്വോ?

കൃഷ്ണമേനോൻ: ഛെ, ഛെ...പണോം നല്ലവാക്കും! അതൊന്നും പറ്റില്ല... പിന്നീം പററിക്കൂടും ഓടിക്കണം... ഓടിക്കണം. കുറച്ചില്.

നമ്പ്യാർ: കഷ്ടാവും... വയറും വലിച്ചോണ്ട്...

കൃഷ്ണമേനോൻ: എന്ത് കഷ്ടമാടോ? താൻ എന്റെ കഷ്ടമൊന്നു ആലോചിക്ക്. എന്റെ സ്ഥിതിക്ക്?... എനിക്കതൊക്കെ അങ്ങട്ട് വലിച്ചെറിയാൻ വയ്ക്ക്വോ? തരക്കേടില്ല,ഞാനും ഒരു തൊഴിലാളി ആണെങ്കില്... പക്ഷെ, ഇത്... ഈ സ്ഥിതിയും നെലയും ഒക്കെ?

നമ്പ്യാർ: അതു ശരിയാണ്. കുറച്ച് കുഴപ്പമുണ്ട്.

കൃഷ്ണമേനോൻ: കുറച്ചോ?

നമ്പ്യാർ: അല്ല, നല്ല കുഴപ്പമാണ്.

കൃഷ്ണമേനോൻ: ഞാൻ രാത്രി ഉറങ്ങീട്ടില്ല. ആലോചിച്ചു തീർച്ചപ്പെടുത്തി.

നമ്പ്യാർ: ഇന്നലെ പണിക്ക്വരണ്ട എന്ന് ഹെഡ് ക്ലാർക്ക് പറഞ്ഞതോണ്ടു തന്നെ...

കൃഷ്ണമേനോൻ: എന്തേ?
നമ്പ്യാർ: അല്ല, പരുങ്ങലായിരിക്കുന്നു. പാവം...
കൃഷ്ണമേനോൻ: ഒരു പാപോം ഇല്ലെടോ. പണി എടുപ്പിച്ചതിന്നു കൂലീം കൊടുത്തിട്ടില്ലെ... എല്ലാ പണിക്കും പിടുപ്പത് കൊടുത്തിരിക്കുന്നു.
നമ്പ്യാർ: എറക്കി അയച്ചാൽ ആളുകള് പറയും. ശ്ശീ എല്ലാവർക്കും ഇപ്പൊ അറിയാം.
കൃഷ്ണമേനോൻ: എന്തറിയാം?
നമ്പ്യാർ: അല്ല, ഇവിട്ന്നാണ്, പിന്നെ, ആ ഗർഭത്തിന്റെ ഉടമസ്ഥൻ എന്ന് സംസാരണ്ട്.
കൃഷ്ണമേനോൻ: (നെറ്റിചുളിച്ച്) ആരെ പറഞ്ഞ്?
നമ്പ്യാർ: അതൊക്കെ യോഗ്യന്മാരും പറേണ്ണ്ട് എന്നുവെക്കാ. ആ രാമനാഥനും മജിസ്റേട്ടുംകൂടി ഇന്നാള്...
കൃഷ്ണമേനോൻ: ഛെ മജിസ്റേട്ടൊന്നും നമുക്കു എതിര് നിൽക്കില്ല. പിന്നെ, രാമനാഥൻ. ഫൂ! അവന്റെ ശീലം നന്നാക്കട്ടെ ആദ്യം. അവൻ എത്രാമത്തെയാ.....
നമ്പ്യാർ: പക്ഷെ, ആളുകള് അപ്പപ്പോ ഉള്ളതേ നോക്കിക്കാണൂ.
കൃഷ്ണമേനോൻ: അത് ശരിയാണ്, അതാണ്ഞാനും ആലോചിച്ചത് എല്ലാം കഴിഞ്ഞു. ആളുകൾ അപ്പോൾ ഒന്നു ലഹളകൂട്ടും. ആ ശ്രദ്ധ വേറെ ഒന്നിലേക്കു തിരിച്ചുവിട്ടാൽ പിന്നെ അതിമ്മലായി.
നമ്പ്യാർ: അതു ശരിയാണ്.
കൃഷ്ണമേനോൻ: അതാണ്, ഇവറ്റെ ഇന്നുതന്നെ തുരത്തുക. രണ്ടുദിവസം ആളുകൾ ചിലയ്ക്കും. രണ്ടുദിവസം കഴിഞ്ഞാൽ നമ്മളുടെ മില്ലിന്റെ ജൂബിലി ആഘോഷമായി അതൊന്നു പൊടി പൊടിക്കും. അപ്പൊ ആളുകൾക്ക് അതാവും വിഷയം.
നമ്പ്യാർ: പക്ഷെ എങ്ങിനെ തുരത്തും? പണ്ടത്തെപ്പോലെ ചട്ടീം കലോം എടുത്തു പൊറത്തിടാൻ വയ്യലോ? കോടതീൽ പോയിട്ടാണെങ്കില് രണ്ട് മാസത്തിന്നു നേരാവില്ല.
കൃഷ്ണമേനോൻ: ഹും. രണ്ടുകൊല്ലത്തിന്നു ആയോ?
നമ്പ്യാർ: പിന്നെ എങ്ങിനെ? അവറ്റയ്ക്ക് കുറെ പണം കൊടുക്കാ. എടയ്ക്കെടക്ക് സ്വകാര്യമായി വല്ലതും കൊടുത്തയക്കാ. എന്തായാലും അവരവരടെ അല്ലെ?
കൃഷ്ണമേനോൻ: (എഴുന്നേറ്റ്) ഛെ, ഛെ, താനെന്തെടോ പറേണത് ! പിന്നെ ഇത് കഴുത്തീന്ന് പോവ്വോ? എത്രകാലം വരെ കൊടുക്കും? ഇങ്ങിനെ എത്ര എണ്ണത്തിന്നു കൊടുക്കും. അവറ്റെ ആ പെരേന്ന് എറക്കിയാൽ ആ വന്ന നാട്ടിൽപുറത്തേക്കുതന്നെ പൊയ്ക്കോളും. ഒരു കുഴപ്പവുമില്ല. കാശ്കാണും കയ്യില്. അത് തീരുമ്പോഴേക്കു അവൾക്കു വേറെ ആളെ വല ഇട്ടൂടെ!
നമ്പ്യാർ: പക്ഷെ...
കൃഷ്ണമേനോൻ: ഒരു പക്ഷെയുമില്ല. താൻ പോയിട്ട് അവറ്റെ പറഞ്ഞയക്കു.
നമ്പ്യാർ: എങ്ങനെ? അവറ്റ എറങ്ങില്ല.
കൃഷ്ണമേനോൻ: അതിനാണ് തന്റെ സാമർത്ഥ്യം വേണ്ടത്. ഒരു കാര്യം ചെയ്യാം. താൻ അവരെ എന്തെങ്കിലും പറഞ്ഞു എറക്കു. എറങ്ങ്യാൽ ഒരു മണിക്കൂറിന്നുള്ളിൽ പെര പൊളിച്ചിടും. അതിനുഞാൻ ആളെ ഏർപ്പാടുചെയ്യാം. ഇവറ്റ മടങ്ങിച്ചെല്ലുമ്പോൾ പെര ഉണ്ടാവില്ല. പിന്നെ എന്താ ചെയ്യാ. നേരെ അങ്ങ് പൊയ്ക്കോളും. അവറ്റിന്റെ നാട്ടിലേക്കു തന്നെ.
നമ്പ്യാർ: പക്ഷെ, എന്തുപറഞ്ഞാ പൊറത്തു എറക്കണ്ടത്?
കൃഷ്ണമേനോൻ: എന്തെങ്കിലും പറഞ്ഞോടോ. തള്ളയും മോളും കൂടിച്ചെന്ന് ഹെഡ്ക്ലാർക്കിനെ കണ്ടാൽ പണി കിട്ടുമെന്നോ, എന്തെങ്കിലും. ആയാളില്ലേ ആ ഹെഡ്ക്ലാർക്ക്, ആളെന്തു മിടുക്കനാണെന്നോ!
നമ്പ്യാർ: ആളുകൾ! അവരുടെ നാവിനു വിലങ്ങില്ല. എനിക്ക് അതാണ് പിന്നേയും...
കൃഷ്ണമേനോൻ: എടോ, തന്റെ ആളുകള്! പട്ടികള്! ഫൂ! പോവാൻ പറ. പിന്നെ കുറച്ച് ഭേദപ്പെട്ടവർ. എന്ത് ഭേദപ്പെട്ടവർ.ഞാൻ തന്നെ ഭേദം. എന്തായാലും അവറ്റയ്ക്കൊരു പാർട്ടി കൊടുത്തേക്കാം. എടോ അഞ്ചുമണിക്ക് ഒരു പാർട്ടി ഒരുക്കിക്കള. രാമനാഥൻ, മജിസ്ട്രേട്ട്, ഇൻസ്പെക്റ്റർ, ഡോക്ടർ, നമ്മുടെ വക്കീല് എല്ലാരെയും ഇങ്ങ് വരുത്തിയേക്കാം. മില്ലിലെ ഹെഡ്ക്ലാർക്കും ഇരുന്നോട്ടെ. പോരെ?
നമ്പ്യാർ: ഹോ, ഹോ, മതി മതി.
കൃഷ്ണമേനോൻ: ഇന്നു ഒരു തീറ്റയും തിന്ന് നാളെ അവറ്റ കുറ്റം പറയാൻ നില്ക്കില്ല. കത്തയക്കാൻ ഞാൻ

ഹെഡ്ക്ലർക്കിനോട് പറയാം.

നമ്പ്യാർ: (എന്തോ പറയാൻ ഭാവിച്ച് പരുങ്ങുന്നു.)

കൃഷ്ണമേനോൻ: എന്തെടോ പറ. എനിക്ക് വൈകി. ഓഫീസിൽ പോണം. പാർട്ടിക്ക് ഒക്കെ താൻ ഒരുക്കണം. വേഗം വേണം.

നമ്പ്യാർ: അതല്ല. ഇവരൊക്കെ വന്നാൽ വീട്ടിന്റെ എല്ലാ മുക്കിലും മൂലയിലും എത്തും. ഇന്നലെ വാങ്ങിയ സാരിയും ബ്ലൗസും മറ്റും ഒക്കെ ഇല്ല്യേ, ആ കമുദത്തിന്നു വാങ്ങീത്. ഇന്നലെ കൊടുക്കാൻ ഒത്തില്ലല്ലോ. അതൊക്കൊ എവിടെയാണ് വെച്ചത്. ഒന്നു സൂക്ഷിക്കാ നല്ലത്.

കൃഷ്ണമേനോൻ: മിടുക്കൻ! അത് ശരിയാ. ആ കള്ളന്മാര് എല്ലാ ദിക്കും തപ്പും. ഇന്നലെ അതെടുക്കുമ്പോൾത്തന്നെ ആ ശനിയൻ രാമനാഥൻ എത്തിക്കൂടി തിരിച്ചും മറിച്ചും നോക്കിയിരിക്കുന്നു. അതാര് ചുറ്റിനടക്കുന്നു എന്നു നോക്കാനേയ്. മഹാ എരപ്പൻ. അത് ആ ബെഡ്റൂമിലുണ്ട്. താനത് എടുത്തുവെച്ചേക്കണം. ഭദ്രം.

(പോകാൻ ശ്രമിക്കുന്നു.)

നമ്പ്യാർ: (തലചൊറിഞ്ഞ്) അപ്പോ, രണ്ടു മണിക്കൂറുണ്ട്. അവറ്റെ പിടിച്ചെറക്കണം. പാർട്ടിക്കും ഏർപ്പാടാക്കണം.

കൃഷ്ണമേനോൻ: ആ, വേണം.

നമ്പ്യാർ: കാറ് കൊണ്ടുപോയാലോ എന്നാ.

കൃഷ്ണമേനോൻ: കൊണ്ടുപോയ്ക്കൊടോ. താൻ എല്ലാം ശരിയാക്കണം. ഒന്നും കശപിശയാവരുത്.

നമ്പ്യാർ: അതൊക്കെ ഞാൻ ഏറ്റില്ലേ?

(കൃഷ്ണമേനോൻ പോകുന്നു)

നമ്പ്യാർ: (കുറച്ചിട ആലോചിച്ച്) ശങ്കരപ്പിള്ളേ!

(ശങ്കരപ്പിള്ള പ്രവേശിച്ച്): എന്തെടോ നിന്നു കൂവുന്നത്?

നമ്പ്യാർ: എടോ കാറ് കൊണ്ടരാൻ. യജമാനനാ പറഞ്ഞത്.

ശങ്കരപ്പിള്ള: എടോ, കൂവേ, കാറിന്നേയ് ബാറ്ററി പീസായിരിക്കുന്നു. താനും തന്റെ യജമാനനും. എടോ പുഴുത്തു ചാവുമെടോ താൻ. പുഴുത്തു ചാവും.

നമ്പ്യാർ: അതെടോ. പുഴുത്ത് പട്ടി പട്ടിപോലെ. തന്റെ യജമാനനോ പുഴുത്തു പട്ടി പട്ടിപോലെ! എന്നിട്ട് കെടന്ന് ചാവൂല്യ.

ശങ്കരപ്പിള്ള: അല്ല, ആലോചിക്കണം എന്ത് തങ്കം തങ്കം പോലത്തെ കുട്ടി. അതിനെ എത്രതവണ ഈ കാറിൽ കേറ്റി ഈ മൊശകോടനു കൊണ്ടുവന്നു കൊടുത്തു!

നമ്പ്യാർ: ഹും. വഴിക്കന്ന് ഒന്ന് അനുഭവിക്കാതെ!

ശങ്കരപ്പിള്ള: ഫ! കഴുതേ അനുഭവിക്കണമെങ്കിൽ വഴിക്കുവെച്ച് വേണമോടാ!

നമ്പ്യാർ: അത് ശരി. വേണ്ട വേണ്ട എന്നിട്ട്!

ശങ്കരപ്പിള്ള: എന്നിട്ടിപ്പോൾ, പിടിച്ചു പുരയിൽ നിന്ന് പുറത്താക്കാൻ താൻ എഴുന്നള്ളുകയാ. അതിന്നും ഞാൻ കാറോടിക്കണം, അല്ലെ? മനസ്സില്ല. പോയി പറയണം.

നമ്പ്യാർ: ശങ്കരപ്പിള്ളേ!

ശങ്കരപ്പിള്ള: എന്ത് ചങ്കരപ്പിള്ള? മനസ്സില്ലാ എന്ന് പോയി പറയണം. ഇതങ്ങ് പോയാൽ എരക്കുകയും മറ്റും വേണ്ട ശങ്കരന്ന്.

(ഒരു സ്റ്റൂളിന്മേലിരിക്കുന്നു.)

നമ്പ്യാർ: (ശങ്കരപ്പിള്ളയെ നോക്കി തല കുലുക്കിക്കൊണ്ട്) താനൊരാണാണെടോ. എന്നാൽ ഞാൻ പറയാം. താൻ ഒരാണിനെപ്പോലെ പെരുമാറ്വോ?

ശങ്കരപ്പിള്ള: (നമ്പ്യാരെ നോക്കി സവിശ്വാസം) നോക്കണം. പെരുമാറുമോന്നോക്കണം. ഈ ചെറ്റച്ചോറ് വലിച്ചെറിയാൻ പറയണം. എനിക്കു ചേട്ടനെ അറിയാം. പറയണം. എന്നിട്ട് നമുക്ക് രണ്ടാൾക്കുംകൂടി എറങ്ങാം.

നമ്പ്യാർ: ഛെ. ഛെ. താൻ ആലോചിക്കെടോ. ഈയാളുടെ ചോറുതന്നെ തിന്നണം. എന്നിട്ട് ഈയാളെ നന്നാക്കണം. അതിന് തനിക്ക് കഴിയ്യോ?

ശങ്കരപ്പിള്ള: എങ്ങനെ? എങ്ങനെ? പറയണം.
നമ്പ്യാർ: എങ്ങിനെ? കൊറച്ച് ബുദ്ധി വേണം.
ശങ്കരപ്പിള്ള: ബുദ്ധി ഒന്നും എനിക്കില്ല. ബുദ്ധി ഉണ്ടെങ്കിൽ, ഞാനല്ലെ യജമാനൻ? ആ പട്ടി എന്റെ ഡ്രൈവറും?
നമ്പ്യാർ: അത് ശരിയാ.
ശങ്കരപ്പിള്ള: എന്നാൽ ചേട്ടൻ പറയണം.
നമ്പ്യാർ: താൻ ഇപ്പോത്തന്നെ കാറും കൊണ്ട് പോണം.
ശങ്കരപ്പിള്ള: പോയി. എന്നിട്ട്?
നമ്പ്യാർ: ആ പെണ്ണിനെ-തന്റെ തള്ളയെ അല്ല, മോളെ, അസ്സലായി ഉടുത്തൊരുങ്ങിക്കണം. സാരിയും ബ്ലൗസും ഞാൻ ഇപ്പോത്തരും.
ശങ്കരപ്പിള്ള: അയ്യോ ഇവന് സാരി ഉടുപ്പിക്കാനറിയില്ലല്ലോ!
നമ്പ്യാർ: ഫ! അല്ലെങ്കിൽ താനാ ഉടുപ്പിക്കാൻ. അതവൾക്കറിയാം. അതൊക്കെ ഉടുത്തൊരുങ്ങാൻ പറയണം.
ശങ്കരപ്പിള്ള: പറഞ്ഞു പിന്നെ?
നമ്പ്യാർ: കണ്ടാൽ നല്ല 'ചൊകചൊകേ'ന്നിരിക്കണം.
ശങ്കരപ്പിള്ള: ആർക്ക് കണ്ടാൽ! ചേട്ടന്നോ?
നമ്പ്യാർ: അല്ല പിന്നെ തനിക്കേയ് ! എടോ എനിക്കും തനിക്കുമല്ല, തന്റെ......മറ്റവന്ന്.
ശങ്കരപ്പിള്ള: യജമാനനോ? പൂ! ആയാൾക്ക് ഏത് കിറാച്ചിപ്പട്ടിയെ കണ്ടാലും 'ചൊകചൊകാന്നു' തന്നെ.
നമ്പ്യാർ: ഇന്ന് വേറെ ആളുണ്ടാവും. കാണാൻ ജോറായിരിക്കണം. മനസ്സിലായോ?
ശങ്കരപ്പിള്ള: ജോറായി. എന്നിട്ട്?
നമ്പ്യാർ: ആ തള്ളേനീം ഒന്ന് നന്നാക്കണം. ആ അശ്രീകരത്തിനെ കണ്ടാ തോന്നണം ഒരസ്സല് തറവാട്ടിലമ്മയാണെന്ന്.
ശങ്കരപ്പിള്ള: തോന്നി. ശങ്കരൻ ഏറ്റു. പിന്നെ?
നമ്പ്യാർ: രണ്ടാളേം പടിപ്പിക്കണം, കൂലിക്കാരത്തികളെപ്പോലെ ഒന്നും പെരുമാറരുത് എന്ന്.
ശങ്കരപ്പിള്ള: പിന്നെ എങ്ങനെ വേണമെന്ന് പറയൂ ചേട്ടാ.
നമ്പ്യാർ: അത് പറേണടോ? നല്ല ആസ്തി ഉള്ള വീട്ടിലെ അന്തസ്സുള്ള പെണ്ണുങ്ങളെപ്പോലെ.
ശങ്കരപ്പിള്ള: ഏറ്റു. പടിപ്പിച്ചുകൊള്ളാം. പിന്നെ?
നമ്പ്യാർ: പിന്നെ കൃത്യം 4-45ന്ന് അവരെ കാറിൽ കേറ്റി ഇവിടെ കൊണ്ടുവന്നു എറക്കണം.
ശങ്കരപ്പിള്ള: പിന്നെ?
നമ്പ്യാർ: പിന്നെ ഒക്കെ ഞാനേറ്റു.
ശങ്കരപ്പിള്ള: തല്ലിപ്പൊറത്താക്കാനൊ? മടങ്ങിച്ചെല്ലുമ്പോൾ പെരെയും ഇല്യാതെ?
നമ്പ്യാർ: (മയത്തിൽ പുറത്തുതട്ടി) അതിന്നു നമ്മള് വേണോ ഇഷ്ടാ. നമ്മള്? തനിക്കു നമ്പ്യാരെ വിശ്വാസണ്ടോ?
ശങ്കരപ്പിള്ള: (മുഖത്ത് ഉറപ്പിച്ചു നോക്കി) ഒണ്ട്.
നമ്പ്യാർ: എന്നാ പറഞ്ഞത് ചെയ്യൂ.
ശങ്കരപ്പിള്ള: ശരി, വിശ്വാസവും വിശ്വാസക്കേടും എല്ലാം ശരി. പറഞ്ഞപണി ശങ്കരൻ ചെയ്യും. അസലില്ലാതെ കാണിച്ചാൽ, പിന്നത്തെ പണിയും ശങ്കരൻ ചെയ്യുമേ.
നമ്പ്യാർ: എനിക്കറിയാടോ തന്നെ. താൻ പുറപ്പെട്ടാട്ടെ.
ശങ്കരപ്പിള്ള: ആൾറൈറ്റ്. എന്റെ ഭാഗം ഞാൻ നോക്കിക്കൊള്ളാം. ഉദ്യോഗം പോയാൽ പുല്ലുപോയി.
നമ്പ്യാർ: താൻ കൃത്യം 4-45ന്നു വരണം. അതുമതി.
ശങ്കരപ്പിള്ള: (സോത്സാഹം) ആൾറൈറ്റ്. (പോകാൻ ഭാവിക്കുന്നു)
നമ്പ്യാർ: വരട്ടെടോ. അപ്പഴയ്ക്ക് ധൃതി ആയോ.
(അകത്തേയ്ക്കു പോകുന്നു)
ശങ്കരപ്പിള്ള: (ലാത്തിക്കൊണ്ട്) ഒരു കണക്കിൽ (കൈവിരൽ ചലിപ്പിക്കുന്നു) അല്ലെങ്കിൽ എല്ലാം ഒരു കണക്കിൽ തന്നെ!
നമ്പ്യാർ: (ബാഗുകൊണ്ടു വരുന്നു) ഇതാ, ഇതെടുക്കണ്ടേ?

ശങ്കരപ്പിള്ള: ഓ, ശരി ബുദ്ധി, ബുദ്ധി വേണം. അതാണ് ചേട്ടാ എനിക്കു കുറവ്. (ബാഗുമായി പോകുന്നു)
നമ്പ്യാർ: (കസേരയിലിരുന്ന്, ഒരു കടലാസെടുത്ത് എഴുതി മടക്കിക്കൊണ്ട്) കൃഷ്ണാ, കൃഷ്ണാ.
(കൃഷ്ണൻ, പതിനഞ്ചു വയസ്സായ ഭൃത്യൻ പ്രവേശിക്കുന്നു)
നമ്പ്യാർ: എടാ ഇതു വേങ്കു അയ്യരുടെ റസ്റ്റോറണ്ടിൽ കൊടുക്ക്. ഒരു പാർട്ടിക്ക് വേണ്ട സാമാനം ഒക്കെ കൊണ്ടരാനാണ്.
കൃഷ്ണൻ: ചായപ്പാർട്ടിക്കോ?
നമ്പ്യാർ: അതെ!
കൃഷ്ണൻ: ചായ ഇവിടെ ഉണ്ടാക്കിക്കൂടെ നമ്പ്യാരെ! പാലല്ലേ വേണ്ടോളം ഇരിക്കണ്.
നമ്പ്യാർ: എടോ, അതു രാത്രിക്കു വേണ്ടിവരും. മൂപ്പരുടെ അമ്മ വരില്ലേ, ഇന്ന് ഒരു സമയം കൊച്ചമ്മയും വരും.
കൃഷ്ണൻ: (അമ്പരന്ന്) ഏതു കൊച്ചമ്മാ നമ്പ്യാരെ.
നമ്പ്യാർ: പോടാ. ഏതു കൊച്ചമ്മാന്നോ! എടാ നെന്റെ പൊണ്ടാട്ടീനെ അല്ല കൊച്ചമ്മാന്ന് വിളിക്കാ. മൂപ്പരടെ ഭാര്യയെയാ.
കൃഷ്ണൻ: (പരുങ്ങിക്കൊണ്ട്) അതിന് നമ്പ്യാരെ, മൂപ്പരടെ സമ്മന്തം കഴിഞ്ഞ്വോ!
നമ്പ്യാർ: ഓ ഹോ, അതോ? എടാ എന്നോടും നെന്നോടും ചോദിച്ചിട്ടാ മൂപ്പരടെ സംബന്ധം! പോടാ. വേഗം ചെല്ല്. കൃത്യം 5 മണിക്കാ ടീപാർട്ടി. പ്രത്യേകം പറ.
കൃഷ്ണൻ: (ഒരു മന്തന്റെ ഭാവത്തിൽ) ഏതു കൊച്ചമ്മയാണാവോ? (സ്വഗതം) അല്ലെങ്കിലെന്തിനാ ഇന്നൊരു ടീപ്പാർട്ടി! (പോകുന്നു).
(ഉടനെ മടങ്ങിവന്ന്) നമ്പ്യാരെ, മൂപ്പരടെ അമ്മ വന്നു...
നമ്പ്യാർ: അതിനെന്താടാങ്ങാനില്ലെ, ഇവിടെ. ഓട് വേഗം ഓട്.
(കൃഷ്ണൻ വീണ്ടും പോകുന്നു)
(അമ്മ പ്രവേശിക്കുന്നു. 50 വയസ്സുകാരത്തി തറവാട്ടിലമ്മ. നമ്പ്യാർ എഴുന്നേറ്റ് നില്ക്കുന്നു.)
അമ്മ: എന്താ നമ്പ്യാരെ. സുഖം തന്നല്ലെ?
നമ്പ്യാർ: (കസേല വലിച്ചിട്ടു കൊടുക്കുന്നു. അമ്മ ഇരിക്കുന്നു.)
നമ്പ്യാർ: സുഖം തന്നെ അമ്മെ.
അമ്മ: നിങ്ങടെ കുട്ട്യോൾക്കും?
നമ്പ്യാർ: എന്ത് സുഖം. ദണ്ണോം കേടും അതിലിടയ്ക്ക് സുഖോം.
അമ്മ: അങ്ങന്ന്യാ കുട്ട്യോളായാൽ തൊടങ്ങി ഒന്നിനല്ലെങ്കിൽ ഒന്നിന്. അച്ഛനും അമ്മയ്ക്കും പിന്നെ സ്വൈരംല്യ. കുട്ടനെവിടെ? ആപ്പീസിന്ന് വന്നില്ലേ?
നമ്പ്യാർ: ഇല്ല. പോയിട്ട് അരമണിക്കൂറെ ആയുള്ളു.
അമ്മ: അപ്പൊ എന്തിനേ ഇങ്ങിനെ പെട്ടെന്നു വരാനൊക്കെ ആളയച്ചത്? ഞാൻ വിചാരിച്ചു വല്ല ദെണ്ണോം കേടും...
നമ്പ്യാർ: ഒരു ദണ്ണോം ഇല്ല്യ ഇപ്പോ.
അമ്മ: അല്ലെങ്കിലും അവനങ്ങന്ന്യാ. എപ്പോഴും അമ്മ അമ്മ എന്നേള്ളു.
നമ്പ്യാർ: (സാകൂതം) ആരും നോക്കാനില്യാത്തോർക്ക് ഒക്കെ അമ്മാ അമ്മാന്നു തന്നെ.
അമ്മ: അതിന്നു നമ്പ്യാരെ. ഓന് ഇപ്പോ പണല്യാഞ്ഞിട്ടാ? ഏത് സ്ഥലത്തിന്ന് വേണെങ്കില് കിട്ടാഞ്ഞിട്ടാ. എനിക്കാണ്ച്ചാല് അങ്ങിനെ ഒന്നു ഉണ്ടായിക്കണ്ടാ മതി. ആണായിട്ടും പെണ്ണായിട്ടും ഇതൊരു തടിയെല്ലേള്ളു. കഴിഞ്ഞൂടാനാച്ചാ വേണ്ടേടത്തോളം. ഞാൻ നിർബ്ബന്ധിക്കാഞ്ഞിട്ടാ; നാലു കത്തായി ഞാൻ അയയ്ക്കുന്നു.
നമ്പ്യാർ: (തലചൊറിഞ്ഞുകൊണ്ട്) നിർബ്ബന്ധിച്ചാ മതിയോ. അമ്മേ മൂപ്പര്ക്ക് ഇഷ്ടള്ളത് അമ്മയ്ക്ക് സമ്മതമാവാഞ്ഞാൽ?
അമ്മ: ആരു പറഞ്ഞു നമ്പ്യാരെ? എവടെയാണ്? ഇതു പറഞ്ഞാൽ ഇന്നെനിക്ക് സമ്മതം. അതൊക്കെ ഓന്റെ ഇഷ്ടമല്ലെ? ഓനു സുഖാവണം എന്നല്ലാതെ എനിക്കൊരഭിപ്രായോംല്യ.
നമ്പ്യാർ: എന്നാ അതൊന്ന്വല്ല മൂപ്പര്ടെ ധാരണ. അമ്മ സമ്മതിക്കില്ലല്ലോ എന്നാണ് പേടിമുഴുവൻ. കൂടേ

നടക്ക്ണ എനിക്കറിഞ്ഞൂടെ?

അമ്മ: അത് ഓന് തോന്ന്ണതാ. കുട്ടിക്കാലത്തുതന്നെ വല്യ പേടിയാ എന്നെ. അച്ഛനും അമ്മാമനും ഒന്നും ഇല്ലല്ലോ. ശാസിച്ചു വളർത്തീത് ഞാനല്ലെ? ആ പേടി ഇന്നൂണ്ട്.

നമ്പ്യാർ: അതെതെ. ആ പേടി ഇന്നൂണ്ട്. അതൊണ്ടാ ഒരക്ഷരം പറയാത്തത്. എന്നിട്ട്ങ്ങനെ മനസ്സില്വെച്ച് പഴ്പ്പിച്ചിട്ട്, ഊണുല്യാതെ ഒറക്കോല്യാതെ–

അമ്മ: ആവൂ! മെലിഞ്ഞിട്ടുണ്ടാവും എന്റെ കുട്ടി. എന്നാ നിങ്ങൾക്കൊന്ന് പറയായ്ര്ന്നില്ലെ എന്നോട്!

നമ്പ്യാർ: പറയായിരുന്നു. അറിഞ്ഞാലല്ലേ പറയാൻവയ്ക്കു.

അമ്മ: അപ്പൊ ഇപ്പഴും അറിഞ്ഞൂടെ നിങ്ങൾക്ക്?

നമ്പ്യാർ: ഇപ്പൊ ഒക്കെ അറിയാം പക്ഷെ–

അമ്മ: എന്ത്? എന്താ നിങ്ങള് വിഴ്ങ്ങ്ണ്?

നമ്പ്യാർ: (അവശത നടിച്ച്) ഒരാള് വിശ്വസിക്ക്വൊ ഇത്? എന്റെ ഗ്രഹപ്പിഴ. ഇരിപ്പും നടപ്പും ഒക്കെ ബാക്കിള്ളോര്ടെകൂടെ. എന്നിട്ടും എന്നോടുംകൂടി–

അമ്മ: (സോൽക്കണ്ഠം) അറിഞ്ഞേടംകൊണ്ട് നിങ്ങൾക്കെന്നോട് പറഞ്ഞൂടെ? ആരായാലും നമ്പ്യാരെ എനിക്ക് വിരോധല്യ. ഓന് സുഖാവണം എന്നെ എനിക്കുള്ളു.

നമ്പ്യാർ: പറേണ്ട പാകൊക്കെ തെറ്റി അമ്മെ. (രണ്ടു കൈകൊണ്ടും നെറ്റി താങ്ങി തായിൽ കുന്തിച്ചിരിക്കുന്നു.) ഇയ്യുള്ളോന്റെ ഒരു ഗ്രഹപ്പിഴ!

അമ്മ: (ശങ്കയോടുകൂടി) എന്തേ നമ്പ്യാരെ പറയിൻ. എന്തായാലും പറയിൻ. നോക്കിൻ എന്റെ മനസ്സുണ്ട് കിടന്നു പൊരിയിണ്.

നമ്പ്യാർ: ദാ ഇപ്പൊ കൊറച്ചുമുമ്പ് എറങ്ങിപ്പോയതേള്ളു ഒരായിരംകൂട്ടം അമ്മയോട് പറയാൻ എന്നെ ഏല്പിച്ചിട്ടാ എറങ്ങ്യേ. അമ്മടെ നേരെ നില്പാൻ ഉശിരില്ല. പാവം! എന്നെ ശപിക്കര്തേന്ന് പറേണം അമ്മോട്. ഇത് തന്നെ പറഞ്ഞിരിക്കുന്നു ഒരു നൂറുവട്ടം.

അമ്മ: ഏതാ കുട്ടി? പറയിൻ. എന്തേ–

നമ്പ്യാർ: കുട്ടി നല്ല പൂത്തിരിപോലത്തെ കുട്ടി. എന്ത് നടപ്പാണ്. എന്ത് ശീലാണ്. കഴിഞ്ഞൂടാനുള്ളേടത്തെ ആണേനീം. നാലാളറിഞ്ഞുംകൊണ്ടാണെങ്കിൽ – ഈശ്വരാ! അതെന്തൊരന്തസ്സേര്ന്ന്. ഒരക്ഷരം മിണ്ട്യോ എന്നോട്. എന്നിട്ട് ഇപ്പോ എല്ലാം കൈകടന്നിട്ട് ഒടുക്കം അമ്മയെ പറഞ്ഞ് സമ്മതിപ്പിക്കാൻ ഇയ്യുള്ളോനെ ഏല്പിച്ചു. ഗ്രഹപ്പിഴക്കേ ബാക്കിള്ളോന് തലവിധിള്ളുച്ചാലോ?

അമ്മ: (മുഖം കറുപ്പിച്ചുകൊണ്ട് ) അപ്പൊ കൈകടന്നൂച്ചാ? എത്രായി?

നമ്പ്യാർ: (ഭീരുവേപ്പോലെ വിക്കിവിക്കി) രണ്ടു മാസംന്നോ മൂന്നു മാസംന്നോ പറഞ്ഞു. കൈവിടാനാച്ചാ മനസ്സും സമ്മതിക്ക്ണില്യ. കണ്ടാൽ ഞാൻ പറഞ്ഞില്ലേ നല്ല പൂത്തിരിപോലെ. പിന്നെ അവര്ടെ തറവാടും നോക്കണ്ടെ?

അമ്മ: ഊം. തറവാട്! തറവാട് കാരാച്ചാ ഇങ്ങനെ വര്വോ? നമ്പ്യാരെ?

നമ്പ്യാർ: തറവാട്ടുകാരൊക്കെത്തന്ന്യാണെയ്. ഒന്നു ഇങ്ങനായീച്ച്ട്ട്? അല്ലെങ്കിൽ ഏത് തറവാട്ടിലാ ഇപ്പൊ ഇതൊന്നും വരാത്തത്?

അമ്മ: എനിക്കൊന്നും കേൾക്കണ്ട എനി. നിങ്ങളുടെ ഒക്കെ ഇഷ്ടം പോലെത്തന്നെ ആയ്ക്കൊട്ടെ.

നമ്പ്യാർ: അയ്യോ അമ്മെ, അമ്മടെ കുട്ട്യേ ശപിക്കല്ലേ. എന്നേ ശപിക്കല്ലേന്നു അമ്മോട് പറേണംന്ന് നൂറുവട്ടം പറഞ്ഞിട്ടാ എറങ്ങിപ്പോയിരിക്കണത്. എന്തായാലും എന്റെ അമ്മയല്ലേ. അമ്മ എനിക്കു മാപ്പുതരും എന്നാ മൂപ്പരുടെ ഒറപ്പ്.

അമ്മ: അതെതെ. അമ്മയ്ക്ക് ഓനെ കാര്യാണ് എന്ന്വെച്ചിട്ട്... ഹൌ,ഞാനെന്തൊക്കെ മോഹിച്ചു.

നമ്പ്യാർ: അപ്പോഴേയ് വേറൊരു ആൺകുട്ട്യാച്ചാല് ഇതേറ്റു പറയ്യോ? അമ്മെ, ഇപ്പേടിയൊക്കെ ഉണ്ടെങ്കിലും നല്ല ഉശിരാ. അച്ഛന് പെറന്ന മോൻ.

അമ്മ: (മുഖം അഭിമാനംകൊണ്ട് പ്രഫുല്ലമാകുന്നു) അതോ ഒരേ ഒരു വാക്കേര്ന്ന് ജീവിതത്തില്, തത്സ്വരൂപാ – കുട്ടനേയ്. ഹൌ എന്തൊരു പിടിവാശിയേര്ന്ന് !

നമ്പ്യാർ: എന്നാ അതങ്ങനെ കിട്ടീട്ടുണ്ട് മകന്. ഒരിത്തിരി നീക്കത്തൂക്കംണ്ടോ? എന്തൊക്കെ പറഞ്ഞുനോക്കി ഞാൻ. ഒരൊറ്റ വാക്ക് 'ഞാനല്ല' എന്ന് ഒരൊറ്റവാക്ക് പറഞ്ഞാ മതീന്ന്.

അമ്മ: ഛെ. ഛെ. അതൊന്നും നമ്മൾക്ക് ചേർന്നതല്ല നമ്പ്യാരെ. അത് പറഞ്ഞാൽ ഓൻ എന്റെ വയറ്റിൽ പെറന്നോനല്ല.

നമ്പ്യാർ: അത് പറയേ. ഹൌ, നരിപോലല്ലെ എന്റെ നേരെ ചാടീത്. ഞാൻ എല്ലാം വിട്ടു വല്ല ആശ്രമത്തിലും പോയ്ക്കളയും എന്നാ എന്നോടു പറഞ്ഞ്.

അമ്മ: അതൊന്നും ചെയ്യാത്തതു നന്നായി. (താടിക്കു കൈ കൊടുത്ത് കുണ്ഠിതത്തോടുകൂടി) ഇത്പ്പൊ പരക്കെ പാട്ടായിട്ട്ണ്ടാവും അല്ലെ, നമ്പ്യാരെ?

നമ്പ്യാർ: അയ്യയ്യേ, ഈഞ്ഞാനുള്ള കാലത്തോ? രണ്ടേരണ്ടാള്. ഇതാ ഇപ്പൊ അമ്മയും.

അമ്മ: ആട്ടെ, ഇനിയെന്താ ഭാവം?

നമ്പ്യാർ: ഇങ്ങട്ട് കൂട്ടിക്കൊണ്ടരണം. നാലാളെ വിളിച്ചു, മൂപ്പരുടെ സ്നേഹിതന്മാരില്ലെ; അവര് നാലാളേം വിളിച്ച് ഒരു ടീപാർട്ടീം കഴിക്കണം.

അമ്മ: അവരോടൊക്കെ എന്താ നമ്പ്യാരെ പറയ്വാ?

നമ്പ്യാർ: അമ്മ കൂട്ടിക്കൊണ്ടന്നതാണെന്നു പറയണം. മൂപ്പര്ക്കിപ്പൊ അച്ഛനായിട്ടും അമ്മയായിട്ടും അമ്മാമനായിട്ടും ഒക്കെ അമ്മതന്നെ അല്ലെള്ളു? പിന്നെ ഇതിനൊക്കെ അങ്ങട്ട്വന്ന് നാലുദിവസം മെനക്കെടാൻ മൂപ്പർക്കൊഴിവുണ്ടോ? മില്ലിലാച്ചാ രാവുപകല് പണി. പണിമുടക്കം ഒരുവക അങ്ങനെ. പോലീസായി, ഇൻസ്പെക്ടരായി, മജിസ്റേട്ടായി, നേതാക്കന്മാരായി, വക്കീലന്മാരായി ഒരു വക അങ്ങനെ. ഉണ്ണാനെടയില്ല. ഉറങ്ങാനെടയില്യ. അതിലിടക്ക് ഒരുദിവസൊക്കെ മെനക്കെടാൻ വയ്ക്ക്വോ? അപ്പൊ അമ്മ ഇങ്ങട്ട് കൂട്ടിക്കൊണ്ടന്നു.

അമ്മ: (ആലോചനാപൂർവ്വം) എന്നിട്ട് ഞാൻ പറേണ്ടെ നമ്പ്യാരെ, മുമ്പ് കാണാത്തൊരുത്തിയെഞാൻ കൂട്ടിക്കൊണ്ടന്നതാണ്, മകൻ സംബന്ധം കഴിച്ചതാണ്, എന്നൊക്കെ?

നമ്പ്യാർ: (സ്വരഭേദത്തോടെ) അപ്പഴേയ് പറയാതെ കഴിയ്യ്വോ? ഈയ്യുള്ളോൻ പറഞ്ഞാ മതിയോ അതൊക്കെ? അമ്മ ഇത്തിരി തന്റേടം കാണിക്കാഞ്ഞാ കാര്യം എവിടെ എത്തും?

അമ്മ: (ആലോചനാമഗ്നയായിരിക്കുന്നു)

നമ്പ്യാർ: അപ്പൊഴേയ് ഒരു കാര്യം സംശയിക്കേണ്ട. അഞ്ചുമണിക്കേ ക്ഷണിച്ചോരുവരൂ. അതിനുമുമ്പെ മകളെത്തും.

അമ്മ: എന്താപേര് നമ്പ്യാരെ?

നമ്പ്യാർ: അമ്മെ സ്വഭാവം പോലെതന്നെ സുശീല.

അമ്മ: ഒരു സുശീലയെയാണ് ഞാൻ കരുതീത്. മറ്റൊരു സുശീല ആയി. ഉം ഉം. എല്ലാം യോഗംപോലേ വരുള്ളു.

(പുറത്തുനിന്ന് ഹോറൺ കേൾക്കുന്നു.)

നമ്പ്യാർ: (ക്ലോക്കിലേയ്ക്കു നോക്കിട്ട്) ഹോ! മണി നാലു നാല്പത്തഞ്ചായി. അതാ മകളെത്തിക്കഴിഞ്ഞു. മൂപ്പര് കാറുകൊടുത്തയച്ചപ്പൊ പറഞ്ഞിട്ടുണ്ട് 4-45-ന്നു എത്തണം ന്ന്. നോക്കൂ പൂത്തിരി കത്തിച്ചപോലെ.

അമ്മ: (അണിയറക്ക് നേരെ നോക്കിയിട്ട്) താനതിനെ പ്രാവാഞ്ഞാമതി.

(തള്ളയും മകളും ഉടുത്തൊരുങ്ങിയ വേഷത്തിൽ പ്രവേശിക്കുന്നു.)

നമ്പ്യാർ: (മകളുടെ അടുത്തേക്ക് നീങ്ങീട്ട്) മൂപ്പര്ടെ അമ്മയാണ്. നമസ്കാരം പറയൂ.

മകൾ: അമ്മേ നമസ്കാരം.

നമ്പ്യാർ: (തള്ളയ്ക്ക് കസാല വലിച്ചിട്ടു കൊടുക്കുന്നു. തള്ളയുടെ നേർക്കു കണ്ണുരുട്ടിക്കൊണ്ടും, മൃദുലമായ സ്വരത്തിലും...) അവിടെ ഇരിക്കണം.

(തള്ള ഇരിക്കുന്നു)

നമ്പ്യാർ: കൃഷ്ണാ, കൃഷ്ണ. (കൃഷ്ണൻ പ്രവേശിക്കുന്നു.) എടാ അമ്മ വന്നിട്ട് നേരം എത്രയായി.

അമ്മ: (എഴുന്നേറ്റ്) നമ്പ്യാരെ ഞങ്ങൾ അകത്തേക്കു പോകാം. അവൾക്ക് ക്ഷീണമുണ്ടാവും. (മകളുടെ കൈപിടിച്ചുകൊണ്ട് മുമ്പെ നടക്കുന്നു.)

നമ്പ്യാർ: (തള്ളയുടെ നേർക്കുതിരിഞ്ഞ്) കൂടെ പൊക്കൊളു. വായ തുറന്നു അബദ്ധം ഒന്നും ഉണ്ടാക്കരുത്. ഇനി നിങ്ങളുടെ മകളല്ല. അവരുടെ മകളാണ്; മനസ്സിലായോ?

തള്ള: ഒക്കെ മനസ്സിലായി. നിങ്ങളൊക്കെത്തന്നേള്ളു ഞങ്ങൾക്ക്. (തള്ള പോകുന്നു)
(ശങ്കരപ്പിള്ള  പ്രവേശിക്കുന്നു.)
നമ്പ്യാർ: താനൊക്കെ പഠിപ്പിച്ചിട്ടില്ലേ?
ശങ്കരപ്പിള്ള: ആൾറൈറ്റ്. തത്ത തത്ത പറയുമ്പോലെ  പറയും.
നമ്പ്യാർ: എന്തു  പറയും?
ശങ്കരപ്പിള്ള: ആരു ചോദിച്ചാലും, എന്തു ചോദിച്ചാലും ഞാനൊന്നും  പറയില്യ  എന്നു  പറയും.
നമ്പ്യാർ: ഭേഷ് മിടുക്കൻ. അസ്സല് ട്യൂഷൻ.
(പുറത്ത് ഹോറൺ കേൾക്കുന്നു.)
ശങ്കരപ്പിള്ള: ആരോ വരുന്നു.
നമ്പ്യാർ: (അണിയറയിലേക്കു നോക്കി)  ഓ, രാമനാഥനും  മജിസ്ട്രേറ്റും, 5 മണിക്കു  വരാൻ  പറഞ്ഞാൽ 4–45ന്ന് എത്തും തെണ്ടികൾ. വരട്ടെ, വരട്ടെ.
(രാമനാഥനും മജിസ്ട്രേറ്റും സമുചിതവേഷങ്ങളിൽ പ്രവേശിക്കുന്നു. ശങ്കരപ്പിള്ള പോകുന്നു.)
രാമനാഥൻ: ഓ, മി. നമ്പ്യാർ. മൂപ്പരെത്തീലെടോ?
(അകത്തേക്കു തിരിയുന്നു)
നമ്പ്യാർ: പിന്നെയ്, അകത്തു മൂപ്പരല്ല. അങ്ങോട്ട് പായണ്ട.
രാമനാഥൻ: (സോൽക്കണ്ഠം) പിന്നെ ആരാ?
മജിസ്ട്രേറ്റ്: ആരാ അകത്ത്?
നമ്പ്യാർ: മൂപ്പരടെ  അമ്മ  വന്നിട്ടുണ്ട്.
രാമനാഥൻ: അതിനെന്താടോ, അമ്മേ എനിക്കു  കണ്ടൂടെ? ഞാൻ അറിയില്ലേ?
മജിസ്ട്രേറ്റ്: ഞാനും അറിയില്ലേ?
നമ്പ്യാർ: അമ്മ  മാത്രമല്ല. (ശൃംഗാരാഭിനയത്തോടെ) പിന്നീം ഉണ്ടെന്നേയ്.
മജിസ്ട്രേറ്റ്: ആരെടൊ പിന്നെ? താനെന്തിങ്ങനെ മോഹിനിയാട്ടം കളിക്കുന്നു?
രാമനാഥൻ: ആ മനസ്സിലായി. (മജിസ്ട്രേറ്റിനോട് ) ഞാൻ  പറഞ്ഞില്ലെ, ഇന്നലത്തെ സാരിയും ബ്ലൗസും. (നമ്പ്യാരോട്) ഉരു അമ്മടെ കണ്ണിൽപ്പെട്ടു ഇല്ലെടോ? ഞാനെന്തു  പറഞ്ഞു.
നമ്പ്യാർ: ഹും. നിങ്ങളെന്തു കഥയാ പറേണ് ! അമ്മ കൂട്ടിക്കൊണ്ടന്നതല്ലെ?
മജിസ്ട്രേറ്റ്: എന്തിന്ന്?
നമ്പ്യാർ: എന്തിന്നാ  സാധാരണെ?
(രാമനാഥനും മജിസ്ട്രേറ്റും ചിരിക്കുന്നു)
മജിസ്ട്രേറ്റ്: അതിന്നു അമ്മയാണെടോ സാധാരണ കൊണ്ടുവരാൻ. താനല്ലെ?
നമ്പ്യാർ: അത് തല്ക്കാലത്തേക്കുള്ളത്. ഇതു ശാശ്വതം.
രാമനാഥൻ: ശാശ്വതമോ?
മജിസ്ട്രേറ്റ്: ശാശ്വതമോ?
നമ്പ്യാർ: ആ, മൂപ്പര്ക്ക് എന്നും നിങ്ങളുടെ ഒക്കെ കൂടെ കിലാടി നടന്നാപ്പോര. അമ്മ നാലഞ്ചു കത്തയച്ചു. വരാൻ എടയില്ല, എടയില്ല എന്നു മറുപടി. അവർ നോക്കിവെച്ചിരുന്നതിനെ ഇങ്ങോട്ടു കൊണ്ടുവന്നു.
മജിസ്ട്രേറ്റ്: തന്റേടമുള്ള സ്ത്രീ.
രാമനാഥൻ: അന്തസ്സുള്ള അമ്മ!
മജിസ്ട്രേറ്റ്: (നമ്പ്യാരോട്) എടോ അപ്പോൾ തന്റെ മൂപ്പ്ര്ക്ക് അതിനെ പിടിച്ചില്ലെങ്കില്.
നമ്പ്യാർ: പിടിക്കും എന്നു മൂപ്പരടെ അമ്മയ്ക്കറിയില്യേ?
രാമനാഥൻ: ഓ, മി. മജിസ്ട്രേറ്റ്, അത് വരില്ല.
മജിസ്ട്രേറ്റ്: ഏതു വരില്ല?
രാമനാഥൻ: പിടിക്കായവരില്ല. എനിക്കറിയാം.
മജിസ്ട്രേറ്റ്: എന്തുകൊണ്ടു വരില്ല?
രാമനാഥൻ: അതോ? അവനു പിടിക്കാത്ത പെണ്ണില്യ.
നമ്പ്യാർ: ഹോ, (രാമനാഥനെ ഉദ്ദേശിച്ച്) മൂപ്പര്ക്ക് പിടിക്കാത്തത് പിന്നെ ഉണ്ട്താനും.

മജിസ്ട്രേറ്റ്: എല്ലാം ചീത്ത. എല്ലാം ചീത്ത. എല്ലാരുടെ രുചിയും തനിക്കറിയാം. അല്ലേ നമ്പ്യാരേ?
രാമനാഥൻ: അപ്പോ ആ മോഹിനിയെ ഒന്നു കാണണമല്ലൊ.
(കൃഷ്ണൻ പ്രവേശിച്ച് നമ്പ്യാരോട്)
കൃഷ്ണൻ: റസ്റ്റോറണ്ടിൽനിന്നു അയ്യര് വന്നു.
നമ്പ്യാർ: ഇതാ വരുന്നു. (രണ്ടാളും പോകുന്നു)
മജിസ്ട്രേറ്റ്: ഏതായിരിക്കും ആ മോഹിനി?
രാമനാഥൻ: അതോ, ഞാൻ പറയാം. ചരക്ക് മോശാ. കണ്ടാൽ അസ്സല് കാക്കക്കൊറത്തി. പേര് സുശീല എന്ന്.
മജിസ്ട്രേറ്റ്: അപ്പോൾ താൻ കണ്ടോ?
രാമനാഥൻ: ഞാൻ കാണാത്തതുണ്ടടോ ബാക്കി?
മജിസ്ട്രേറ്റ്: ഓ നാമൂസ് പറയാതെ.
രാമനാഥൻ: ഞാൻ അറിയ്യെടൊ. കൃഷ്ണമേനോന്റെ അച്ഛന്റെ മരുമകള്. വേണെങ്കിൽ കേട്ടോ.
മജിസ്ട്രേറ്റ്: ആരടെ ജഡ്ജി നാരായണമേനോന്റേയോ?
രാമനാഥൻ: ആ അത് തന്നെ. കുറെക്കാലമായി തള്ള വലയിടുന്നു. മകനാണെങ്കിൽ അതിനെ കണ്ടും കൂടാ.
മജിസ്ട്രേറ്റ്: ഓ അങ്ങനെയോ!
രാമനാഥൻ: പക്ഷെ പണമാണെടോ കാര്യം.
മജിസ്ട്രേറ്റ്: ഇയ്യാള് കൂട്ടാക്കീലെങ്കില്?
രാമനാഥൻ: ഞാൻ പറഞ്ഞില്ലെ പണമാണു കാര്യം. സ്നേഹിതന്നു പതിനായിരം ഉറുപ്പിക വേണം. ജൂബിലിക്കു രണ്ടല്ലെ ദിവസള്ളു. അമ്മയ്ക്കെഴുതി മില്ലിൽ പണിമുടക്കാണ്. എല്ലാംകൂടി തകരാൻപോണ്. എന്നൊക്കെ.
മജിസ്ട്രേറ്റ്: അമ്മടെ കയ്യിൽ ഇത്രയൊക്കെ ഉണ്ടോ?
രാമനാഥൻ: ഹും. ജഡ്ജി നാരായണമേനോന്റെ മുഴുവൻ സമ്പാദ്യോം. കാഷ് തന്നെയായിട്ടു കാണും ഒരു രണ്ടുലക്ഷത്തിന്റെ വക. മക്കൾക്ക് ഒരു മുക്കാല് കൊടുത്തിട്ടില്ല.
മജിസ്ട്രേറ്റ്: ആഹാ, എന്നാ മകൻ അതൊക്കെ അങ്ങട്ടും കൊടുക്കുന്നതാണു നീതി.
രാമനാഥൻ: അത്രയ്ക്കൊന്നും തള്ളയ്ക്കും സമ്മതമാവില്ലാന്ന് വെയ്ക്കാ. മകന്റെ കയ്യിലുള്ള തല്ലേ മകൻ കൊടുക്കു.
മജിസ്ട്രേറ്റ്: ഓഹോ! ഐസീ.
രാമനാഥൻ: അപ്പോൾ മകൻ പറഞ്ഞ പണം അമ്മ കൊടുക്കണ്ങ്കില് അമ്മ പറഞ്ഞ പെണ്ണിനെ മകൻ കെട്ടും ചെയ്യണമെന്നർത്ഥം. അതാണ് തള്ള ഇത്ര ധൈര്യത്തിലതിനെ പിടിച്ചു കൊണ്ടുന്നത്.
മജിസ്ട്രേറ്റ്: ഓ. തള്ള കടുകട്ടിതന്നെ.
(കൃഷ്ണമേനോനും ഡോക്ടരും ഇൻസ്പെക്ടരും വരുന്നു.)
രാമനാഥൻ: ഹലോ മി. മേനോൻ, സ്വാഗതം. ഡോക്ടർ ഇരിക്കിൻ. ഇൻസ്പെക്ടർ ഇരിക്കിൻ.
(എല്ലാവരും ഇരിക്കുന്നു)
ഡോക്ടർ: (രാമനാഥനോട്) താനാണോ ആതിഥേയൻ.
ഇൻസ്പെക്ടർ: ഒരു കൊറ്റുണ്ടെന്നു കേൾക്കുമ്പേഴേക്ക് തലേദിവസംതന്നെ വന്നുകൂടിയിരിക്കുന്നു.
രാമനാഥൻ: കൊറ്റോ? ചില്ലറ കൊറ്റോ? തനിക്കു മൂക്ക് വിയർത്തില്ലെ?
ഇൻസ്പെക്ടർ: അതെയോ മി. മേനോൻ, ഗംഭീരമായ കൊറ്റാണോ?
കൃഷ്ണമേനോൻ: ഓ. അതിഗംഭീരം.
മജിസ്ട്രേറ്റ്: ഇപ്പോഴല്ലെങ്കിൽ പിന്നെ എപ്പോഴാ?
ഡോക്ടർ: അതെന്താ ഇപ്പോഴൊരു വിശേഷം?
മജിസ്ട്രേറ്റ്: (രാമനാഥനെനോക്കി) ഇന്നു മി. മേനോന്റെ വിവാഹം നടക്കും.
കൃഷ്ണമേനോൻ: വിവാഹമോ?
രാമനാഥൻ: അതേടൊ. തന്റെ ഭാഗ്യം. അമ്മ വധുവിനെയും കൂട്ടി ഇങ്ങോട്ടു വന്നിരിക്കുന്നു.
ഇൻസ്പെക്ടർ: അമ്മയോ? മേനോന്റെ അമ്മ വന്നിട്ടുണ്ടോ? എനിക്ക് പരിചയമില്ല.

ഡോക്ടർ: എനിക്കും പരിചയമില്ല.

മജിസ്ട്രേറ്റ്: എന്നാൽ നമുക്ക് ഇപ്പോൾ പരിചയപ്പെടാം. മേനോന്റെ അമ്മയേയും ഭാര്യയേയും ഒപ്പം.

ഇൻസ്പെക്ടർ: അപ്പോ നാമിന്നൊരു വിവാഹസദ്യ ഉണ്ണാൻ പോകുകയാണ്. മി. മേനോൻ, നിങ്ങളുടെ കത്തിൽ അതിന്റെ ഒരു സൂചനപോലുമില്ല.

കൃഷ്ണമേനോൻ: ഇൻസ്പെക്ടർ, (രാമനാഥനെ ചൂണ്ടി) ഇതെല്ലാം ഇവന്റെ കമ്പമാണ്. (അമ്മ പ്രവേശിക്കുന്നു. എല്ലാവരും ഉപചാരം ചെയ്യുന്നു.)

അമ്മ: (രാമനാഥനോട്) നിങ്ങളൊക്കെ ഉണ്ടായിട്ട് ഒരു നാലുദിവസം കുട്ടന്ന് ഒഴിവുണ്ടാക്കിക്കൊടുത്തൂടെ?

രാമനാഥൻ: എന്തിനൊഴിവ്?

അമ്മ: ഞാൻ നാല് കത്തായി അയക്കുന്നു. എടയില്ല്യ എടയില്ല്യ എന്നാണ് മറുപടി. ഒടുവില് എന്നോട് ഇങ്ങോട്ട് വരാനൊരു കത്തും. വിവാഹം കഴിഞ്ഞ് കാണണം എന്നിച്ചിട്ട് എത്ര കാലായി ബാക്കിള്ളോര് കാത്തുനില്ക്കുന്നു. അപ്പൊ,ഞാനാക്കുട്ടിയെ ഇങ്ങോട്ടുകൂട്ടി.

കൃഷ്ണമേനോൻ: ഏത് കുട്ടി?

അമ്മ: (ചിരിച്ചുകൊണ്ട്) നിണക്കിഷ്ടമുള്ള കുട്ട്യന്നെ.

ഡോക്ടർ: അത് നന്നായി.

ഇൻസ്പെക്ടർ: അത് നന്നായി.

നമ്പ്യാർ: (പ്രവേശിച്ച്) അകത്തൊക്കെ ഒര്ങ്ങീരിക്കണു.

അമ്മ: എന്നാ വരിൻ. നമുക്കകത്തേക്കു പോവുക.

(നമ്പ്യാരൊഴികെ ശേഷമുള്ളവർ അകത്തേയ്ക്കു പോകുന്നു. ശങ്കരപ്പിള്ള പ്രവേശിക്കുന്നു. കൈയിലൊരു പൊതിയും.)

നമ്പ്യാർ: ഇതെന്താടോ മാരിയേജ് പ്രസന്റോ?

ശങ്കരപ്പിള്ള: മാല. മൂപ്പര്ടെ അമ്മക്കത് നിർബന്ധം. പറന്നു ശങ്കരൻ. എന്റെ ആയുസ്സിലുണ്ടായിട്ടില്ല. ഇങ്ങിനെ ഒരു ഡ്രൈവ് ചെയ്യല്. ഇൻസ്പെക്ടർ പറയുമ്പോലെ റെക്ക്ലസ് ഡ്രൈവ്.

നമ്പ്യാർ: തനിക്കു രസം പിടിച്ചിരിക്കുന്നു.

ശങ്കരപ്പിള്ള: (മാല തൂക്കിപ്പിടിച്ചിട്ട്) അയാളുടെ കഴുത്തിൽ അതിനെ ഇതിന്മേൽ കെട്ടിത്തൂക്കണം.

(കൃഷ്ണമേനോൻ പുറത്തേയ്ക്കു വരുന്നു. ശങ്കരപ്പിള്ള അകത്തേക്കും.)

കൃഷ്ണമേനോൻ: (ക്രോധപൂർവ്വം) എടോ നമ്പ്യാരെ, താനെന്തേ ചെയ്തത്? എന്താ ഇതിനർത്ഥം?

നമ്പ്യാർ: അമ്മയോടു ഇന്നിങ്ങോട്ടു വരാനെഴുതീരുന്നുവോ? എന്നാലത് പറയണ്ടെ?

കൃഷ്ണമേനോൻ: തന്നോടു പറഞ്ഞിട്ടുവേണോ എനിക്കമ്മയെ വരുത്താൻ?

(കൃഷ്ണമേനോൻ ദേഷ്യംകൊണ്ടു വിറയ്ക്കുന്നു.)

നമ്പ്യാർ: എന്നാരെങ്കിലും പറഞ്ഞോ്വാ. പക്ഷെ ഇത് രണ്ടും ഒരു മുഹൂർത്തത്തിലായാൽ?

കൃഷ്ണമേനോൻ: ഏത് രണ്ടും? അയ്യേ കുറച്ചില്.

നമ്പ്യാർ: അമ്മ വന്നുകയറി. അപ്പോഴേക്ക് രണ്ടു മൂശേട്ടകളും ഉമ്മറത്ത്.

കൃഷ്ണമേനോൻ: താനവരെ എറക്കി എങ്ങോട്ട് പറഞ്ഞയച്ചു?

നമ്പ്യാർ: ഹെഡ്ക്ലാർക്കിനെ കാണാൻ.

കൃഷ്ണമേനോൻ: എന്നിട്ട് ഇവിടെ വരാൻ?

നമ്പ്യാർ: ഇവിടുത്തെ നേരിട്ടു കാണാനായിരിക്കും. ഇതാലോചിക്കാനുണ്ടോ? അഥവാ ഇവിടെ വന്നാൽത്തന്നെ ആട്ടിപ്പറഞ്ഞയക്കാമെന്നു വെച്ചു. അപ്പഴേക്കും ഉണ്ട് അമ്മ വിളിക്കുന്നു. കാര്യമന്വേഷിക്കുന്നു. അകത്തേക്കു കൂട്ടുന്നു.

കൃഷ്ണമേനോൻ: അപ്പോൾ താൻ പറഞ്ഞില്ലേ ആട്ടിപ്പുറത്താക്കാൻ?

നമ്പ്യാർ: പിന്നെ പറഞ്ഞില്ലെ? അതിനല്ലേ ആട്ടായ ആട്ടൊക്കെ കിട്ടീത്? പെണ്ണു പെണ്ണുപറഞ്ഞതേ വിശ്വസിക്കൂ എന്നുവെച്ചാൽ? 'താൻ പോടാപുറത്ത് എന്നാ പറഞ്ഞത്. പിന്നെ എനിക്കധികാരം? അമ്മയും മക്കളും ഒന്നാവും. ബാക്കിയുള്ളോർ പുറത്തുതന്നെ.

കൃഷ്ണമേനോൻ: എനി എന്താടോ ചെയ്യാ? അയ്യേ കുറവ്.

നമ്പ്യാർ: പിടിച്ചു പുറത്താക്കാൻ പറയണം അമ്മയോട്.

കൃഷ്ണമേനോൻ: അതിന്നു ആ തള്ളയല്ലേ പറഞ്ഞത് എല്ലാവരോടുംഞാൻ കൊണ്ടന്നതാണ് എന്നൊക്കെ. വയസ്സായാലത്തെ ഒരു ശുദ്ധഗതി!

നമ്പ്യാർ: എനി എന്താ ചെയ്യ്വാ?

കൃഷ്ണമേനോൻ: എനിക്കിപ്പോ എല്ലാറ്റിനേയും പിടിച്ചു പുറത്താക്കാനാണ് തോന്നുന്നത്. അയ്യേ കുറവ്!

നമ്പ്യാർ: ജൂബിലിക്ക് രണ്ടു ദിവസേ ഉള്ളു. പണം അതമ്മടെ കയ്യിലാ.

കൃഷ്ണമേനോൻ: അതേ പണം. പതിനായിരം ഉറുപ്പിക. ആ കിഴവിക്ക് ഉള്ളതൊക്കെ തന്ന് അങ്ങട്ട് ചാകര്തേ?

(അകത്തുനിന്ന് 'മേനോൻ, മി. മേനോൻ' എന്നുവിളിക്കുന്നു. ശങ്കരപ്പിള്ള പ്രവേശിച്ച്)

ശങ്കരപ്പിള്ള: അതാ അകത്തുനിന്നു വിളിക്കുന്നുണ്ട്.

കൃഷ്ണമേനോൻ: മുടിഞ്ഞുപോട്ടെ സകലതും. (അകത്തേക്കു പോകുന്നു)

ശങ്കരപ്പിള്ള: പിടിച്ചു പുറത്താക്കും. ഊം പിടിച്ചു പുറത്താക്കും. ഇയ്യാളങ്ങട്ട് പിടിച്ചുപുറത്താക്കാനും ആയമ്മ അങ്ങട്ട് പുറത്ത് പോകാനും.

നമ്പ്യാർ: പുറത്താക്കിക്കോട്ടെടോ. ഒരാളുടെ അച്ചീനേം അമ്മച്ചീനേം പുറത്താക്കാൻ അയാൾക്കല്ലെ അധികാരം. തനിയ്ക്കാ?

ശങ്കരപ്പിള്ള: ഹും കുറവായി! ശങ്കരൻ ജീവിച്ചിരിക്കുന്നുണ്ടെങ്കില് നാളെ ആ കാറിൽവെച്ചു ഇവറ്റിന്റെ പട്ടണപ്രവേശനമാ.

നമ്പ്യാർ: (രസിച്ച്) അതാണ് വേണ്ടത്. ഞാൻ പറേണ് അതാണ് വേണ്ടത്.

ശങ്കരപ്പിള്ള: അതുണ്ടാകും.

നമ്പ്യാർ: അതിന്റെ തള്ളയേയും വെച്ചേക്കണം അതിന്റെ അകത്ത്.

ശങ്കരപ്പിള്ള: അതിനെയാണ് ഈയാളുടെ കഴുത്തിൽ തൂക്കേണ്ടിയിരുന്നത്. അല്ലെങ്കിൽ മറ്റെ ഏഭ്യനില്ലേ രാമനാഥൻ അവന്റെ കഴുത്തിലേക്കാ അത് പാകം.

(അകത്തുനിന്നു കരഘോഷം കേൾക്കുന്നു)

നമ്പ്യാർ: (അകത്തേയ്ക്കു നോക്കീട്ട്) ഓ! കഴിഞ്ഞു!

ശങ്കരപ്പിള്ള: പൊട്ടിയെക്കെട്ടിയാൽ കെട്ടിയോൻ ഭരിക്കണം. എനി ഇവന്മാർക്ക് തോന്നരുത് തൊഴിലാളിപ്പെണ്ണുങ്ങളടെമേൽ കുതിരകേറാൻ.

(ഡോക്ടരും ഇൻസ്പെക്ടരും പുറത്തേക്കു വരുന്നു. ശങ്കരപ്പിള്ള പോകുന്നു.)

ഡോക്ടർ: പ്രിഗ്നന്റാണെന്നു തോന്നുന്നല്ലോ ഇൻസ്പെക്ടരെ.

ഇൻസ്പെക്ടർ: ഇയ്യാളടെ അല്ലാന്നും തോന്നുന്നല്ലോ. ഇഷ്ടന്റെ മുഖത്ത് ഒരു തുള്ളി ചോരയില്ല. (നമ്പ്യാരെക്കണ്ടിട്ട്) ആ, നമ്പ്യാരെ, തിരക്കുണ്ട്. പോകട്ടെ സന്തോഷമായി.

(ഡോക്ടരും ഇൻസ്പെക്ടരും പോകുന്നു. രാമനാഥനും മജിസ്ട്രേട്ടും വരുന്നു)

മജിസ്ട്രേറ്റ്: എടോ ഇത് ചതിയാണ്. പെരും ചതി. എനിക്ക് മനസ്സിലായില്ല എന്തേ തകരാറെന്നു. തന്റെ സുശീല എങ്ങിനെ ഇങ്ങിനെ വെളുത്തുപോയി.

രാമനാഥൻ: (സുസ്മിതം) അവൻ ഭാഗ്യമുള്ളവനാ. നല്ല പൂവമ്പഴം പോലത്തെ പെണ്ണ്. പണവും കിട്ടി. ഒരു കാക്കക്കൊറത്തിനെ ഏറ്റാതെയും കഴിഞ്ഞു. (നമ്പ്യാരെ നോക്കീട്ട്) താനാ ഇതിന്റെ സൂത്രധാരൻ അല്ലേ? ആയാള്ടെ അമ്മെ എങ്ങിനെ വല ഇട്ടടോ താൻ?

നമ്പ്യാർ: (ഒന്നും അറിയാത്ത ഭാവത്തിൽ) എന്തേ നന്നായില്ലേ?

രാമനാഥൻ: അസ്സലായി.

മജിസ്ട്രേറ്റ്: അസ്സലായി. എനി ഞങ്ങൾ പോകട്ടെ

(രണ്ടാളും പോകുന്നു)

(കൃഷ്ണമേനോൻ മുമ്പിലും സുശീല പിന്നിലുമായി പ്രവേശിക്കുന്നു. നമ്പ്യാർ അകത്തേയ്ക്കു പോകുന്നു.)

സുശീല: (കൃഷ്ണമേനോനോട്) അപ്പോ എന്തേ ഒന്നും കഴിക്കാത്തത്?

(കൃഷ്ണമേനോൻ ഗൗരവത്തൽഇരിക്കുന്നു. സുശീല അടുത്ത കസേലയിൽ ഇരിക്കുന്നു.)

സുശീല: അപ്പോ ഇനികൊറെ ദിവസം കഴിഞ്ഞേ മിണ്ടൂ?

കൃഷ്ണമേനോൻ: ഞാൻ മിണ്ടീട്ട് നിണക്കെന്താ വേണ്ടത്?

(ഹെഡ്ക്ലാർക്ക്  പ്രവേശിക്കുന്നു)
ഹെഡ്ക്ലാർക്ക്: അതെല്ലാം കഴിഞ്ഞു. ഇനി അങ്ങോട്ട് മടങ്ങില്ല.
കൃഷ്ണമേനോൻ: ഇല്ല. ഇനി അങ്ങോട്ടു മടങ്ങില്ല.
ഹെഡ്ക്ലാർക്ക്: (അടുത്ത കസാലയിലേക്കുനോക്കി പരിഭ്രമിച്ച്) ഇതെന്താ, ഇതെന്താ?
(സുശീല  സഗൗരവം ഹെഡ്ക്ലാർക്കിനെ നോക്കുന്നു.)
ഹെഡ്ക്ലാർക്ക്: (കൃഷ്ണമേനോനോട്) അപ്പൊ ഒടുക്കം ഇതിനാ ഇങ്ങനെയൊക്കെ ചെയ്യിച്ചത്?
കൃഷ്ണമേനോൻ: (എണീറ്റു സഗൗരവം) ഹെഡ്ക്ലാർക്ക് മേലാൽ എന്റെ വീട്ടുകാര്യങ്ങളിലൊന്നും കൈകടത്തരുത്. നിങ്ങൾ ഓഫീസ് കാര്യങ്ങൾ നോക്കിയാൽ മതി നിങ്ങളെ ആരും ഇപ്പോൾ ഇങ്ങോട്ടു വിളിച്ചിട്ടില്ല. അല്പം അച്ചടക്കബോധമുണ്ടാവുകയാണ് നല്ലത്. പോയ്ക്കോളു. ആഫീസുകാര്യങ്ങൾ വല്ലതുമുണ്ടെങ്കിൽ ഞാൻ  ഓഫീസിൽ വരുമ്പോൾ നോക്കാം.
(കൃഷ്ണമേനോൻ  അകത്തേക്കു പോകുന്നു)
സുശീല: മൂപ്പര്ക്ക് കൊറച്ച് വിശ്രമം കൊടുക്കാഞ്ഞാലോ? എല്ലാറ്റിന്നും വേണ്ടെ ഒരു ചിട്ട? (അകത്തേക്കു പോകുന്നു.)
ഹെഡ്ക്ലാർക്ക്: (രംഗത്തിനഭിമുഖമായി നിന്ന്) അതാണിപ്പോൾ നന്നായത്. ആരാന്റെ അപരാധം വാരിയന്റെ പുരപ്പുറത്ത്.
(ശങ്കരപ്പിള്ളയും നമ്പ്യാരും പ്രവേശിക്കുന്നു)
നമ്പ്യാർ: പുരപ്പുറത്തേക്കല്ല. തന്റെ പുറത്തേക്കുതന്നെയാ പാകം.
ശങ്കരപ്പിള്ള: സാറെ, ഇപ്പഴത്തെ കൂലി വരമ്പത്താണ്, വരമ്പത്ത്.
ഹെഡ്ക്ലാർക്ക്: എനിക്ക് വരമ്പത്ത് എത്തണേന്റെ മുമ്പെ തന്നെ കിട്ടി. (പോകുന്നു)
നമ്പ്യാർ: (നോക്കിനിന്ന്) ഹ! ഹ! ശങ്കരപ്പിള്ളേ, ഇങ്ങിനെയുമാവാം സമ്മന്തം!
ശങ്കരപ്പിള്ള: ഹ! ഹ! ഹ!  (രണ്ടാളും കൈ കൊടുക്കുന്നു.)
(കർട്ടൻ)

# 3

# ആയാൾക്ക്  തലവേദന, ആയമ്മയ്ക്ക് പനി

**കഥാപാത്രങ്ങൾ**

| | |
|---|---|
| **സുധാകരൻ** | **ബാങ്കു മാനേജർ, 30 വയസ്സ്** |
| **കമലം** | **സുധാകരന്റെ ഭാര്യ** |
| **കുറുപ്പ്** | **സുധാകരന്റെ സ്നേഹിതൻ** |
| **ലീല** | **കമലമ്മയുടെ സ്നേഹിത.  സ്ത്രീസ്വാതന്ത്ര്യത്തിന്റെ വക്താവ്** |
| **വാലിയക്കാരൻ** | **സുധാകരന്റെ വീട്ടുജോലിക്കാരൻ** |
| **വാലിയക്കാരൻ–2** | **മറ്റൊരു വീട്ടിലെ ജോലിക്കാരൻ** |

ബാങ്കുമാനേജർ സുധാകരന്റെ  വായനമുറി. ഉച്ചതിരിഞ്ഞ് രണ്ടുമണി. ഒരരുകിൽ തുറന്നിട്ട പുസ്തക അലമാരി. നടുക്കു വലിപ്പമുള്ള ഒരു മേശ. അതിന്റെ പിന്നിലും ഒരു പാർശ്വത്തിലും നിരത്തിയ കസേലകൾ. മറ്റേ പാർശ്വത്തിൽ ഒരു വലിയ ചാരുകസേല. അതിന്നടുത്ത് പുസ്തകങ്ങൾ അടുക്കിവെച്ച ഒരു സ്റ്റൂൾ. മേശമേലും കസേരകളിലും നിലത്തും പുസ്തകങ്ങൾ ചിതറിക്കിടക്കുന്നു.      തുറന്നിട്ട രണ്ടു പെട്ടികൾ. വസ്ത്രങ്ങളും ഉടുപ്പുകളും വലിച്ചുവാരി പുറത്തിട്ടിരിക്കുന്നു.

സുധാകരൻ. പ്രായം സുമാറ്  30. അയാൾ എന്തോ തിരയുകയാണ്. ക്രുദ്ധവും അസ്വസ്ഥവുമായ  മുഖം. വേഷം – ടൗസറും, ഷർട്ടും, ടൈയും – കോട്ടഴിച്ച്  മേശപ്പുറത്തിട്ടിരിക്കുന്നു.

അയാളുടെ നോട്ടം ചുമരിൽ തൂക്കിയ ഒരു ഫോട്ടോവിൽ പതിയുന്നു. അതെടുത്തുനോക്കി, അറപ്പോടുകൂടി, “ഇതെനി വേണ്ട” എന്നു പറഞ്ഞു തറയിൽ വലിച്ചെറിയുന്നു.

മി. കുറുപ്പു പ്രവേശിക്കുന്നു. സുമാറ് 40 വയസ്സുപ്രായം. ഷർട്ടും മുണ്ടും വാക്കിങ്ങ്സ്റ്റിക്കും.  ഈ ലഹള പിടിച്ച രംഗം കണ്ട് അയാൾ അമ്പരന്നു നില്ക്കുന്നു.

കുറുപ്പ്:  (അനുഭാവത്തോടും പരിഭ്രമത്തോടും) എന്തു പറ്റി, സുധാകർ. എന്തേ, കാണാതായത്?

(സുധാകരൻ  നീരസത്തോടെ നോക്കുന്നു. താനാരുടെയും സാന്നിദ്ധ്യം ഇഷ്ടപ്പെടുന്നില്ലെന്നു  നടിക്കുന്നു. മിണ്ടാതെ  നില്ക്കുന്നു.)

കുറുപ്പ്: (താളം ചവുട്ടിനിന്ന്) ഋഷഡഴലണ ബണ. ഞാൻ  അനവസരത്തിലായിരിക്കും വന്നത്. (തന്റെ ചുറ്റും നോക്കി) എന്തായാലും ഇവിടെ ഒരു ഭൂമികുലുക്കമുണ്ടായി. (സുധാകരനെ നോക്കി ഒരു ഇളിഭ്യച്ചിരിയോടെ) അപ്പോൾ ഞാൻ പോകണമല്ലെ? (വീണ്ടും പരുങ്ങി നില്ക്കുന്നു. ആ സാമാനങ്ങൾക്കിടയിൽ ഒരു ചാലു നടന്നിട്ട് സ്വഗതം പോലെ) ആളുകൾക്ക് സ്വകാര്യവ്യസനങ്ങളുണ്ട്. സുഹൃത്തുക്കൾ അതു കണ്ടൊഴിയണം. (പുഞ്ചിരിയോടെ സുധാകരന്റെ മുഖത്തു നോക്കുന്നു. സുധാകരന്റെ നീരസം കനം കുറഞ്ഞ് കുറഞ്ഞ് വ്യസനത്തിലേയ്ക്കു മാറുന്നു. കുറുപ്പ് തൊഴുതുകൊണ്ട് യാത്ര പറയുന്നു) എന്നാൽ നാളെ കാണാം.

സുധാകരൻ: (അടുത്തുവന്ന് കുറുപ്പിന്റെ തൊഴുകൈകൾ ഗ്രഹിച്ച് പരവശതയോടെ) ഇരിയ്ക്കൂ, കുറുപ്പേട്ടാ.

കുറപ്പ്: (കൂടുതൽ അനുഭാവപൂർവ്വം) എന്തുപറ്റി? എന്തേ കാണാതായത്? (അല്പം വിട്ടുനിന്ന്) ചെക്ക്? ഡ്രാഫ്ട്? നോട്ട്? എത്രയുണ്ട് സംഖ്യ? (വാക്കിങ്ങ്സ്റ്റിക്ക് ഒരു ഭാഗത്തു വെക്കുന്നു. പുസ്തകങ്ങളെടുത്ത് മറിച്ചുനോക്കി തിരയുന്നു) ആരാ വെച്ചത്? താനോ, കമലമ്മയോ?

സുധാകരൻ: (ഒന്നും മിണ്ടാതെ നില്ക്കുന്നു.)

കുറുപ്പ്: കമലമ്മ ആയിരിക്കും. പിന്നെ ചോദിച്ചപ്പോൾ  വെച്ച സ്ഥലം ഓർമ്മയില്ല. തപ്പി, തപ്പി, തനിക്കു വേവും

ചൂടും തുടങ്ങി. സ്വരം മൂത്തു. ''ഞാനെന്താ ചെയ്യാ, തന്നിട്ടുണ്ടെങ്കിൽ അതെവിടെയെങ്കിലും വെച്ചിട്ടുണ്ടാവും''എന്നായി ഭാര്യ. തനിക്കു ശുണ്ഠി വന്നു. ഇതൊക്കെ ഒന്നു കിഴുമേലും മറിച്ചു. അല്ലേ? എവിടെ കമലമ്മ?

സുധാകരൻ: 'കമലമ്മ' 'കമലമ്മ' (പിറുപിറുക്കുന്നു. അയാളുടെ മുഖം വെറുപ്പുകൊണ്ട് ചുളുങ്ങുന്നു. കസേരയിൽ നിന്ന് ഒരു പുസ്തകം വലിച്ചു മേശപ്പുറത്തിടുന്നു. ഇരുന്ന് ക്രമേണ തളർച്ച കാണിച്ചുകൊണ്ട്) അതായിരുന്നു കാര്യമെങ്കിൽ! മറവി– അത്രയൊക്കെ ഒരു സ്ത്രീക്ക് അധികാരമുള്ളതാണ്, കുറുപ്പേട്ടാ, സമ്മതിച്ചുകൊടുക്കാം– എന്റെ ആത്മാവുതന്നെ, അവൾ വെച്ച സ്ഥലം മറന്നു കളഞ്ഞ് കുളിച്ചോട്ടെ – ഞാൻ കുറച്ചു ദേഷ്യപ്പെട്ടൂന്നു വരാം– വെറുക്കില്ലായിരുന്നു. അവൾ....അവൾ....(മുഖം ചോക്കുന്നു, ദേഹം വിറയ്ക്കുന്നു)

കുറുപ്പ്: വെറുക്കുക! കമലമ്മയെ വെറുക്കുക! എനിക്കു തോന്നണത്, തന്റെ ബാങ്കു പൊളിയാൻമാത്രം വലിയൊരു സംഖ്യയുടെ ചെക്കോ, നോട്ടോ ആണ് ഈ കാണാതായത് എന്നാണ്. എന്നാലും, എങ്ങനെയാണ് ഒരു സ്ത്രീയെ, അതും കമലമ്മയെ ഒരാൾ വെറുക്കുക എന്ന് എനിക്കു മനസ്സിലായിട്ടില്ല (വീണ്ടും പുസ്തകങ്ങൾ മറിച്ചു തിരയുന്നു.)

സുധാകരൻ: (അല്പം ശാന്തനായി) അപ്പോൾ, എന്ത് എന്നു വെച്ചിട്ടാ കുറുപ്പേട്ടൻ ഈ തപ്പുന്നത്?

കുറുപ്പ്: ചെക്ക്? നോട്ട്?

സുധാകരൻ: ചെക്ക്! നോട്ട്! അപ്പോൾ അതറിഞ്ഞിട്ടു പോരെ, തപ്പാൻ. (എഴുന്നേറ്റുചെന്ന് കുറുപ്പിന്റെ കയ്യിലുള്ള പുസ്തകം വാങ്ങി താഴത്തിട്ട്, ഒരു കസേരയിൽ ഇരുത്തുന്നു.) ഈ ചെക്കും നോട്ടും മാത്രമേ നിങ്ങടെ ലോകത്തിലുള്ളു?

കുറുപ്പ്: എന്റെ ലോകത്തിലല്ല, ബാങ്കർമാരുടെ ലോകത്തില്! അല്ലാതെ, കമലമ്മയെ വെറുക്കാൻ മാത്രം തനിക്ക് എന്തു കാണാതാവാനാ?

സുധാകരൻ: (പല്ലിറുമ്മിക്കൊണ്ട്) കമലമ്മ! മിസ്റ്റർ, ആ പേർ മാത്രം ഇനി ഉരുവിടാതിരിക്കൂ.

കുറുപ്പ്: (കൂടുതൽ സംഭ്രമത്തോടും സങ്കോചത്തോടുംകൂടി) സുധാകർ, എന്താണിതിന്നർത്ഥം?

സുധാകരൻ: അർത്ഥമൊ? ഞാനതിനെ വെറുക്കുന്നു.

കുറുപ്പ്: ഛെ, പറയാതെ.

സുധാകരൻ: പറയുകയല്ലഞാനനുഭവിക്കുകയാണ് ആ വെറുപ്പ്. ദേഹത്തിൽ ഓരോ ഇഞ്ചും ആ വെറുപ്പു കൊണ്ടു ചുളുങ്ങുകയാണ്.

കുറുപ്പ്: (ഒരു മാസിക കയ്യിലെടുത്തു വീശിക്കൊണ്ടും മുഖം രംഗത്തിന്നുനേരെ കൂർപ്പിച്ചുവെച്ചുകൊണ്ടും ഇരിക്കുന്നു.)ഞാൻ തികച്ചും ഇരുട്ടിലാണ്. എങ്ങനെയാണ് ഒരു സ്ത്രീയെ, അതും കമലമ്മയെ ഒരാൾ വെറുക്കുക എന്ന് എനിക്കു മനസ്സിലായിട്ടില്ല.

സുധാകരൻ: (കുറുപ്പിനുനേരെ കൂർത്ത ദൃഷ്ടികൾ തറച്ച്) അതേ, നിങ്ങൾക്കിനി ഒന്നേ ചോദിക്കാനുള്ളു. അവൾ ആരുടെകൂടെ ചാടിപ്പോയെന്ന്. (കുറുപ്പു ഞെട്ടുന്നു) ഇല്ല, പോയിട്ടില്ല. പക്ഷെ അതേ ചോദിക്കാനുള്ളു. അതിനെ നിങ്ങളുടെ മാന്യത തടയുകയാണ്. നമ്മളൊക്കെ പാലിച്ചു പോരുന്നതാണ് ആ മാന്യത; ചാരിത്രത്തിൽനിന്ന് ഉടലെടുത്തത്. അപ്പോൾ, ഞാനൊന്നും പറയാത്തതിനെ മാപ്പാക്കൂ. (എഴുന്നേറ്റു മുഖം താഴ്ത്തി ലാത്തുന്നു.)

കുറുപ്പ്: ചാടിപ്പോകും? കമലമ്മ? സുധയെ വിട്ടവൾ ജീവിക്കും? ഇതെല്ലാം വിശ്വസിക്കാനുള്ള പ്രായം എനിക്കു കഴിഞ്ഞു.

സുധാകരൻ: ജീവിക്കും! കുറേക്കൂടി സുഖമായിട്ട്! പോയ്ക്കോട്ടെ, ആർക്കു വിരോധം? ഒന്നുമാത്രം, അതിലും ഒരു മാന്യത വേണം. പറഞ്ഞോട്ടെ, ഞാൻ ഡൈവോഴ്സ് ചെയ്യുമല്ലൊ. ആരു കെട്ടിയിടുന്നു ഇഷ്ടമില്ലാത്തവരെ? (സ്വരഭേദത്തോടെ) ഞാൻ അത്രയ്ക്കൊന്നും അഭികാമ്യനല്ല; എനിക്കറിയാം, വെറും പണമെണ്ണിക്കൂട്ടുന്ന അരസികയന്ത്രം.

കുറുപ്പ്: (ഉറക്കെ സ്വഗതം) സൗന്ദര്യപ്പിണക്കം! (സുധാകരനോട്) അവൾ തന്നോടു പറഞ്ഞു, ഓടിപ്പോവുകയാണെന്ന് അല്ലേ?

സുധാകരൻ: അവൾ പറേണ്ടതായിരുന്നു. ഞാൻ മാന്യനാണ്. എന്നോടു തുറന്നു പറയാം.

കുറുപ്പ്: പിന്നെ ആരോടു പറഞ്ഞു?

സുധാകരൻ: അവൾ ആരോടും പറഞ്ഞില്ല. ആ ഒരാളോടൊഴികെ അതും ഓടിപ്പോകണമെന്നു പറഞ്ഞുവോ? അറിയില്ല. ഒടുവിൽ അതിലും ഒരു മാന്യതയുണ്ടെന്നു ഞാൻ സമ്മതിക്കും പക്ഷേ, പോകാതെ, എന്നെ വഞ്ചിച്ച്...വഞ്ചിച്ച്...(സ്വരം കലുഷമാകുന്നു)

കുറുപ്പ്: ഹായ് സുധേ, ഏതു വിഷപ്പാമ്പേ നിന്റെ ചെവി കടിച്ചത്?

സുധാകരൻ: ഒരാളുടെ ഏഷണിയുമില്ല. സംശയിക്കേണ്ട. ഞാൻ നേരിട്ടറിഞ്ഞു.

കുറുപ്പ്: താൻ ബാങ്കിൽനിന്നു വന്നപ്പോൾ കമലമ്മ ഇല്ലേ ഇവിടെ?

സുധാകരൻ: ഇല്ല ലീലയുടെ വീട്ടിൽ പോയിരിക്കയാണ്. സർവന്റു പറഞ്ഞു. അവൾ അവിടെ പോകാറുണ്ട്.

കുറുപ്പ്: (ചിരിച്ചുകൊണ്ട്) അപ്പോൾ മിസ് ലീലയാണൊ കമലമ്മയുടെ കാമുകൻ?

സുധാകരൻ: (സഗൗരവം) കുറുപ്പേട്ടാ, ഞാനൊരു വങ്കനാണൊ?

കുറുപ്പ്: എങ്കിൽ ഇത്രയൊന്നും വിഷമമില്ലല്ലൊ. ഞാനെന്റെ വാക്കിങ്ങ്സ്റ്റിക്കുമെടുത്ത് ഈ താണവെയിലത്ത് കാറ്റുംകൊണ്ട് മൂളിപ്പാട്ടും പാടി നടന്നുകഴിഞ്ഞില്ലേ?

സുധാകരൻ: പിന്നെ, ഞാൻ വന്നു കയറിയപ്പോൾ ഭാര്യ പാദ്യാർഘ്യങ്ങൾ ഒരുക്കാത്തതിന്നാണ് കോപിച്ചത് എന്നു ഭാവിച്ചാലൊ?

കുറുപ്പ്: മറ്റൊരു കാരണവും താൻ പറഞ്ഞില്ല. എനിക്കാകട്ടെ ദിവ്യ ദൃഷ്ടി തുറക്കുന്നുമില്ല.

സുധാകരൻ: ഹോ, ശരി. നിങ്ങൾക്ക് ഊഹിക്കാൻ കഴിയില്ല. പക്ഷെ, ഞാനിപ്പോൾതന്നെ അധികം പറഞ്ഞുപോയി, സഭ്യമല്ലാത്തേടത്തോളം അധികം... കുറുപ്പേട്ടാ, നിങ്ങൾ ഭാഗ്യവാനാണ്. വഞ്ചിക്കപ്പെട്ടതായി അറിയുമ്പോഴുള്ള വേദനയില്ലേ, അതു നിങ്ങൾക്കനുഭവിക്കേണ്ടല്ലൊ.

കുറുപ്പ്: (തലയാട്ടിക്കൊണ്ട്) എനിക്കു ഭാര്യയില്ലാത്തതുകൊണ്ട്. അല്ലേ? ചങ്ങാതി, ആകെയിടാൻ വരട്ടെ. പല ചിലവും എന്റെപേരിൽ എഴുതാൻ വിട്ടുപോയിട്ടുണ്ട്. സംഖ്യ വരവുകള്ളിയിലേ കാണൂ. ലോകത്തിന്നു മുമ്പിൽ ഞാനും അതങ്ങനെത്തന്നെയെന്നു ഭാവിക്കുകയാണ്. പക്ഷെ സത്യത്തിനെ സാക്ഷിക്കു വിളിച്ചാൽ, സുധേ, ഒന്നിലധികം തവണ പൊളിഞ്ഞ ബാങ്കാണ് എന്റേത്.

സുധാകരൻ: എന്നാലും അതു ഗൃഹജീവിതത്തിലല്ലല്ലൊ. എനിക്ക് ജീവിതത്തിലെ രക്ഷാബോധം തകർന്നു. പോട്ടെ, നശിക്കട്ടെ, നമ്പാവതായി യാതൊന്നുമില്ലാത്തേടത്ത് ഐക്യത്തിന്നു സ്ഥാനമില്ല; അതിൽനുന്നുള്ള സിദ്ധികൾക്കും സ്ഥാനമില്ല. പോട്ടെ. പക്ഷെ, ഇക്കഴിഞ്ഞ നാളത്രയും, ഞാൻ സ്നേഹിക്കപ്പെടുന്നു എന്ന ഓമനത്തത്തോടുകൂടി നടക്കുമ്പോൾ, കുറച്ചാളുകൾ എന്നെ നോക്കി ചിരിച്ചിരുന്നു. കുറുപ്പേട്ടാ, ഞാനൊരു വങ്കനായിരുന്നു എന്നാണ് ഈ തെളിയുന്നത്.

കുറുപ്പ്: ഛെ, ഛെ, അതെല്ലാം ഭാവനകളുടെ ഇമ്പാച്ചിമുഖങ്ങൾ.

സുധാകരൻ: അല്ല! എനിക്കിപ്പോൾ പലതിന്നും അർത്ഥം മനസ്സിലാകുന്നുണ്ട്. മിനിഞ്ഞാന്ന്, നമ്മളുടെ ക്ലബ്ബിൽവെച്ച് ഡിസ്റ്റ്രിക്ട് ജഡ്ജ് നാരായണയ്യർക്ക് യാത്രയയപ്പുസല്ക്കാരം കൊടുത്തില്ലെ?ഞാനും ആ, ആ, പൊട്ടെ, ഞാൻ പേരു പറയുന്നില്ല, ആ സ്നേഹിതനുംകൂടി വാതില്ക്കൽനിന്നു സംസാരിക്കുന്നു. അപ്പോഴാണ്, വക്കീൽ രാമകൃഷ്ണമേനോനും അയാളുടെ ആ തടിച്ച ഭാര്യയില്ലേ, ഗൗതമിഅമ്മ, ആ സ്ത്രീയുംകൂടി യാത്രപറഞ്ഞ്, മടങ്ങിപ്പോകുന്നത് – അവർക്കാണല്ലൊ ഈ ടൗണിൽ ഇത്തരം ന്യൂസുകളുടെ ഏജൻസി – രാമകൃഷ്ണ മേനോൻ ഞങ്ങളെ രണ്ടാളെയും നോക്കി ഒന്നു മൂളി, അർത്ഥം മനസ്സിലായെങ്കിൽ മേലിഴുകിപ്പറ്റുന്ന ഒരു മൂളൽ, ഗൗതമി അമ്മയുടെ മുഖത്ത് ആ മുഖത്തെക്കാൾ വലിയ ഹാസ്യമുണ്ടായിരുന്നു. അപ്പോൾ, അവർക്കെല്ലാം ഇതറിയാമായിരുന്നു. എന്റെ സ്നേഹിതന്മാർക്കും നാട്ടുകാർക്കും എല്ലാം ഇതറിയാമായിരുന്നു. എന്നിട്ടും വങ്കൻ,ഞാൻ സംശയിച്ചില്ല! (അസഹനീയതോടെ എഴുന്നേറ്റ് അങ്ങുമിങ്ങും നടക്കുന്നു.)

കുറുപ്പ്: എനിക്കു മനസ്സിലാവുന്നുണ്ട് സുധേ. തന്റെ ഭ്രാന്തുപിടിച്ച ഭാവനകൾക്കു വേണ്ടത്ര കിഴിച്ചാലും തന്നെ വിഷമിപ്പിക്കുന്ന യാഥാർത്ഥ്യം എന്തോ ബാക്കി നില്ക്കുന്നുണ്ട്.

സുധാകരൻ: ഉണ്ട്. ഇല്ലെങ്കിൽ കുറുപ്പേട്ടനോടുപോലും ഞാനിതു പറയുമൊ? അത്രയ്ക്കു തോലനാണോ ഞാൻ?

കുറുപ്പ്: എന്തേ ഉണ്ടായതെന്ന് എനിക്കിപ്പോഴും മനസ്സിലാകുന്നില്ല. നോക്കൂ, കുറുപ്പ് ലോകം കണ്ടിട്ടുണ്ട്, പ്രേമവും പ്രേമവഞ്ചനയും കണ്ടിട്ടുണ്ട്. ശരിക്കുപറഞ്ഞാൽ – അനുഭവിച്ചിട്ടുണ്ട്. ഇതാ, സുധയോടു പറയാം. നമ്മുടെ പത്രാധിപർ ബാലഗോപാൽ ഇല്ലേ?

സുധാകരൻ: ആര്? ബാലഗോപാലൊ?
കുറുപ്പ്: എന്തെ, അതെ.
സുധാകരൻ: എന്നിട്ട്? (സോൽക്കണ്ഠം നില്ക്കുന്നു)
കുറുപ്പ്: ഞങ്ങൾ പഴയ സുഹൃത്തുക്കളാണ്. അയാൾ പത്രാധിപരും ഞാൻ വക്കീലുമായി തരംതിരിയുന്നതിന്നുമുമ്പേയുള്ള കൂട്ടുകെട്ട്. ഇന്നയാൾ ഇടിവെട്ടുപോലെ എഴുതിവിടുന്ന എഡിറ്റോറിയലുകളും സബ്ബ്എഡിറ്റോറിയലുകളും ഒക്കെ ഉണ്ടല്ലൊ. അതിൽ തെളിഞ്ഞുകാണുന്ന ആവേശവും കലാഭംഗിയും അന്നു ഞങ്ങൾ നടത്തിയ സഹപഠനത്തിൽനിന്നും വാദപ്രതിവാദത്തിൽ നിന്നുമാണയാൾക്കു കൈവന്നത്.
സുധാകരൻ: അതു ശരി. എന്നിട്ട്?
കുറുപ്പ്: അന്നു ഞാൻ വിവാഹാർത്ഥിയായിരുന്നു. പരസ്പരപ്രേമബദ്ധരായിരുന്നു. ഞാനും ആ വധുവും.
സുധാകരൻ: ആര്? മിസിസ് ബാലഗോപാൽ?
കുറുപ്പ്: ഇപ്പോൾ, മിസിസ് ബാലഗോപാൽ.
സുധകരൻ: എന്നിട്ട്?
കുറുപ്പ്: എനിക്കറിയില്ല. അയാളാണല്ലോ ഇപ്പോളവളുടെ ഭർത്താവ്.
സുധാകരൻ: എ ലണണ... അയാൾ ആ സ്ത്രീയെ വഞ്ചിക്കും.
കുറുപ്പ്: ആര് ആരെ വേണമെങ്കിൽ വഞ്ചിക്കട്ടെ. ഞാൻ പണ്ടേ വഞ്ചിതനായി. എന്നിട്ട് ഹൃദയം നിന്നുപോയില്ല. ഭ്രാന്തു പിടിച്ചില്ല. നില്ക്കുന്നതിന്നിടയിൽ നിന്നു ഭൂമി ഉരുണ്ടുപോയുമില്ല. വീണ്ടും ഞാൻ ആളുകളെ സ്നേഹിക്കുന്നു. വിശ്വസിക്കുന്നു. ഇത്തരം സ്വകാര്യജാള്യങ്ങൾ തുറന്നുപറയാൻ മാത്രം ശക്തിയോടുകൂടി വിശ്വസിക്കുന്നു.
സുധാകരൻ: ഋഷഢഴലണ ബണ ഞാൻ കുറുപ്പേട്ടനെ അവിശ്വസിച്ചില്ല. നോക്കൂ, എന്റെ വ്രണം പുതുതാണ്.
കുറുപ്പ്: എങ്കിൽ അതു പുണ്ണാവുന്നതിന്നു മുമ്പു തന്നെ തുറന്നു കഴുകിക്കളയൂ, അതാണ് ആരോഗ്യകരം.
(സുധാകരൻ മെല്ലെ എഴുന്നേറ്റ് തുറന്നിട്ട മേശവലിപ്പിൽനിന്ന് ഒരു പുസ്തകം വലിച്ചെടുക്കുന്നു. അയാളുടെ കൈ വിറയ്ക്കുന്നു. പുസ്തകം തുറന്നു നാലായി മടക്കിയ ഒരു കത്തെടുത്തു നിവർത്തുന്നു. കുറുപ്പ് തിരിഞ്ഞും മറിഞ്ഞും കീശകളിൽ കണ്ണട തപ്പുന്നു. കത്തിന്നായി കൈ നീട്ടുന്നു. കണ്ണട കാണാതെ നിരാശപ്പെടുന്നു.)
സുധാകരൻ: വേണ്ട ഞാൻ വായിച്ചു തരാം. (വീണ്ടും സംശയിച്ച്) ഞാൻ ചെയ്യുന്നത് തെറ്റോ ശരിയോ, എനിക്കറിയില്ല. ഇതുഞാൻ വായിച്ചു. മറ്റൊരാളെ കാണിക്കാൻ എനിക്കധികാരമുണ്ടോ? അറിയില്ല. (പരുങ്ങുന്നു)
കുറുപ്പ്: സുധേ, ഞാൻ നിനക്ക് അന്യനല്ല. നിനക്ക് എന്നല്ല നിങ്ങൾക്ക്. നിങ്ങളുടെ ഗാർഹികസുഖത്തിൽ നിന്ന് ഞാൻ കണക്കുപറഞ്ഞ് ആതിഥ്യം പറ്റീട്ടുണ്ട്. അപ്പോൾ, അതിന്റെ തകർച്ചയിൽ നിലവിളിക്കാനും അർഹതയുണ്ട്. ഇല്ലേ
സുധാകരൻ: ഹാ അവമാനം എന്നെ കാർന്നുതിന്നുന്നു. (പരവശനാകുന്നു) അല്ലെങ്കിൽ, ഞാൻ തീർച്ചപ്പെടുത്തിക്കഴിഞ്ഞു. ഞാൻ തികച്ചും മോചിക്കപ്പെട്ടിരിക്കുന്നു. അവൾ ഇപ്പോൾ എന്റെ ആരുമല്ല!
കുറുപ്പ്: സുധേ, വായിക്കൂ. ഞാനിപ്പോഴും കമലമ്മ തെറ്റുകാരിയാണെന്നു വിശ്വസിക്കുന്നില്ല. ഇതെല്ലാം തന്റെ തലതിരിഞ്ഞ ഭാവനകളാണ്.
സുധാകരൻ: ഇതിന്റെ മുമ്പിലും? ശരി നോക്കൂ. (വായിക്കുന്നു.) ആർ.സി. ബാലഗോപാൽ, കോഴിക്കോട്.
കുറുപ്പ്: (എഴുന്നേറ്റ്) എന്ത്! ഇതവന്റെ കത്തോ! അവൻ! അവൻ!
സുധാകരൻ: അല്ല; ഇതവന്നുള്ളത്. ക്ഷോഭിക്കാതെ കേൾക്കൂ. (വായിക്കുന്നു.)
ആർ.സി. ബാലഗോപാൽ
കോഴിക്കോട്.

മറവിക്കു മറ്റുള്ളരെ കുറ്റപ്പെടുത്താൻ മിടുക്കുണ്ടായാൽ പോര. പുസ്തകം വേഗം തീർക്കണമെന്നു പറഞ്ഞിട്ട് ഇവിടെ വെച്ചാൽ മതിയായിരിക്കും. എന്നിട്ട് വല്ലവരും വായിക്കാനെടുത്താൽ എന്നെ കുറ്റപ്പെടുത്താമല്ലൊ. പിന്നെ, നേരത്തെ വരണം. 4 മണിക്ക് ഇവിടെയുള്ളവരൊക്കെ പോകും. എനിക്കു തനിച്ചിരിക്കാൻ വയ്യ— കമലം.

(വായിച്ചു കത്തു വലിച്ചെറിയുന്നു. സുധാകരൻ നിന്നു വിറയ്ക്കുന്നു. കത്തു കുറുപ്പിന്റെ കാൽക്കൽ വീഴുന്നു. കുറുപ്പ് അതെടുത്തു ദൂരെപ്പിടിച്ചു കണ്ണു ചുളിച്ചു നോക്കുന്നു. എഴുന്നേറ്റ് വെളിച്ചത്തിലേക്കു നീങ്ങി നിന്നു പരിശോധിക്കുന്നു.

കുറുപ്പ്: കയ്യക്ഷരം കമലമ്മയുടേതാണല്ലോ.

സുധാകരൻ: (ചുണ്ടു കടിച്ചുകൊണ്ട്) പിന്നെ എന്താ അല്ലാത്തത്.

കുറുപ്പ്: ഒപ്പില്ല.

സുധാകരൻ: സംബോധനയും ഒപ്പും ഇക്കൂട്ടർക്കു പതിവുണ്ടോ.

കുറുപ്പ്: അല്ലാ ഞാനാലോചിച്ചതാണ്. എനിക്കിതു വിശ്വാസമാകുന്നില്ല. സുധേ, തനിക്കു 4 മണിക്കു വല്ല പോഗ്രാമും ഉണ്ടോ ഇന്ന്?

സുധാകരൻ: 4 മണിക്കു ഞാൻ ഫറോക്കിൽ പോകും. അവിടത്തെ ടൈൽവർക്കസ് മാനേജരില്ലേ. മി. സ്റ്റീഫൻസ്? അദ്ദേഹം ഇവിടെ വരും. അവർ ഒരു വലിയ ലോൺ ആവശ്യപ്പെട്ടിട്ടുണ്ട്. എന്റെ റിപ്പോർട്ടിന്മേലേ ഡയറക്റ്റർമാർ അതു പാസാക്കൂ. 4 മണിക്ക് അതായിരുന്നു പരിപാടി.

കുറുപ്പ്: (വീണ്ടും കത്തു തിരിച്ചും മറിച്ചും നോക്കിക്കൊണ്ട്) ഹായ്, സുധാകരൻ! ഇവന്നെപ്പോഴും ചുമലിലിരുന്ന് ചെവി തിന്നുന്നതിലേ രസമുള്ളൂ. നികൃഷ്ടൻ!

സുധാകരൻ: എന്തിന്! അയാൾ പേരും പെരുമയും ഉള്ളവൻ! സാഹിത്യകാരൻ! ലോകത്തെ നയിക്കുന്നവൻ! സംസ്കാരത്തിന്റെ ഊരാളൻ! ബഹുജനത്തിന്റെ പേരിൽ ഉണ്ടെന്നും ഇല്ലെന്നും പറയാൻ അധികാരപ്പെട്ട പത്രപ്രവർത്തകൻ! അവരായിരിക്കും ശരി. അവർക്കു തെറ്റില്ല. ഞാൻ നിസ്സാരൻ. അരസികൻ. പണമെണ്ണുന്ന വെറുമൊരു യന്ത്രം.

കുറുപ്പ്: (ആലോചനാപൂർവ്വം) സുധാകരൻ, ഞാനൊന്നു പറയട്ടെ, കാര്യത്തിന്റെ കനം കുറയ്ക്കുകയല്ല. സുധയ്ക്ക് ഇതെന്താണെന്നു ഞാൻ മനസ്സിലാക്കുന്നുണ്ട്. എന്നാലും ഇതിന്മേൽ മാത്രം ഉറപ്പിച്ചുകൊണ്ടുള്ള വിധി പാക്ഷികമാവും.

സുധാകരൻ: എന്തുകൊണ്ട്?

കുറുപ്പ്: അത്രയ്ക്കൊന്നും അവൾ ഉദ്ദേശിച്ചിട്ടുണ്ടെന്നു വരില്ല. കേവലം സൗഹാർദ്ദമാവാം ഇതെഴുതാൻ പ്രേരകം. അത്രയ്ക്കെ ഇതിൽനിന്നു മനസ്സിലാക്കാവൂ.

സുധാകരൻ: (ക്രോധത്തോടെ) എന്ത്! അത്രയ്ക്കേ മനസ്സിലാവൂ? വായിച്ചുവോ, കുറുപ്പേട്ടൻ? (കത്തെടുത്തുനോക്കി) എന്നിട്ട് വല്ലവരും വായിക്കാനെടുത്താൽ... ആരാണീ വല്ലവരും? ആ പുസ്തകം ആയാളുടെ കയ്യിൽ കണ്ട അന്നുതന്നെ ഞാനാവശ്യപ്പെട്ടിരുന്നു. അതോർക്കണം. ആ ഞാനാണ് ഈ വല്ലവൻ. അവൻ അവളുടെ... (പല്ലു കടിച്ചുകൊണ്ട്) ഹ, ഹ, വഞ്ചന. ക്രൂരമായ വഞ്ചന.

കുറുപ്പ്: എന്തും സുധയുടെ കണ്ണിൽ ഇപ്പോഴും അങ്ങിനേയേ കാണൂ. ഞാനാ വാചകം നോക്കി. വ്യാഖ്യാനം അങ്ങിനെതന്നെ ആയ്ക്കോളണമെന്നില്ല. പക്ഷെ, യുക്തിവാദം ഇവിടെ വിലപ്പോകില്ല. വികാരത്തിന്മേൽ മുറിവു തട്ടുമ്പോൾ വിചാരത്തിന്നുള്ള വിഷയങ്ങൾ നിശ്ചേതനമാകും. ചിലപ്പോൾ മറിച്ചുള്ള ഫലം ചെയ്തുവെന്നും വരും.

സുധാകരൻ: ഞാനൊട്ടും വിചാരമൂഢനല്ല. ഞാനവളെ ഉപേക്ഷിച്ചു. ആ തീരുമാനം വരെയ്ക്കേ മുറിപ്പെട്ട വികാരം വേദനപ്പെടുത്തിയുള്ളു.

കുറുപ്പ്: അതു ഞാൻ വിശ്വസിക്കില്ല.

സുധാകരൻ: സത്യമാണ്. അതിന്നുശേഷമാണ് ഇതെല്ലാം വലിച്ചുവാരി പുറത്തിട്ടത്. ഇനിയും കാണണം ഈ കത്തെടവാടിന്റെ നീണ്ട ഫയൽ. അതൊന്നും എന്റെ വീട്ടിനകത്തു വേണ്ട.

കുറുപ്പ്: (വ്യസനത്തോടുകൂടി) മനസ്സിലായി.

സുധാകരൻ: (വിവേകപൂർവ്വമെന്ന നാട്യത്തോടെ) ഇനിയെന്തു ചെയ്യണം? എനിക്കവളെ അവഹേളിക്കണമെന്നില്ല. ആ തറവാടിനേയും ചീത്തയാക്കണമെന്നില്ല. അവൾ സ്വന്തം വീട്ടിൽ പൊയ്ക്കോട്ടെ. സ്വതന്ത്രയാണ്. സ്വന്തം ജീവിതം രൂപപ്പെടുത്താൻ അവൾക്കാണധികാരം; എന്നെ വഞ്ചിച്ചുകൊണ്ടാവരുതെന്നു മാത്രം.

കുറുപ്പ്: ഛെ, ഛെ, നിർത്തു. നിർത്തു. വിധിയും, വിധി നടത്തലും ഒന്നിച്ചു കഴിഞ്ഞാലോ! അവരുടെ സൗഹാർദ്ദം അതിരുകടന്നു എന്നു തീർച്ചപ്പെട്ടുവോ? ഇനി പോക്ക് ആപത്തിലേക്കാണെന്നു വെയ്ക്കുക – നിനക്കവളെ നിയന്ത്രിക്കാം. നിയന്ത്രിക്കണം. അവൾ വെറും ബാലിക. ലോകമറിയാത്ത പാവം!

സുധാകരൻ: അയ്യോ, നിർത്തണം, എനിക്കിതു സഹിക്കാൻ വയ്യാ! ഞാൻ സവിശ്വാസം കിടന്നുറങ്ങുമ്പോൾ എന്റെ ലാളനയിലും രക്ഷയിലും തൃപ്തിപ്പെടുന്നു എന്നു ഞാൻ കരുതുമ്പോൾ, വായിൽ വിഷജ്വാല വമിക്കുന്ന ഒരു ചെകുത്താനെ സ്വപ്നം കണ്ടുകൊണ്ട്, കെട്ടിപ്പിടിച്ചു കൊണ്ട്, അത്രയും എന്നെ വെറുത്തുകൊണ്ട്, ഓരോ നിശ്വാസത്തിലും വഞ്ചന വമിച്ചുകൊണ്ട്-ഹൊ! ഒടുവിൽ പാവമത്രെ പാവം! ഉണ്ട്, ഞാൻ നിയന്ത്രിക്കേണ്ടതുണ്ട്. അവനേയും, അവളേയും. (പല്ലു കടിച്ചു മുഷ്ടിചുരുട്ടി കുത്തിക്കൊല്ലുന്നതായി കാണിക്കുന്നു.) പക്ഷെ, അതെന്റെ സംസ്കാരത്തിന്ന് ചേർന്നതല്ലല്ലേ.

കുറുപ്പ്: ച്ഛെ, ച്ഛെ.

സുധാകരൻ: (അണിയററിലേക്കു നോക്കി) അതാ, അവൾ വരുന്നുണ്ട്. മിസ്സ് ലീല കൂടെയുണ്ട്. അവൾ ഇതറിയുന്നത് എനിക്കിഷ്ടമല്ല. എന്റെ സമനില തകിടം മറിഞ്ഞിരിക്കുന്നു. എനിക്കു തലവേദനയുണ്ട്. (കൈ ചെന്നിക്കു വെച്ചുകൊണ്ട്) വലിയ ഇരുമ്പുലക്കകളാണ് എന്റെ തല തകർക്കുന്നത്. ഞാൻ കുറച്ചു സമയം ഒറ്റക്കിരിക്കട്ടെ.

കുറുപ്പ്: അതേ, ശരിയാണ്. മനസ്സൊന്നു തണുപ്പിക്കും.

സുധാകരൻ: ഹാ, മനസ്സ്! അതു ചാമ്പലായി.

(പോകുന്നു)

(കമലയും, ലീലയും പ്രവേശിക്കുന്നു. രണ്ടു ചെറുപ്പക്കാരികൾ. അവർ മുറിയിലുള്ള കോലാഹലങ്ങൾ നോക്കിക്കാണുന്നു)

കമലമ്മ: (ലീലയോട്) അതേ, കണ്ടു. എന്നിട്ടു കത്തു തിരഞ്ഞതാണ്.

ലീല: അതെ, തിരഞ്ഞതാവണം. നല്ലവണ്ണം ദ്വേഷ്യം വന്നിട്ടുമുണ്ട്.

കുറുപ്പ്: (ശ്രദ്ധിച്ച്) അപ്പോൾ, ആ കത്തു ശരിയാണോ കമലമ്മേ?

ലീല: അപ്പോൾ കുറുപ്പ് അറിഞ്ഞുകഴിഞ്ഞു.

കമലമ്മ: (കുറുപ്പിനോട്) എന്താ സംശയമുണ്ടോ?

കുറുപ്പ്: എനിക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല.

കമലമ്മ: എന്നാൽ അസ്സൽ തന്നെ കാണിച്ചുതരാം.

കുറുപ്പ്: അസ്സലോ?

കമലമ്മ: അതെ, അസ്സൽതന്നെ എന്റെ കയ്യിലുണ്ടു (ഹാൻബാഗു തുറക്കുന്നു)

കുറുപ്പ്: അപ്പോൾ ഇവിടെ കണ്ടതു പകർപ്പാണോ?

കമലമ്മ: അതേ, നേരുപകർപ്പ്.

ലീല: അതെ, കമല എടുത്തുവെച്ച പകർപ്പ്. അപ്പോൾ, കുറുപ്പ് ആ പകർപ്പും കണ്ടു, ഇല്ലേ?

കുറുപ്പ്: കണ്ടു, പകർപ്പാണെങ്കിൽ.

കമലമ്മ: ഇതാ-നോക്കിക്കോളു. വല്ല വ്യത്യാസവുമുണ്ടോന്ന്. (കത്തെടുത്തു കുറുപ്പിന്റെ കയ്യിൽ കൊടുക്കുന്നു) ഇതു തിരഞ്ഞതല്ലേ, ഈ കോലാഹലമൊക്കെ?

കുറുപ്പ്: (വീണ്ടും കണ്ണട തപ്പുന്നു. നിരാശനായി വെളിച്ചത്തിലേക്കു മാറിനിന്ന് കണ്ണു ചുളിച്ച് നിശ്ശബ്ദം വായിക്കുന്നു. പിന്നെ അത്ഭുതത്തോടും ആശ്വാസത്തോടുംകൂടി) ഇത് മിസിസ് ബാലഗോപാലല്ലെ? ഓ, ആയമ്മയും ഒരു കമലം ആണല്ലെ. എന്നാൽ നിങ്ങളിൽ ഒരാളുടെ പേരു മാറ്റണം.

ലീല: അതെ, ആ കത്തെഴുതിയ ആളുടെ പേര് ഈ കമലമ്മയ്ക്കു പറ്റില്ല.

കുറുപ്പ്: എന്നിട്ട് കമലമ്മേ, നീയീ കത്ത് മുകളിലുള്ള ലറ്റർ ഹെഡ്ഡുംകൂടി അപ്പാടെ അങ്ങു കോപ്പി ചെയ്തു. അല്ലെ? (ഒ, വിഡ്ഢി എന്ന അർത്ഥത്തിൽ മൂക്കിന്മേൽ വിരൽവെയ്ക്കുന്നു)

കമലമ്മ: അതേ, ഞാൻ ശരിയായ പകർപ്പെടുത്തു വെച്ചു.

കുറുപ്പ്: എന്തിന്?

കമലമ്മ: എന്തിന്? ഈ കത്ത് എനിക്കു സൂക്ഷിക്കാൻ തന്നെ. കാര്യം അറിയാനല്ലേ കത്ത്? നേരുപകർപ്പ് എടുത്തു ബാങ്കിൽനിന്നു വരുമ്പോൾതന്നെ കണ്ടോട്ടെന്നു വെച്ചിട്ട് മേശപ്പുറത്തു വച്ചിട്ടാ പോയത്. ഇത് എനിക്കു വേണം.

കുറുപ്പ്: അതെന്തിന്?

ലീല: അതോ, അത് മി.മേനോന്റെ കയ്യിൽ കിട്ടിയാൽ അപ്പോൾ ചീന്തിക്കളയില്ലേ? കമലമ്മയ്ക്കു പിന്നെ റിക്കാർഡെന്താ?

കുറുപ്പ്: (ചിരിച്ചുകൊണ്ട്) ആവൂ, രക്ഷപ്പെട്ടു – ഞാനിവിടെ ഇരുന്ന് വെയർത്ത് വെള്ളമായിപ്പോയി.

കമലമ്മ: എന്തിന്?

കുറുപ്പ്: (പഴയ കത്തു പകർപ്പെടുത്തു കാണിച്ച്) നോക്കൂ. ഇതുകണ്ടാൽ എന്താ തോന്നുക? കമലമ്മ, ബാലഗോപാലന്ന് എഴുതിയതാണെന്നല്ലെ?

(കമലമ്മയും ലീലയും അന്യോന്യം നോക്കുന്നു)

ലീല: ശരിയാണ് കമലേ, അത് നീ ആലോചിച്ചില്ല.

കമലമ്മ: (കുറുപ്പിനോട്) ആഹാ, അങ്ങിനെ തോന്ന്വോ? അതിന് അവളടെ മാതിരി കണ്ടോർക്കൊക്കെ കത്തയച്ചു വരുത്താൻ ഞാൻ പഠിച്ചിട്ടില്ല – പഠിക്കൂല്യ. എന്റെ തറവാട്ടിൽ അതൊട്ടു പതിവൂല്യ. അതൊക്കെ അവളുടെ തറവാട്ടിൽത്തന്നെയാണ്. ഇതു നടാടത്തെ ഒന്ന്വല്ല. എനിക്കറിയാം. എന്നെക്കൊണ്ട് പറയിക്കണ്ട!

ലീല: (എന്തോ ആലോചിച്ചു മനസ്സിലാക്കിയപോലെ തല കുലുക്കിക്കൊണ്ട്) അപ്പോൾ മി. കുറുപ്പു ധരിച്ചത് കമലമ്മ ബാലഗോപാലന് കത്തെഴുതി എന്നാണല്ലെ?

കമലമ്മ: എന്നിട്ട് അതു വിശ്വസിക്കീം ചെയ്തു!

ലീല: ഇതെന്താ ഒരു കോലാഹലം? ഇതൊക്കെ വലിച്ചുവാരിയിട്ടത്?

കുറുപ്പ്: (സഗൗരവം) പുരുഷന്റെ ഹൃദയം അങ്ങിനെയാണ്. മറ്റായിരം തെറ്റും – അല്ലാ ആയിരം കാര്യവും – അവൻ മാപ്പാക്കും. ദുസ്സംശയമുണ്ടല്ലോ അവനെ കൊല്ലും. പിന്നെ അവൻ ഇല്ല. ആ കത്ത്, അല്ല, പകർപ്പില്ലെ, അതു കണ്ടപ്പോഴേക്കും അയാൾ തകിടം മറിഞ്ഞു. ഇനി വല്ല കത്തും ഉണ്ടോ എന്നു തപ്പിയതാണ്.

ലീല: (ബുദ്ധിചാതുര്യത്തോടെ) കുറുപ്പേ, പെണ്ണുങ്ങളാണെന്നു വിചാരിച്ച് നിങ്ങൾ വല്ലാതെ കളിപ്പിക്കണ്ട. ഒന്നു കമലമ്മയുടെ കയ്യിൽ കിട്ടിയപ്പോൾ ഇനിയുള്ളത് അവൾ തപ്പി എടുക്കണ്ടാന്നു വച്ചിട്ട് ഇതിനു മുൻപു കിട്ടിയ കത്തൊക്കെ തിരഞ്ഞതല്ലെ?

കമലമ്മ: ഹായ്, എന്നിട്ട്, അത് ഞാനെഴുതിയ കത്താണെന്നും പറഞ്ഞ് നിങ്ങളെ കാണിച്ചു. അല്ലേ? ഞാൻ കണ്ടവർക്കൊക്കെ കത്തയയ്ക്കുമെന്നു അദ്ദേഹം പറയുകയും ചെയ്തു. ഹായ്. ഇതു സഹിച്ചുകൂടാ. (മുഖം വികൃതമാകുമാറ് സ്തോഭങ്ങൾ പ്രത്യക്ഷപ്പെടുന്നു. അവൾ മുറിവിട്ടു പോകുന്നു.)

ലീല: (സക്ഷോഭം) ഞാൻ അവിവാഹിതയാണ്. എന്നാലും കമലമ്മയെക്കാൾ പ്രായം എനിക്കുണ്ട്. ഒരുത്തന്റെ തോളിൽ കയറിയാലെ ലോകം കാണാനൊക്കൂ എന്നെനിക്കു തോന്നീട്ടുമില്ല. ചിലതൊക്കെ എനിക്കുമറിയാം. കമലമ്മ വിഡ്ഢിയാണെന്നുവെച്ച് അവളെ കളിപ്പിക്കരുത്. അവളോടു മി. മേനോൻ കാണിച്ചത് അനീതിയാണ്.

കുറുപ്പ്: മിസ് ലീലാ, സത്യം പറയട്ടെ. ഞാൻ അമ്പരക്കുകയാണ്. ആര്, ആരെ വഞ്ചിക്കുന്നു എന്ന് എനിക്കറിയില്ല. നിങ്ങളെപ്പോലെ ഞാനും അവിവാഹിതനാണ്. എന്നാലും എന്റെ ചുണ്ടിൽനിന്ന് ഈ കുടുംബകലഹം ഊതിക്കത്തിക്കുന്ന യാതൊന്നും പുറപ്പെട്ടില്ല.

ലീല: (മുഖം കറുത്തുകൊണ്ട്) അതു പരിതാപകരമായിപ്പോയി മി. കുറുപ്പ്! അപ്പോൾ ഞാനൊരു കുടുംബകലഹം ഇവിടെ പ്രതീക്ഷിക്കുന്നു എന്നല്ലെ അതിന്റെ ധ്വനി. തരമുണ്ടെങ്കിൽ അത് ഊതിക്കത്തിക്കാനാണ് വന്നതെന്നും! അത്, ചിലതെല്ലാം മനസ്സിലാക്കിക്കൊണ്ട് എന്റെ നേർക്കു തൊടുത്ത ഒളിയമ്പാണ്. മറിച്ച്, എനിക്കും പറയാം, നിങ്ങൾ മിസിസ് ബാലഗോപാലനെ രക്ഷപ്പെടുത്താൻ ശ്രമിക്കയാണെന്ന്.

കുറുപ്പ്: (പരിഭ്രമിച്ച് ഒരടി മുമ്പോട്ടുനടന്ന്) മാപ്പ്! മിസ് ലീലാ, ഞാൻ നിങ്ങളെ വേദനിപ്പിച്ചുവോ? ഞാൻ ഉദ്ദേശിച്ചിട്ടില്ല. എനിക്കറിയാം സുധാകരൻ ഒരു വെറും തെറ്റിദ്ധാരണയിന്മേലാണ് നിങ്ങളുമായി അകന്നതെന്ന്! പക്ഷെ, ഞാനതു ഓർമ്മിച്ചുകൊണ്ടല്ല പറഞ്ഞത്. അവിവാഹിതരായ നമ്മൾ ഒരു കുടുംബകാര്യവുമായിടപെടുമ്പോൾ കൂടുതൽ കരുതലോടെ വേണം. പലതും നമുക്ക് അറിഞ്ഞുകൂടാത്തതുണ്ടാവാം. അത്രേ ഉദ്ദേശിച്ചുള്ളു.

ലീല: കുടുംബം എന്ന സ്ഥാപനത്തിന്റെ മാഹാത്മ്യം ഞാൻ മറന്നിട്ടില്ല. പക്ഷെ, ഒരുവൾ ചതഞ്ഞരഞ്ഞിട്ടുവേണം കുടുംബം നിലനില്ക്കാനെന്ന് എനിക്കഭിപ്രായമില്ല.

കുറുപ്പ്: ചതവും അരവും ഇരുകൂട്ടർക്കും പറ്റാം. അവർ അതു പൊരുത്തപ്പെടണം. പ്രേമം അതാണാവശ്യപ്പെടുന്നത്.

ലീല: പ്രേമം! അതെനിക്കറിയില്ല. നാട്ടുനടപ്പ്, പുരുഷനോടു കൂത്താടാനും, സ്ത്രീയോടു പരിക്കേൽക്കാനുമാണ് ആവശ്യപ്പെടുന്നത്. അതൊന്നു മാറ്റാതെ ഗത്യന്തരമില്ല.

കുറുപ്പ്: അപ്പോൾ നിങ്ങളുടെ അനുഭാവം കമലമ്മയുടേയും മിസിസ് ബാലഗോപാലന്റെയും ഭാഗത്താണ്!

ലീല: അല്ലതന്നെ! കമലമ്മയോടു നീതികാണിക്കുംപോലെതന്നെ മി. ബാലഗോപാലനോടും നീതി കാണിക്കണം. അതുകൊണ്ടു ചതഞ്ഞരയുന്ന വ്യക്തി ആരായാലും.

കുറുപ്പ്: ഞാൻ വ്യസനിക്കുന്നു; എനിക്കു യോജിക്കാൻ വയ്യ. ഞാൻ എല്ലാ കുറ്റക്കാർക്കുംവേണ്ടി മാപ്പു ചോദിക്കുന്ന കൂട്ടത്തിലാണ്.

ലീല: എങ്കിൽ നിങ്ങൾ ഇപ്പോഴും ഇത്തരം കത്തുകൾ പ്രതീക്ഷിക്കുന്നു എന്നാണർത്ഥം.

കുറുപ്പ്: (ചിരിച്ചുകൊണ്ട്) നോക്കണം, എപ്പോഴും വിലാസം തെറ്റിക്കൊണ്ടാണ് കത്തുകൾ സഞ്ചരിക്കുന്നത്.

ലീല: (സസ്മിതം) വിലാസം തെറ്റിയാൽ വൈകീട്ടെങ്കിലും കിട്ടുമെന്നു പ്രതീക്ഷിക്കുക.

കുറുപ്പ്: ശരിയാണ്. നിങ്ങൾക്കും ആ പ്രതീക്ഷ നന്ന്. (രണ്ടാളും ചിരിക്കുന്നു)

(കമലമ്മ വരുന്നു)

ലീല: ഏതായാലും മി. മേനോൻ കാര്യം തുറന്നു സമ്മതിച്ച് കമലമ്മയോടു മാപ്പു ചോദിക്കുമെന്നാണ് എന്റെ പ്രതീക്ഷ.

കമലമ്മ: മാപ്പ്! എന്നോടാരും മാപ്പുചോദിക്കണ്ട. എനിക്കൊരു വീടുണ്ട്. ഞാൻ അങ്ങോട്ടു പൊയ്ക്കോളാം. പിന്നെ ആരുടെ കത്തു വന്നാലെന്താ? ഏതു എവളുടെ അടുത്തേക്കു പോയാലെന്താ? (ഗദ്ഗദത്തോടുക്കൂടി) വഴിയാധാരവും മറ്റുമാവില്ല, എന്റെ അച്ഛൻ ഉള്ളടത്തോളം കാലം.

(കണ്ണൊപ്പുന്നു)

കുറുപ്പ്: ഞാനിപ്പോഴും ഇരുട്ടിലാണ്. എനിക്കു സുധയെ കുറ്റപ്പെടുത്താൻ കൂടുതൽ തെളിവു വേണം. അങ്ങിനെ ഒരു രംഗമാണിവിടെ കഴിഞ്ഞത്. ആട്ടെ ഞാനയാളെ വിളിക്കട്ടെ.

(അകത്തു പോകുന്നു)

കമലമ്മ: അതേ, അത്രയും മിടുക്കോടെ അഭിനയിച്ചു. ലീലെ, മതി. പോവുക. എനിക്കു സുഖമില്ല. എനിക്കു പനിക്കുന്നുണ്ട്. എല്ലാം അവസാനിച്ചു. ഞാൻ ഇനി ഒരു മിനിട്ട് ഇവിടെ നില്ക്കില്ല.

ലീല: (കമലമ്മയുടെ നെറ്റിക്കുകൈവച്ചുകൊണ്ട്) നല്ല ചൂടുണ്ട്. നിനക്കു ക്ഷോഭം കൊണ്ടാണ്. നീ കുറച്ചു വിശ്രമിക്ക്.

കമലമ്മ: വേണ്ട. നമുക്കു പോവുക.

ലീല: കമലമ്മേ, നമ്മൾ വന്നതെന്തിന്ന്?

കമലമ്മ: എനിക്കാരേയും കാണണ്ട. ആരോടും യാത്ര പറയാനുമില്ല. മതി. എന്റെ ജന്മത്തിൽ ഇതുമതി.

ലീല: പോരാ. തമ്മിൽ കണ്ടു പറഞ്ഞു പിരിയുക തന്നെ വേണം.

കമലമ്മ: അച്ഛന്നു ഫോൺ ചെയ്യാൻ വൈകിയാൽ ഇന്നു വരില്ല. ഇവിടത്തെ ഫോൺ ഞാനുപയോ ഗിക്കില്ല.

ലീല: അച്ഛൻ നാളെ വന്നാലും തരക്കേടില്ല.

കമലമ്മ: ഞാനിനി ഒരു മിനിട്ടു ഈ വീട്ടിൽ നില്ക്കില്ല.

ലീല: വേണ്ട, നിനക്കെന്റെ വീട്ടിൽ സ്ഥലമുണ്ട്.

കമലമ്മ: (മുറിയിൽ ആകെയൊന്നു നോക്കി ഉടഞ്ഞുകിടക്കുന്ന ഫോട്ടോ എടുക്കുന്നു.) ഹാ, ശരി. എന്റെ ജീവിതത്തിന്റെ തികച്ചും പ്രതിനിധിയായിട്ടുണ്ട്.

ലീല: നോക്ക് കമലമ്മെ, നിനക്കു പനിക്കുന്നുണ്ട്. നീ നിന്റെ ക്ഷോഭം വർദ്ധിപ്പിക്കരുത്.

കമലമ്മ: ഇങ്ങനെ അദ്ദേഹത്തിന്റെ ചവിട്ടുകൊണ്ടുതന്നെ ഞാനും തകർന്നു... ഹാവൂ! എത്രകാലമായി ഞാനീ വഞ്ചനയിൽ പെട്ടിട്ട്! ദുഷ്ടത്തി! ഹാ അവൾ അവളുടെ സ്വന്തം ഭർത്താവിനെയല്ലെ വഞ്ചിക്കുന്നത്!

ലീല: അവൾക്കതിന്നു അധികാരമുണ്ട്. ഭർത്താവിന്ന് ഒരു ഭാര്യയെ വഞ്ചിക്കാമെങ്കിൽ ഭാര്യയ്ക്കു ഒരു ഭർത്താവിനെയും വഞ്ചിക്കാം.

കമലമ്മ: അതെനിക്ക് ആലോചിക്കാൻ വയ്യ!

ലീല: അതെ ക്രമേണ നിന്നിൽ തനിയെ അടിമത്വബോധം വളരുന്നുണ്ട്, എന്നേ അർത്ഥമുള്ള. കുടുംബജീവിതത്തിന്റെ ശാപം.

കമലമ്മ: അതൊരു ശാപമാണോ ലീലെ?

(സുധാകരനും കുറുപ്പും പ്രവേശിക്കുന്നു)

സുധാകരൻ: മിസ് ലീലാ, ഇതിൽ എന്തോ ചതിയുണ്ട്. ഞാൻ ആ സ്ത്രീയെ അറിയില്ല. സത്യം പറയുന്നു. ഞാൻ ആ സ്ത്രീയെ അറിയില്ല. അവർ ഇങ്ങനെ എനിക്കൊരു കുറിപ്പെഴുതാൻ വയ്യ!

കമലമ്മ: അതേ, ആ സ്ത്രീ പതിവ്രതയാണ്. സാവിത്രിയാണ്. ആളെ അറിയൂല്യ, അറിയുന്ന സ്ത്രീ എല്ലാവർക്കും കത്തെഴുതും, എല്ലാവരുടെയും...

(കരയുന്നു)

സുധാകരൻ: അതൊരു വലിയ ദൌർഭാഗ്യമായി കമലെ. ഞാൻ സംശയിച്ചതിന്നു മാപ്പുചോദിക്കുന്നു. പക്ഷെ എന്റെ സ്നേഹം അത്രയും സിൻസിയർ ആണ്. അതുകൊണ്ടാണ് ക്ഷോഭിച്ചത്. ആ സ്നേഹത്തിന്റെ പേരിൽ എനിക്കു മാപ്പ്...

ലീല: മി. മേനോൻ, അപ്പോൾ കമലമ്മ അത്രയും സിൻസിയർ അല്ലെന്നു സമ്മതിക്കണം അല്ലേ? ഇതു ഭംഗിയല്ല. സ്നേഹത്തിൽ ആത്മാർത്ഥത ഇരുകൂട്ടർക്കും ഉണ്ടെന്ന നിലക്കല്ലെ പെരുമാറേണ്ടത്?

സുധാകരൻ: തീർച്ചയായും.

ലീല: എങ്കിൽ കമലമ്മയുടെ കയ്യിൽ കിട്ടിയ, താങ്കൾക്കു ഏതോ ഒരു സ്ത്രീ എഴുതിയ കത്തിനെപ്പറ്റി താങ്കൾ പറയേണ്ടത് ഇതല്ല.

കുറുപ്പ്: സുധേ, സ്ഥിതി ഏറ്റവും ദൌർഭാഗ്യകരമാണ്. നിന്റെ സത്യം, അതെന്തായാലും തെളിഞ്ഞേ പറ്റൂ.

സുധാകരൻ: താങ്കളും എന്നെ അവിശ്വസിക്കുന്നുവോ?

കുറുപ്പ്: എനിക്കു കമലമ്മയെ അവിശ്വസിക്കുവാൻ കഴിഞ്ഞില്ല!

ലീല: മി. മേനോൻ, എനിക്കു നിങ്ങളുടെ ഗൃഹകാര്യങ്ങളിൽ കയ്യിടണമെന്നില്ല. ഭാര്യാഭർതൃബന്ധത്തെപ്പറ്റിയും എനിക്കറിയില്ല. പക്ഷെ, കമലമ്മയുടെ കാര്യത്തിൽ ഇടപെടാതെ വയ്യ; വിശേഷിച്ചും. കമലമ്മ നിങ്ങളുമായി പിരിയുന്ന സ്ഥിതിക്ക്. ഞാൻ അവരുടെ സുഹൃത്താണ്. ഈ പട്ടണത്തിൽ അവർക്ക് ഏറ്റവും അടുത്ത ആൾ ഞാൻ മാത്രമാണല്ലൊ

സുധാകരൻ: കമല പിരിയുകയോ?

ലീല: അതെ, അത് താങ്കളോടു പറയാൻ മാത്രമാണ് ഞങ്ങൾ വന്നത്. താങ്കൾ ആ ഏതോ സ്ത്രീയുടെ കത്തിന്റെ കാര്യം തുറന്നുപറഞ്ഞ് മാപ്പുചോദിക്കുകയും, കമലമ്മ അത് സ്വീകരിക്കുകയും ചെയ്തെങ്കിൽ എന്റെ കാര്യം അവസാനിച്ചിരുന്നു. അതിന്നല്ലല്ലൊ ഭാവം!

കമലമ്മ: എന്നോടാരും മാപ്പുചോദിക്കണ്ട. എന്നെക്കൊണ്ട് ബുദ്ധിമുട്ടും വേണ്ട.

സുധാകരൻ: ഞാൻ എന്തുചെയ്യണം? ഞാൻ നിരപരാധിയാണ്.

ലീല: (സരോഷം) അതിരിക്കട്ടെ. വളരെകാലം, എന്നുവെച്ചാൽ യുഗാന്തരങ്ങളായി നടന്നുവരുന്നതാണ് പുരുഷന്റെ നിരപരാധിത്വവും, സ്ത്രീയുടെ അപരാധങ്ങളും. കമലമ്മയാണ് അപരാധിനി. ആവട്ടെ, ആ സ്ത്രീ മേലാൽ താങ്കളൊന്നിച്ചു ജീവിക്കാൻ ഇഷ്ടപ്പെടുന്നില്ല.

കുറുപ്പ്: മിസ്, ലീലാ ഈ കത്താണ് നിങ്ങൾക്കാസ്പദം. അതിന്മേൽ മാത്രം ഊന്നിനിന്ന് വിധികല്പിക്കാമോ?

ലീല: എന്തുകൊണ്ട് പാടില്ല?

കുറുപ്പ്: ഇത് സുധ എഴുതിയതല്ല. സുധ എഴുതിയ ഒരു കത്ത് പിടിച്ചാണെങ്കിൽ നിങ്ങൾ പറയുന്നത് ശരിയാണ്.

കമലമ്മ: അത് അവളുടെ പെട്ടിയിലല്ലേ കാണൂ. ആ സാവിത്രിയുടെ!

സുധാകരൻ: കമലെ, ഈശ്വരന്നറിയാം ഈ കത്ത് എങ്ങനെ വന്നുവെന്ന്! ഞാനതിന്ന് ഉത്തരം പറയണം. ശരിയാണ്, നിനക്കെന്നെ കുറ്റപ്പെടുത്താം. എനിക്ക് ഉത്തരമില്ല. നിനക്ക് ഈ കാരണത്തിന്മേൽ എന്നെ ഉപേക്ഷിക്കാൻ അധികാരമുണ്ട്. മറിച്ച് തെളിയുന്നതുവരെ എനിക്കതിനെ വിലക്കാനാവില്ല.

ലീല: താങ്കൾക്ക് എന്തുകൊണ്ട് മി. ബാലഗോപാലന്ന് ഫോൺ ചെയ്തുകൂടാ?

സുധാകരൻ: എന്തിന്ന്?

ലീല: ഈ കത്തുകൊടുത്തു അന്വേഷിക്കാമല്ലൊ.

സുധാകരൻ: അയ്യയ്യോ!

കുറുപ്പ്: ഭയങ്കരം!

ലീല: താങ്കൾ  നിരപരാധിയാണെങ്കിൽ?
കുറുപ്പ്: മിസ്, ലീലാ നിങ്ങൾക്കറിയില്ല പലതും.
സുധാകരൻ: അതു  ചെയ്തുകൂടാ. നിർഭാഗ്യം എന്റെ ഗൃഹത്തിന്ന് മതി.
കമലമ്മ: അപ്പൊ, ദയ, വഞ്ചിക്കപ്പെടുന്ന സ്നേഹിതനോടല്ലല്ലൊ.
ലീല: അപ്പോൾ കമലമ്മ വഞ്ചിക്കപ്പെടുന്നില്ല. എന്നുതന്നെയാണോ ഇനിയും മനസ്സിലാക്കേണ്ടത്?
സുധാകരൻ: (മുറിപ്പെട്ട മാന്യതാബോധത്തിന്റെ ശുണ്ഠിയോടുകൂടി) മതി.ഞാൻ അപരാധിയാവട്ടെ. അല്ലന്ന് തെളിയിക്കാനാണല്ലൊ ഇതൊക്കെ ചെയ്യേണ്ടത്! ഞാൻ ഒരുക്കമില്ല. കമലേ, ഒരു കോടതിമുഖേന അകറ്റാവുന്ന ബന്ധമാണ് നാം തമ്മിലുള്ളതെങ്കിൽ നിനക്കെപ്പോഴും പോകാൻ സ്വാതന്ത്ര്യമുണ്ട്. അല്ല. ഹൃദയവും ഹൃദയവും കൂടി വല്ല വേഴ്ചയുമുണ്ടെങ്കിൽ ഈ അനിശ്ചിതാവസ്ഥ പൊറുത്ത് നിനക്കെന്റെ ഒന്നിച്ചിരുന്നുകൂടെ? നിർബ്ബന്ധമില്ല കമലേ, നീ പോകുന്നോ
കുറുപ്പ്: സുധേ, കൂടുതൽ ഉപദേശിക്കേണ്ട ചുമതല നിനക്കുണ്ട്. കമലമ്മെ, സ്ത്രീയുടെ സ്വാതന്ത്ര്യത്തെപ്പറ്റി എനിക്കൊന്നും പറയാനില്ല. കുടുംബം തകരാതെ നില്ക്കാൻ രണ്ടുപേരും കുറയൊക്കെ സഹിക്കണം.
(വാതില്ക്കൽ വാല്യക്കാരൻവന്ന്) ബാലഗോപാലനദ്ദേഹത്തിന്റെ വാല്യക്കാരൻ  വന്നിട്ടുണ്ട്.
ലീല: (സോത്സാഹം) ഇങ്ങോട്ട്  വരാൻ പറ.
(വാല്യക്കാരൻ പ്രവേശിക്കുന്നു.)
സുധാകരൻ: എന്തുവേണം?
വാല്യക്കാരൻ: കൊച്ചമ്മ പറഞ്ഞയച്ചു. (പരിഭ്രമിച്ച് എല്ലാവരുടേയും മുഖത്തു നോക്കുന്നു)
ലീല: (കമലമ്മയോട്) മറുപടിയായിരിക്കും.
കമലമ്മ: (ക്ലോക്കിൽ നോക്കി) 4  മണി കഴിഞ്ഞു.
ലീല: ഹൊ, വല്ലാത്ത ധൈര്യം!
കുറുപ്പ്: എന്ത് പറഞ്ഞയച്ചെടാ കൊച്ചമ്മ?
വാല്യക്കാരൻ: അത്....പിന്നെ....ഞാൻ  മുമ്പെ ഒരു  കത്ത് കൊണ്ടുന്നീരുന്നു.
ലീല: ആ അതിന്റെ  മറുപടിയ്ക്ക്  അല്ലേ?
വാല്യക്കാരൻ: ആ. അല്ല, മറുപടി അല്ല.
ലീല: പിന്നെ?
കമലമ്മ: പിന്നെ? അങ്ങട്ടു ചെല്ലാനായിരിക്കും അവനെ എന്തിനാ പാവം ബുദ്ധിമുട്ടിക്കുന്നത്?
ലീല: (വാല്യക്കാരനോട്) അതെയോ.
കുറുപ്പ്: (ദേഷ്യപ്പെട്ട്) എടൊ, താനെന്തിനേ വന്നു എന്ന്  പറ.
വാല്യക്കാരൻ: (കൂടുതൽ പരിഭ്രമിച്ച്) അതോ, ഞാൻ പറഞ്ഞില്ലെ, കൊച്ചമ്മ പറഞ്ഞയച്ചിട്ട്ന്ന്!
കുറുപ്പ്: അതേടോ.  എന്തിന്ന്  പറഞ്ഞയച്ചു?
വാല്യക്കാരൻ: ഞാൻ പറഞ്ഞില്ലെ. കത്തു കൊണ്ടെന്നീർന്നൂന്ന്.
കുറുപ്പ്: ഉവ്വ്. പിന്നെ?
വാല്യക്കാരൻ: അതിന്നുതന്നെ.
(അവൻ എല്ലാവരുടേയും മുഖത്ത്  മാറിമാറി നോക്കുന്നു.)
കമലമ്മ: നിനക്കെന്താ മറുപടിയാണോ വേണ്ട്?
വാല്യക്കാരൻ: അല്ലാന്നും ആ കത്തുതന്നെ.
(എല്ലാവരും മുഖത്തോടുമുഖം നോക്കുന്നു)
കുറുപ്പ്: ആ  കത്ത്  നിണക്ക്  മടക്കി തര്ാണൊ വേണ്ടത്?
ലീല: (കമലയോട്) കത്ത്  നിന്റെ കയ്യിലാ തന്നത് എന്ന് പറഞ്ഞിട്ടുണ്ടാവും, അവൻ. അപ്പോൾ അത്  മടക്കി വാങ്ങി ശരിയായ ആൾക്കു കൊടുക്കാൻ. അത് മനസ്സിലാക്കാൻ വിഷമമുണ്ടോ?
കുറുപ്പ്: (കത്തെടുത്ത് അവന്ന് കൊടുത്തുകൊണ്ട്) ഇതെനി ആർക്കു കൊടുക്കാനാ?
വാല്യക്കാരൻ: എന്റെ  യജമാനന്! ഔ, ഒരു കുരുത്തംകെട്ട 'കത്ത്ഞ! ഇതോണ്ട്  എത്ര വഴി മണ്ടി!
ലീല: നെന്റെ യജമാനന് ഉള്ള കത്തെന്തിനേ ഇവിടെ കൊടുത്തത്?
വാല്യക്കാരൻ: ഞാൻ കൊടുത്തതല്ലലൊ. എന്റെ യജമാനന് കൊടുക്കാൻ കൊച്ചമ്മ ഒരു പുസ്തകം തന്നു. അതില്  ഈ  കത്തുണ്ടാർന്നൂത്രെ. എന്നാ, പറേണ്ടെ  കൊച്ചമ്മ? ഞാൻ പുസ്തകം കൊണ്ട്

പത്രമാപ്പീസിൽ ചെന്നു. അപ്പൊ എജമാനന് ആ പുസ്തകം വേണ്ട. അത് മൂപ്പര്ക്ക് (സുധാകരനെ ചൂണ്ടി) കൊണ്ടക്കൊടുക്കാൻ പറഞ്ഞു. ഞാനത് ഇവിടേം കൊണ്ടന്നു കൊടുത്തു.

(ഒരു വെളിച്ചം കിട്ടിയപോലെ എല്ലാവരും അന്യോന്യം നോക്കുന്നു.)

കുറുപ്പ്: ഒരു കുരുത്തംകെട്ട കത്തുതന്നെടൊ. പക്ഷെ നിയ്യ് നല്ല കുരുത്തം ഉള്ളോൻ. ചെല്ല്. മൂപ്പർക്ക് കത്ത് വേഗം കൊടുക്ക്. (ലീലയോട്) നോക്കൂ, കത്തുകളെല്ലാം വിലാസം തെറ്റിയാണ് നടക്കുന്നത്.

കമലമ്മ: അപ്പൊ, നീയെന്തെ ഇത്ര താമസിച്ചു.?

വാല്യക്കാരൻ: ഞാൻ ഇപ്പളല്ലേ മടങ്ങിച്ചെന്നോളു പീടികേലൊക്കെ പോയിട്ട്! (തിരിഞ്ഞു രണ്ടടിനടന്ന് കമലമ്മയുടെനേരെ തിരിഞ്ഞ്) ആവൂ വല്ലാത്തൊരു വിസ്താരം. എന്റെ കൊച്ചമ്മയുംകൂടെ ഇങ്ങനൊന്നും ചോദിക്കില്ല.

(പോകുന്നു)

ലീല: വാല്യക്കാരനും യജമാനത്തിക്കും ഒരു പോലെ ബുദ്ധിയില്ലാതായാൽ...

സുധാകരൻ: ഇല്ലെങ്കിൽ, ഇവിടത്തെ യജമാനത്തിക്കെങ്കിലും കുറച്ചുണ്ടായാൽ മതിയായിരുന്നു.

കമലമ്മ: എനിക്കു ബുദ്ധി ഇല്ല. സമ്മതിച്ചു. പക്ഷെ, ഇവിടെ ഇക്കണ്ട ഭൂകമ്പോക്കെ ഉണ്ടാക്കീതുഞാനല്ലല്ലോ. (ഫോട്ടോ കാണിച്ച് ) ഇനി ഇതിന് ചില്ലിടീക്കാൻ കാശ് വേറെ വേണ്ടെ?

(എല്ലാവരും ചിരിക്കുന്നു.)

ഒന്നാമത്തെ വാല്യക്കാരൻ: (പ്രവേശിച്ച്) ഫറുക്ക്ന്ന്ണ്ട് സ്റ്റീഫൻസൻ വന്നു പുറത്തു നില്ക്കുന്നു. (പോകുന്നു)

സുധാകരൻ: (ക്ലോക്കു നോക്കിയിട്ട് ) ഓ, നാലുമണി കഴിഞ്ഞു. പക്ഷെ, ഇന്നെനി പോകാൻ വയ്യ.

കമലമ്മ: ഇന്നെനി എങ്ങട്ടും പോകണ്ട. കുരുത്തംകെട്ട ദിവസം.

സുധാകരൻ: ഏറ്റവും നല്ല ദിവസം.ഞാനയാളെ പറഞ്ഞയയ്ക്കട്ടെ. (പോകുന്നു)

കമലമ്മ: (ഉടഞ്ഞ കണ്ണാടി ചുമരിൽത്തന്നെ തൂക്കികൊണ്ട്) നിങ്ങൾ ഇരിക്കിൻ. അയ്യോ! ഞാൻ കുറച്ചു ചായ ഉണ്ടാക്കാം.

ലീല: (ചിരിച്ചുകൊണ്ട്) നിന്റെ പനി മാറിയോ?

(കമലമ്മ ചിരിച്ചുകൊണ്ടു പോകുന്നു)

കുറുപ്പ്: (ലീലയോട് അടുത്തുചെന്ന്) വങ്കത്തരമായാലും മനോഹരമാണു ദാമ്പത്യം. അല്ലെ, ലീലെ?

(ലീല കുറുപ്പിനെ കടാക്ഷിച്ചു ലജ്ജാവനമ്രയാകുന്നു)

(കർട്ടൻ)

# 4

# ബസ്സു തെറ്റി

**കഥാപാത്രങ്ങൾ**

| | |
|---|---|
| **വേണു** | **നഗരത്തിൽ ലോഡ്ജ് താമസക്കാരൻ.** |
| **മേനോൻ** | **സ്നേഹിതൻ.** |
| **നെടുങ്ങാടി** | **വേറൊരു സ്നേഹിതൻ.** |
| **ലക്ഷ്മിക്കുട്ടി** | **നഗരത്തിൽ ഇന്റർവ്യൂവിനു വന്ന പെൺകുട്ടി.** |
| **കുറുപ്പ്** | **ലക്ഷ്മിക്കുട്ടിയുടെ അച്ഛൻ.** |

നഗരത്തിൽ ഒരു ലോഡ്ജ്ജ്. വായനമുറി മേശ, കസേര മുതലായ സാമഗ്രികൾ. പകൽ ഒരുമണി. രണ്ടു സ്നേഹിതന്മാർ സംസാരിക്കുന്നു.

വേണു: (കസേരപിടിച്ചു പിന്നിൽനിന്നു മുമ്പോട്ടാഞ്ഞുകൊണ്ട് ഒരു കണ്ണിറുക്കലോടെ) അപ്പോൾ, മി. മേനോൻ, നിങ്ങൾക്കിപ്പോൾ വ്യസനാണോ സന്തോഷാണോ?

മേനോൻ: (കസേരയിൽ ഇരിക്കയാണ്) വാസ്തവത്തിൽ എനിക്കറിയില്ല വേണു. അങ്ങിനെയാണ് പലപ്പോഴും. ഒന്നിന്റെ തോളിൽ പിടിച്ചേ മറ്റൊന്നു വരൂ.

വേണു: എന്നാലും എടത്ത് ഏതാണ് വലത്ത് ഏതാണ് എന്നു പറഞ്ഞൂടെ?

മേനോൻ: അതു വേണു തീർച്ചപ്പെടുത്തിക്കൊള്ളു. മറിയാമ്മയ്ക്ക് സെലക്ഷൻ കിട്ടിയത് എനിക്ക് ഒരുഭാഗ്യം തന്നെയാണ്. സ്വാർത്ഥമായിരിക്കാം. എന്നാലും സന്തോഷം സന്തോഷം തന്നെ. പക്ഷെ ലക്ഷ്മിക്കുട്ടിക്ക് കിട്ടുക ആയിരുന്നില്ലേ കുറച്ചധികം ആശ്വാസം?

വേണു: അതെന്താ?

മേനോൻ: അതോ? അവളെപ്പറ്റി ആലോചിച്ചിട്ടല്ല കുറുപ്പിനെ ആലോചിച്ചിട്ട്. എന്താ, ആ അച്ഛന്റെ കഥ? 10 ഉറുപ്പിക പെൻഷനുണ്ട്. എങ്ങിനെ പുലർത്തും ഈ കുട്ടിയെ?

വേണു: അതു ശരി. അപ്പോൾ മറിയാമ്മയേയോ? കുറുപ്പിന് നാലാളോട് സഹായം ചോദിക്കാലോ മകൾക്കുവേണ്ടി. മേനോനോ? മറിയാമ്മക്ക് സ്വന്തം പോക്കറ്റിൽ നിന്നുതന്നെ കൊടുക്കണ്ടെ? അതും ഈ നഗരത്തിൽ കിട്ടുന്ന 75 ഉറുപ്പികയിൽനിന്ന് ? വേറെ ആരോടെങ്കിലും പറയാനും വയ്ക്കുമോ?

മേനോൻ: ഹെയ്, അത്രയ്ക്കധികമൊന്നും മറിയാമ്മയ്ക്കുവേണ്ടി ഞാൻ ചെയ്യുന്നില്ല.

വേണു: പിന്നെ ആരാണ് ചെയ്യ്ണത്? എനിക്കറിയാം മി. മേനോൻ. മാസത്തിൽ 50ക. കണ്ട് താൻ ആ പെൺകുട്ടിക്കുവേണ്ടി ചിലവ് ചെയ്യുന്നുണ്ട്. ബാക്കി 25ക. കൊണ്ട് പട്ടിണിയും തിന്നിട്ടാണ് മേനോനിങ്ങിനെ വിഷമിക്കുന്നത്.

മേനോൻ: ഒ, അത്രയ്ക്കൊന്നുമില്ല.

വേണു: ഇല്യ. അത്രയ്ക്കൊന്നുമില്ല. പക്ഷെ പക്ഷെ.......

മേനോൻ: (ഉദ്വേഗത്തോടുകൂടി) എന്ത് പക്ഷെ?

വേണു: അത്രയ്ക്കൊന്നുമില്ല. പക്ഷെ.....ഒടുക്കം തിരുസഭ അവരെ തനിക്കു വിട്ടുതരും എന്നോ മറ്റോ സ്വപ്നം കാണുന്നുണ്ടോ?

മേനോൻ: ഒ, അതൊക്കെ ആവശ്യത്തിലധികമുള്ള ആലോചനയാണ്. പോകട്ടെ.

വേണു: എന്തായാലും സെലക്ഷൻ കിട്ടിയില്ലേ? മേനോനെ ഓർത്ത് എനിക്കു സമാധാനമായി. ഞാനിപ്പോൾ സന്തോഷിക്കതന്നെയാണ്.

മേനോൻ: ഞാനും സന്തോഷിച്ചിരുന്നു. ലക്ഷ്മിക്കുട്ടിക്ക് കൂടി കിട്ടിയിരുന്നെങ്കിൽ.

വേണു: ഒരു ചാൻസ് രണ്ടാൾക്കുംകൂടി കിട്ടലുണ്ടോ?

മേനോൻ: എങ്കിൽ കേവലം സന്തോഷിക്ക്യാ കേവലം വ്യസനിക്ക്യാ, അങ്ങിനെ ഒന്നും ഇല്ല.

വേണു: ഞാൻ പറയുമ്പോൾ ഈ പെൺകുട്ടികൾക്കൊന്നിനും ഒരു ചാൻസും കിട്ടീലെങ്കിലും വ്യസനിക്കാനില്ല. അവർക്കുള്ള ഏറ്റവും വലിയ ചാൻസ് എപ്പോഴും ബാക്കി ഉണ്ടല്ലോ.

മേനോൻ: (ഭ്രൂ ചുളിച്ച്) അതെന്ത് ചാൻസ്?

വേണു: (ചിരിച്ചുകൊണ്ട്) കല്യാണം.

മേനോൻ: ഓ, അറിയാത്തതുപോലെ പറയുന്നു.

വേണു: എന്തറിയാത്തപോലെ?

മേനോൻ: അവിടെയാണു സെലക്ഷൻ കിട്ടാൻ ഒട്ടും ചാൻസില്ലാത്തത്? തനിക്കറിയില്ലേ?

വേണു: എന്നു വെച്ചാൽ?

മേനോൻ: താനിപ്പോൾ ഒരുക്കമുണ്ടൊ കല്യാണം കഴിക്കാൻ?

വേണു: എന്നെപ്പോലെയാണോ എല്ലാവരും?

മേനോൻ: എല്ലാവരും. ഒരെറ്റ ഒന്നിനെങ്കിലും നട്ടെല്ലില്ല. ധൈര്യമില്ല – കാരണം ചക്രമില്ല. അതുതന്നെ. എന്നിട്ട് എതുപോലെ, ഈ ലോഡ്ജ്പോലെ, ആൺ തേനീച്ച മാത്രമുള്ള ഒരു കൂടും കെട്ടി കൂടുന്നു.

വേണു: എനിക്കതാണ് ഇഷ്ടം.

മേനോൻ: ഓ, ഇഷ്ടം എനിക്കറിയാം. എടോ 50ഉം, 75ഉം, 100ഉം വാങ്ങുന്ന ഈ നഗരത്തിലെ എല്ലാ ചെറുപ്പക്കാർക്കും അതാണിഷ്ടം. ആ ഇഷ്ടമാണ് കാണുന്നില്ലേ, രാത്രിയിൽ ചിലർ ഉറക്കമില്ലാതെ ഉരുണ്ടു പിരളുന്നു, ചിലർ കണ്ണടച്ചാൽ നെലവിളിക്കുന്നു; ചിലർ മുറിക്കു വാടകയും കൊടുത്ത് തെരുവിൽത്തന്നെ നടന്നുറങ്ങുന്നു; പലരും കിട്ടിയ ശമ്പളം മുഴുവനും കൊടുത്തിട്ടും ഡോക്ടരുടെ ബില്ലുതീരാതെ അവധി പറയുന്നു. ഇതെല്ലാം വൈരാഗ്യം കൊണ്ടാണല്ലേ?

വേണു: ഹെയ് എല്ലാവരും അങ്ങിനെയല്ല!

മേനോൻ: അല്ല! വേണു അങ്ങിനെ അല്ല! സമ്മതിച്ചോളാം. കാരണം, ഇതൊന്നും ഓരാളോടു മുഖത്തുനോക്കി പറയേണ്ടതല്ല.

വേണു: ഞാൻ പ്രതിഷേധിക്കുന്നു. ഉറക്ക പ്രതിഷേധിക്കുന്നു.

മേനോൻ: ആട്ടെ, തന്നെ ഒഴിവാക്കി. നമ്മുടെ നെടുങ്ങാടിയേയോ? രാത്രി ഉറങ്ങാൻ സമ്മതിക്കുന്നുണ്ടോ ആ മനുഷ്യൻ നിലവിളിച്ചിട്ട്! അയാൾക്ക് എന്തില്യാഞ്ഞിട്ടാ കല്യാണം കഴിക്കാത്തത്? യൗവ്വനമില്ലേ? ആഗ്രഹമില്ലേ? പ്രണയമില്ലേ?

വേണു: അതില്ലെന്നുമാത്രം ആരും പറയില്ല, ഇഷ്ടനു പ്രണയമേ ഉള്ളു.

മേനോൻ: അത് വ്യക്തിനിഷ്ഠവുമല്ല. ഒരു തരം സമൂഹനിഷ്ഠമാണെന്നാ പറയേണ്ടത്.

വേണു: അതേ, ഏതു നല്ല പെൺകിടാവിനെക്കണ്ടാലും.

മേനോൻ: പോര, ഏത് ആണല്ലാത്ത ആത്മാവിനെ കണ്ടാലും! കുറച്ചൊക്കെ സദാചാരബോധമോ, ഉശിരില്ലായ്മയോ ഉള്ളതുകൊണ്ട് അഡ്വഞ്ചറിനൊന്നും പോവാതെ പാവം ഉറക്കത്തിൽ കിടന്നു നിലവിളിക്കുന്നു. എന്തില്യാഞ്ഞിട്ട്? പണം... പണം... അതില്യാഞ്ഞിട്ട്.

വേണു: മി. നെടുങ്ങാടിക്ക് നമ്മളെപ്പോലെയല്ല. ആയാൾക്ക് 100ക. തികച്ചും കിട്ടുന്നില്ലേ?

മേനോൻ: എന്നിട്ട് ഇവിടെ ഒരു കുടുംബം കഴിയാൻ!

വേണു: ഇങ്ങോട്ട് കൊണ്ടുവരണ്ട. പിന്നെ കുറച്ചൊക്കെ കഷ്ടപ്പെടണം.

മേനോൻ: ധൈര്യമില്ല. പ്രേരിപ്പിച്ചാൽ പക്ഷെ – കുടുങ്ങും.

വേണു: കുടുങ്ങുകയാണ് അയാൾക്കു രക്ഷ.

മേനോൻ: ഒരു കണക്കിൽ വേണമെങ്കിൽ ഇപ്പോൾ കുടുക്കാം.

വേണു: (കണ്ണിറുക്കിക്കൊണ്ട്) അ! എനിക്കു തോന്നുന്നു മൂപ്പർക്ക് കലശമായ ഭ്രമമുണ്ട്. ലക്ഷ്മിക്കുട്ടിയുടെ സെലക്ഷന്നുവേണ്ടി എന്തുമാത്രമാണ് ശ്രമിച്ചത്.

മേനോൻ: സെലക്ഷൻ കിട്ടിയില്ലെന്നു കേൾക്കുമ്പോൾ ശുണ്ഠിപിടിക്കും.
വേണു: പിടിക്കട്ടെ. അത് വർദ്ധിപ്പിക്കണം.
മേനോൻ: എന്തിന്ന്?
വേണു: അത് അനുരാഗത്തിന്ന് മൂർച്ചകൂട്ടും. അല്ലെങ്കിലീ അനുരാഗമെന്നുവെച്ചാൽ എന്താണ് മേനോൻ. നേരിയ ഒരു കമ്പവും അതിലിരട്ടി വാശിയും ഒരു മൂളിപ്പാട്ടുംകൂടിയാൽ മുഴുവനായി... പക്ഷെ അവരെങ്ങിനെ.
മേനോൻ: അവരോ? ഒന്നാംതരം തറവാട്ടുകാര്. ഞാനറിയും ഞാനായിട്ട് ഒരകന്ന ചാർച്ചയേ ഉള്ളു.
വേണു: പക്ഷെ, കുറുപ്പു പറഞ്ഞത് അടുത്ത ബന്ധുക്കളാണെന്നാണല്ലൊ.
മേനോൻ: അതോ, അതാ വയസ്സൻ മാന്യത പാലിച്ചതാണ്. അടുത്ത ബന്ധുത്വമില്ലെങ്കിൽ പിന്നെ ഇവിടെ രണ്ടു മൂന്നു ദിവസം താമസിക്കുന്നത് ഭംഗിയല്ലല്ലൊ. അതിന്നുവേണ്ടി പറഞ്ഞതാണ്.
വേണു: വയസ്സൻ അഭിമാനിയാണ്.
മേനോൻ: അയാൾ ഒരു പഴയ തറവാട്ടുകാരനാണ്. പാവം! പൊളിഞ്ഞുപോയി. ഭാര്യയും മരിച്ചു. ഇപ്പോൾ ബാക്കിയുള്ളത് ആ ഓട്ടയായ തറവാടിത്വവും, 10 ക. പെൻഷനും ഈ മകളും മാത്രമാണ്.
വേണു: നെടുങ്ങാടി സമ്മതിച്ചാൽ നന്ന്.
മേനോൻ: സമ്മതിപ്പിക്കണം. ശ്രമിക്കൂ.
വേണു: ഞാനൊരു കാര്യം ചെയ്യാം. എനിക്ക്...
(ഒരു കൊടുങ്കാറ്റുപോലെ മി. നെടുങ്ങാടി വരുന്നു. സ്നേഹിതന്മാർ അയാളെ നോക്കുന്നു. നെടുങ്ങാടി ക്ഷുഭിതനായി അങ്ങോട്ടുമിങ്ങോട്ടും നടന്നു കൊണ്ട്)
നെടുങ്ങാടി: ഇത് നിർത്തണം. ഇത് നിർത്താഞ്ഞാൽ നാട് നരകമാവും. നിർത്തണം. നാണംകെട്ടവര്. നായ്ക്കള്...
വേണു: ഇതെന്താ മി. നെടുങ്ങാടി?
നെടുങ്ങാടി: അതെടോ. നായ്ക്കള്. കൈക്കൂലിയും ശുപാർശയും. അയ്യോ തൂണുപോലും ഒഴിവില്ല; തൂണുപോലും.
വേണു: എന്ത് തൂണ്?
നെടുങ്ങാടി: തൂണുപോലും വാങ്ങുമെടോ കയ്ക്കൂലി. കയ്ക്കൂലി.
മേനോൻ: ആർക്ക് കയ്ക്കൂലി കൊടുത്തു?
നെടുങ്ങാടി: ഞാനൊ? ഈ തടിയിമ്മൽ ഉയിരുള്ള കാലം ഞാൻ കൈക്കൂലി കൊടുക്കില്ല. അതല്ലേ പിഴച്ചത്?
മേനോൻ: പിന്നെ എന്തിനാക്ഷേപിക്കുന്നു? ആരെ ആക്ഷേപിക്കുന്നു?
നെടുങ്ങാടി: കൈക്കൂലി കൊടുത്തില്ല. എന്റെ കാര്യവും സാധിച്ചില്ല. ആരോ ചിലർ കൊടുത്തു. അവർ കാര്യവും കണ്ടു. പെരുച്ചാഴികൾ!
വേണു: ഓഹോ, അപ്പോൾ അങ്ങിനെയാണ്.
മേനോൻ: എന്നിട്ട്! എന്താണ് കഥ?
നെടുങ്ങാടി: കഥയോ? ഞാൻ ഇതാ, നിങ്ങളുടെ നാട്ടുകാരിയില്ലേ. ആ പെൺകുട്ടിക്കുവേണ്ടി, ആ കുട്ടിയുടെ അച്ഛൻ നോക്കൂ, പാവം, ആയാൾക്കു കാശില്ല. കഷ്ടപ്പെട്ടാണ് പഠിപ്പിച്ചത്... നോക്കൂ എന്ത് വിഷമമുണ്ട് ഇക്കാലത്തു ഒരു പെൺകുട്ടിയെ പഠിപ്പിച്ചുണ്ടാക്കാൻ. അവർ ആൺകുട്ടികളെപ്പോലെയാണോ? അവർക്കു സാരിവേണം, ബ്ലൗസ് വേണം, പൌഡർ വേണം.
മേനോൻ: ആ... അതൊക്കെ വേണം. എന്നിട്ട് നെടുങ്ങാടി ആ പെൺകുട്ടിക്കുവേണ്ടി?
നെടുങ്ങാടി: അതെ, ഞാൻ ശ്രമിച്ചു സെലക്ഷൻ കിട്ടാൻ. ആ കുട്ടിയുടെ സ്വഭാവം നന്ന്. ഇല്ലെ ഒരു പാവം! ആരോടും അധികം സംസാരിക്കില്ല. ഒതുങ്ങിയ മട്ടാണ്. എന്തൊരു സ്നേഹമാണ് ഇല്യേ? ഒരു കൊച്ചു സഹോദരിയെപ്പോലെ. പിന്നെ പ്രസരിപ്പുമുണ്ട്...
മേനോൻ: ആ... അതൊക്കെയുണ്ട്. പിന്നെ; നെടുങ്ങാടി സെലക്ഷന്നു ശ്രമിച്ചിട്ട്?
നെടുങ്ങാടി: നോക്കണം ആ നായ്ക്കളുടെ പണി? ഞാൻ ഡി.എം.ഓവിനോട് നേരിട്ടു പറയുമായിരുന്നു. പക്ഷെ, ആ ഔസേപ്പ് കമ്പൌണ്ടർ ഒറപ്പിച്ചു പറഞ്ഞു അവൻ നേരെയാക്കാമെന്ന്. എന്നിട്ട് കയ്യടിച്ചു. നോക്കണം. പണം വേണമെങ്കിൽ ഞാൻ കൊടുക്കുമായിരുന്നു. ചെ പറഞ്ഞില്ല. സത്യസന്ധനാണെന്നു നടിച്ചുകളഞ്ഞു.

മേനോൻ: എന്നിട്ട്?

നെടുങ്ങാടി: എന്നിട്ട്, ഒടുവിൽ സെലക്ഷൻ കിട്ടിയില്ല. ഇവരെയൊക്കെപ്പിടിച്ച്...

മേനോൻ: പിടിച്ച് എന്തു ചെയ്യിക്കണം? കൈക്കൂലിവേണമെന്ന് മുൻകൂട്ടി പറയാൻ പഠിപ്പിക്കണമോ?

നെടുങ്ങാടി: (ശുണ്ഠിമൂത്ത്) താനത്പറയും. തന്റെ... തന്റെ... ആ... ആ..., അതിന്നു കിട്ടിയല്ലേ. താൻ ആരെ കണ്ടു എന്തു കൊടുത്തു?

മേനോൻ: ഞാൻ ആരെയും കണ്ടില്ല. ഒന്നും കൊടുത്തുമില്ല. അർഹതയുള്ളത്കൊണ്ടു കിട്ടി.

നെടുങ്ങാടി: (കൂടുതൽ ശുണ്ഠിയോടെ) താൻ എന്നെക്കൊണ്ട് പറയിപ്പിക്കണ്ട. എന്തെടോ തന്റെ ഉർവ്വശിയെക്കാൾ കുറവ്? ഓ, കഷ്ടം, ഒന്നുമില്ലെങ്കിൽ തന്റെ നാട്ടുകാരിയല്ലേ? തന്റെ ചാർച്ചക്കാരിയല്ലെ?

(വേണു മേനോന് കണ്ണിട്ടു കാണിക്കുന്നു.)

വേണു: അത്, മി. നെടുങ്ങാടി, ഓരോരുത്തരും അവരവരുടെ ധഭളണറണലള നോക്കുന്നു.

മേനോൻ: (മനപ്പൂർവ്വം ശുണ്ഠി കാണിച്ച്) അതെ, ഞാൻ എന്റെ ധഭളണറണലള ലടതണഥഴടറഢ ചെയ്തു. എന്തു വേണം? (എഴുന്നേറ്റു പുറത്തു പോകുന്നു.)

നെടുങ്ങാടി: (നോക്കിക്കൊണ്ട് കഷ്ടംവെച്ച്) നോക്കണം സംസ്കാരം സിദ്ധിച്ചാൽ കൂടി ഇങ്ങനെയാണ്.

വേണു: ശരിയാണ് മി. നെടുങ്ങാടി. കഷ്ടമായി. മി. കുറുപ്പിന്റെ കുട്ടി വളരെ പാവമാണ്. ആ പെൺകിടാവിന്നു നിങ്ങളെ എന്തൊരപ്രീസിയേഷനാണെന്നോ! ഞാൻ സംശയിക്കുന്നു. പക്ഷെ അതായിരിക്കും മി. മേനോന്റെ ഈ മനോഭാവത്തിന്നു കാരണം.

നെടുങ്ങാടി: എന്തെങ്കിലും ആവെട്ടെടോ ആ സ്വാർത്ഥി. ഞാൻ ആ പെൺകുട്ടിയുടെ കഷ്ടപ്പാട് തീർക്കാമെന്നുവെച്ച് എനിക്കൊന്നുമുണ്ടായിട്ടല്ല. ആ കുട്ടി നല്ല അടക്കവും ഒതുക്കവും ഉള്ള ഒരു തറവാട്ടുകാരിയാണ്.

വേണു: സംശയമുണ്ടോ? അവർക്കിതറിയാമെന്നു തോന്നുന്നു. നിങ്ങളുടെ ഈ അഭിപ്രായം. ആ പെൺകിടാവ്, ഞാൻ സൂക്ഷിച്ചിട്ടുണ്ട്, എപ്പോഴും നിങ്ങളെ നോക്കിക്കൊണ്ടിരിക്കും. എന്തെങ്കിലും നിങ്ങൾ പറയുമ്പോൾ അത് ശ്രദ്ധിക്കുന്നുണ്ട്, പിന്നെ...

നെടുങ്ങാടി: എന്തെടോ പിന്നെ?

വേണു: പിന്നെ എപ്പോഴും നിങ്ങളെ നോക്കുമ്പോൾ ആ കണ്ണിൽ ഒരു പ്രകാശം. നിങ്ങൾ അങ്ങോട്ടു നോക്കുമ്പോൾ ആ പ്രകാശം ആ തരുണിയുടെ കവിളിന്നാണ്. സ്നേഹിക്കുന്നവരെ തിരിച്ചറിയാൻ സ്ത്രീക്ക് സ്വാഭാവികമായിത്തന്നെ അറിയാം.

നെടുങ്ങാടി: ഓ, അതെല്ലാം നീ വെറുതെ പറകയാണ്.

വേണു: അല്ല, മി. നെടുങ്ങാടി. നിങ്ങൾ ഇല്ലാത്തപ്പോൾ ആ സ്ത്രീ എത്രമാത്രം അസ്വസ്ഥയാണെന്ന് നിങ്ങൾക്കറിയാമോ? തികച്ചും ടഠലണഭള ബധഭഢണഢ ഇന്നലെ ഒരബദ്ധംപറ്റി. മി. മേനോൻ ചോദിച്ചു. “കുറുപ്പേട്ടൻ എവിടെപ്പോയെന്ന്.” ഉടനെ പറയുകയാണ്. “ആഫീസ്സിന്നു മടങ്ങി വന്നിട്ടില്ലല്ലോ” എന്ന് ഞാൻ നെടുങ്ങാടിയെപ്പറ്റിയല്ല ചോദിച്ചതെന്ന് മി. മേനോൻ പറഞ്ഞപ്പൊഴെ യഥാർത്ഥത്തിൽ ആ സ്ത്രീ ഉണർന്നുള്ളു. ഉടനെ വല്ലാതെയായി. നോക്കൂ അപ്പോൾ ആ ഹൃദയത്തിൽ എപ്പോഴും ആരെപ്പറ്റിയാണ് ചിന്തയെന്ന്!

നെടുങ്ങാടി: ഓ, ഹാ അത് മേനോന്നു രസിച്ചിരിക്കയില്ല.

വേണു: ആർക്കു രസിച്ചില്ലെങ്കിലും നിങ്ങൾക്കെന്താണ്? മറ്റുള്ളവരുടെ രസവും നീരസവും നോക്കാൻ പ്രണയികൾക്കു കണ്ണുണ്ടോ!

നെടുങ്ങാടി: ആവു, പ്രണയികളെന്നൊന്നും പറയരുത് വേണൂ. ഒരു പെൺകുട്ടിയെപ്പറ്റി അങ്ങനെയൊന്നും പറയാൻ നമ്മൾക്കധികാരമില്ല.

വേണു: (കുറച്ചടുത്ത് ചെന്ന്) മി. നെടുങ്ങാടി നിങ്ങളെ രണ്ടാളെപ്പറ്റിയുമാവുമ്പോൾ ഞാൻ നൂറുവട്ടം പറയും. എനിക്കറിയാം, എനിക്ക് സഹൃദയന്മാരുടെ ഹൃദയമറിയാം. ഞാൻ അസൂയപ്പെടാൻ പഠിച്ചിട്ടില്ല; യോജിപ്പുള്ളവരുടെ മനപ്പൊരുത്തം കാണുമ്പോൾ, എന്തൊരു പെൺകിടാവ്!

നെടുങ്ങാടി: കഷ്ടം. ആ കുട്ടിക്ക് ആ ചാൻസ് നഷ്ടപ്പെട്ടു.

വേണു: പക്ഷെ, നെടുങ്ങാടി, വിചാരിച്ചാൽ ആ കുട്ടിക്ക് അതിലും വലിയ ചാൻസുണ്ട്.

നെടുങ്ങാടി: (സോല്ക്കണ്ഠം) എവിടെ?

വേണു: നെടുങ്ങാടിയുടെ പക്കൽത്തന്നെ.
നെടുങ്ങാടി: (പരിഭ്രമിച്ച്) എന്റെ പക്കലോ പറയൂ.
വേണു: മി. നെടുങ്ങാടി, ഞാൻ തുറന്നു പറയാം. നിങ്ങളുടെ രണ്ടാളുടെയും പ്രണയം സഫലമാവട്ടെ. എല്ലാ പ്രേമബന്ധങ്ങളും വിഘ്നപ്പെട്ടു വലയണമെന്ന് ഈശ്വരവിധിയൊന്നുമില്ല. എന്നോട് പറയൂ. ഞാനവരുടെ അച്ഛനോടും പറഞ്ഞ് കാര്യം ശരിപ്പെടുത്താം.
നെടുങ്ങാടി: (ആലോചനാപൂർവ്വം) അച്ഛൻ സമ്മതിക്കലല്ല കാര്യം. ആ പെൺകുട്ടി-? അവളുടെ അഭിപ്രായം വ്യക്തമായറിയണം. ഊഹാപോഹങ്ങൾ പോര.
വേണു: വ്യക്തമായിട്ടു വേണമെങ്കിൽ വ്യക്തമായിട്ടറിയാം. വേണു ഒരേട്ടത്തിയമ്മയോട് സംസാരിക്കും പോലെ നിസ്സംശയം തുറന്നാലോചിക്കും. ആ സ്ത്രീ തന്റേടമുള്ള കൂട്ടത്തിലാണ്.
നെടുങ്ങാടി: തന്റേടമുള്ള കൂട്ടത്തിലാണ്: തീർച്ച. പിന്നെ... പക്ഷെ.
വേണു: പിന്നെ എന്ത് പക്ഷെ... ഇതാ, സംശയിച്ച് സ്ഥിരത വിടരുത്. ഞാൻ എന്റെ ശുദ്ധഗതികൊണ്ട് നിങ്ങൾ രണ്ടാളും യോജിച്ചു കാണണമെന്നുവെച്ച് മുമ്പറിയാത്ത ആ കുലസ്ത്രീയോട് വല്ലതും പറയും. എന്നല്ല പറഞ്ഞതു ആശിപ്പിച്ച് പിന്നെ ഇളക്കിവെച്ചൊന്നുറപ്പിക്കയും ചെയ്യും. എന്നിട്ട് മടങ്ങിവരുമ്പോൾ പക്ഷെ, എന്നൊക്കെ പറഞ്ഞാൽ...
നെടുങ്ങാടി: ഛെ, ഛെ, അതീ നെടുങ്ങാടി ചെയ്യില്ല. അതല്ല ആലോചിച്ചത്. എങ്ങനെ പുലർത്തും?
വേണു: തന്റേടമുണ്ടെങ്കിൽ പുലർത്താം. നിങ്ങൾക്കു 100 ക. ശമ്പളമില്ലെ? പിന്നെ അലവൻസും മറ്റുമായി കുറെയൊക്കെ കയ്യിൽ തടയില്ലെ? എന്നും ഇവിടെ പുലർത്തണമോ? കൊല്ലത്തിൽ കുറെദിവസം അവർ സ്വന്തം വീട്ടിലാവില്ലെ? അവർക്കാണെങ്കിൽ നല്ല പ്രാപ്തിയുണ്ടാവും. സ്ഥിതി അറിയുന്നവരുമാണ്...
നെടുങ്ങാടി: അതെ, അതെ. തന്റേടമുള്ള കൂട്ടത്തിലാണ്. പക്ഷെ ഇവിടെ ഒരു വീട് കിട്ടാനില്ലെടോ.
വേണു: ഹും, വീട് ഇതില്ലെ. ഞങ്ങൾ മുറി വാങ്ങി മാറിപ്പോകും, ഒറ്റക്കാർക്ക് എന്തിന് വീട്. അല്ലെങ്കിലും അതല്ലെ മര്യാദ? ഒരു ലോഡ്ജ്മേറ്റ് വിവാഹം കഴിഞ്ഞ് ഭാര്യയെ കൊണ്ടുവരുമ്പോൾഞങ്ങൾ ഇവിടെ കടായക്കുറ്റിപോലെ വെലങ്ങിട്ടു നില്ക്കുമോ?
നെടുങ്ങാടി: ഓ, അതുവേണ്ട. നിങ്ങളെ പറഞ്ഞയച്ചിട്ട്...
വേണു: അത് ഞങ്ങളു തീർച്ചപ്പെടുത്തേണ്ടത്. ബാക്കി കാര്യങ്ങൾ ഉറച്ചുവോ?
നെടുങ്ങാടി: ഉറച്ചു. വേണു ഉറച്ചുവെങ്കിൽ ഞാനും.
വേണു: ഇതാ, ഞാൻ പറഞ്ഞിളക്കി എന്നൊന്നും വേണ്ട. എനിക്ക് കാര്യമൊന്നുമില്ലേ? അവരവര് ആലോചിച്ചു തീർച്ചപ്പെടുത്തീട്ടുതന്നെ മതി. എന്താ?
നെടുങ്ങാടി: അതൊന്നും വേണ്ട. പോയി ആലോചിച്ചോളു. ഞാനല്ലേ പറഞ്ഞത്.
വേണു: ശരി; അപ്പോൾ ലക്ഷ്മിക്കുട്ടിക്കാണ് വലിയ സെലക്ഷൻ കിട്ടിയത്.
നെടുങ്ങാടി: അതാലോചിക്കുമ്പോൾ ഞാനിവിടെ വേണ്ട. അതല്ലെ ഭംഗി?
വേണു: ഓ അങ്ങിനെയാകട്ടെ. (ക്ലോക്കിൽ നോക്കിയിട്ട്) മണി രണ്ടായി. രണ്ടരയ്ക്കു വീണ്ടും വരണം. അവർക്കിന്നു പോകണമെന്നല്ലേ ആലോചന.
നെടുങ്ങാടി: (നടന്നുകൊണ്ട്) ശരി; രണ്ടരമണിക്ക് (തിരിഞ്ഞുനിന്ന്) ആകെ കുറവാകുമോ, വേണു?
വേണു: അയ്യയ്യേ! ഇതാ ഈ വേണുവാണ് പറഞ്ഞത്. (നെടുങ്ങാടി പോകുന്നു)
(എതിർഭാഗത്തുകൂടെ മേനോൻ പ്രവേശിക്കുന്നു.)
മേനോൻ: പൊടിപൊടിച്ചു വേണു....കാര്യം പറ്റും.
വേണു: എനിക്കു കുറുപ്പച്ചനെ കാണണം.
മേനോൻ: വരുന്നുണ്ട്. ഞാൻ വിളിച്ചു. (കുറച്ചു വയസ്സായ കുറുപ്പു പ്രവേശിക്കുന്നു)
വേണു: (എഴുന്നേറ്റ് കസേര നീക്കിയിട്ടു കൊടുക്കുന്നു) ഇരിക്കൂ.
കുറുപ്പ്: അപ്പോൾ ഞങ്ങളിന്നു പോവും. എന്താചെയ്യാ. യോഗമില്ല പോട്ടെ. നിങ്ങളൊക്കെ വളരെ അദ്ധ്വാനിച്ചു. ഭാഗ്യം വേണ്ടെ?
വേണു: ഒരു ചാൻസു പോയി എന്നുവിചാരിച്ചു നിരാശപ്പെടേണ്ട കുറുപ്പഛാ. ദൈവം വിചാരിച്ചാൽ അതിലും വലിയ ചാൻസു വീണുകിട്ടും.

മേനോൻ: ലക്ഷ്മിക്കുട്ടിക്ക് പ്രായമൊന്നും കവിഞ്ഞിട്ടില്ലല്ലോ? ഒട്ടും നിരാശവേണ്ട എന്നാണ് എനിക്കു പറയാനുള്ളത്. (മേനോൻ വേണുവിനെ കണ്ണിട്ടുകാട്ടി പ്രോത്സാഹിപ്പിക്കുന്നു.)

വേണു: കുറുപ്പച്ഛൻ പോകുന്നതിന്നു മുമ്പ് മറ്റൊരാലോചന തോന്നുകയാ.

കുറുപ്പ്: അതെന്താ?

വേണു: (സസ്മിതം) അല്ലാ, മകളെപ്പറ്റിത്തന്നെ. പ്രായമായല്ലൊ. ഉദ്യോഗത്തിനൊന്നും അയക്കണ്ടല്ലോ, അവരുടെ കാര്യം നോക്കാൻ ഒരാളുണ്ടായാലേ. എന്റെ സ്നേഹിതന്ന് ഒരാലോചന.

കുറുപ്പ്: (തെറ്റിദ്ധരിച്ചു മേനോനെ നോക്കി) മേനോന് അങ്ങിനെയൊക്കെ ഒരാലോചനയുണ്ടെങ്കിൽ, ഇത്രയൊക്കെ വളഞ്ഞുതിരിഞ്ഞു പറയണോ? (വേണുവിനെ നോക്കി) ഞങ്ങൾ അന്യന്മാരല്ല.

മേനോൻ: (പരിഭ്രമിച്ച് ) ഞാൻ...ഞാൻ...അല്ല...

വേണു: ഞാൻ എന്റെ സ്നേഹിതൻ നെടുങ്ങാടിയെ ഉദ്ദേശിച്ചാണ് പറഞ്ഞത്. ഇപ്പോൾ 100ക. ശമ്പളമുണ്ട്. പുറമെ അലവൻസും.

മേനോൻ: തറവാട്ടിലും തരക്കേടില്ല. കഴിഞ്ഞു കൂടാനുണ്ട്.

കുറുപ്പ്: പണവും പദവിയുമെല്ലാം പെണ്ണുങ്ങളേ കണക്കാക്കൂ. തറവാട്ടുകാരനാണോ? അതാണ് നമുക്കറിയേണ്ടത്. എനിക്കദ്ദേഹത്തെ ഇവിടെ വന്നതിന്നുശേഷമെ പരിചയമുള്ളു.

മേനോൻ: അദ്ദേഹത്തിന്നിങ്ങിനെ ഒരു ആലോചനയുണ്ടെങ്കിൽ തീർച്ചയായും കാര്യമായിട്ട് ആലോചിക്കേണ്ടതാണ്. ഞാനറിയും.

കുറുപ്പ്: എനിക്കതുമതി. അതിന്റെ ഗുണത്തിന്നും ദോഷത്തിന്നുമൊക്കെ എന്നെപ്പോലെത്തന്നെ മേനോനും! പക്ഷെ, അവളുടെ അഭിപ്രായമൊന്നറിയണം. അവൾക്കെന്തിഷ്ടമോ അതാണെന്റെയും ഇഷ്ടം. എനിക്കീലോകത്തിൽ ഇതൊന്നല്ലേ ഉള്ളു.

വേണു: അത് മി. മേനോൻ ഒന്നന്വേഷിക്കു.

മേനോൻ: ഞാനല്ല നല്ലത്, എനിക്ക് വിരോധമുണ്ടായിട്ടല്ല. അത്രയും കുട്ടിയായിരുന്നപ്പോഴാണല്ലോ ഞങ്ങൾ തമ്മിലുള്ള പരിചയം. ഞാനവർക്ക് ഒരു കാരണവരായിരിക്കുന്നു. അപ്പോൾ സങ്കോചമുണ്ട് ചോദിക്കാൻ. അവൾക്കു തുറന്നുപറയാനുമുണ്ടാവും. പക്ഷെ, എന്റെ ഇഷ്ടം അതാണെന്നു വെച്ചു മാത്രം അവളുടെ ഇഷ്ടം അമർത്തി അങ്ങു സമ്മതിച്ചെന്നും വരും. വേണു നേരിട്ടന്വേഷിക്കൂ. എന്താ അതുകൊണ്ട്? നിങ്ങളൊക്കെ പുതിയ തലമുറയല്ലെ?

കുറുപ്പ്: അതെ. അതെ. അവൾ നാണംകുണുങ്ങിയൊന്നുമല്ല.

മേനോൻ: (കുറുപ്പിനോട്) എന്നാൽ ഒന്നിങ്ങോട്ടു പറഞ്ഞയച്ചേക്കു.

കുറുപ്പ്: അങ്ങിനെത്തന്നെ. (പോകുന്നു)

മേനോൻ: സംഗതിയങ്ങു നടന്നാൽ കുറുപ്പച്ഛനേക്കാൾ അധികം എനിക്കാണ് ഭാരം ചുരുങ്ങിയെന്നു തോന്നുക. സെലക്ഷൻ കിട്ടാത്തതിൽ അത്രയ്ക്ക് അലോഗ്യമുണ്ട് മനസ്സിൽ.

വേണു: (രണ്ടു വിരൽതമ്മിൽ കൂട്ടിത്തിരുമ്മിക്കാണിച്ചുകൊണ്ട്) ഇതുണ്ടോ! വെറുതെ മെനക്കെടാൻ എനിക്കൊഴിവില്ല. നാട്ടുകാരിപ്പെൺകുട്ടികളെ വിളിച്ചുവരുത്തി നല്ല ചെറുപ്പക്കാരുടെ കഴുത്തിൽ കെട്ടിത്തൂക്കുന്നതൊക്കെ നന്ന്. പക്ഷെ ഇവനു ഇതാണു കാര്യം.

മേനോൻ: ആ നെടുങ്ങാടിയോടു വാങ്ങിക്കൊള്ളു. ചരക്ക് ഒശത്തിയാണ്. കമ്മീഷൻ തന്നാൽ അയാൾക്കു നഷ്ടമൊന്നുമില്ല.

വേണു: അയ്യ! നല്ല തൊള്ള ഇല്ലെ? ആയാൾ നിങ്ങളുടെ മാറാപ്പ് ഏറ്റി നടന്നാലും പോര അതിന്നു പണവും തരണം!

(ലക്ഷ്മിക്കുട്ടി പ്രവേശിക്കുന്നു)

മേനോൻ: (എന്തോ പറയാൻ തുടങ്ങിയതിനെ അമർത്തി) ആ, ലക്ഷ്മിക്കുട്ടി വന്നു. ഇരിക്കു. വേണുവിന്നു ചിലത് സംസാരിക്കാനുണ്ട്. അതിന്നാണ് വരാൻ പറഞ്ഞത്. (എഴുന്നേറ്റ് വേണുവിനോട്) നിങ്ങൾ സംസാരിപ്പിൻ. ഞാൻ വരാം.

(പോകുന്നു)

വേണു: ഇരിക്കു. നിങ്ങളെ സംബന്ധിച്ചേടത്തോളം അതിപ്രധാനമായ ഒരു കാര്യം ആലോചിക്കാനാണ്.

ലക്ഷ്മിക്കുട്ടി: (ഇരിക്കാതെ സലജ്ജം) എന്താ വേണ്ടത്.

വേണു: കുറുപ്പച്ചനന്നു വയസ്സ്കാലമാണ്. നിങ്ങൾക്കു സ്വാശ്രയമായി പോരുമയുണ്ടാക്കയാണ് അദ്ദേഹത്തിന്റെ ശ്രമം. സംഗതിവശാൽ അതു നീണ്ടുപോവ്വാണല്ലോ. ഒരു സ്ത്രീക്ക് ഗാർഹികജീവിതത്തിന്നു സന്ദർഭമില്ലെങ്കിലല്ലേ ഔദ്യോഗികജീവിതത്തിന്നു പോകെണ്ടൂ.

ലക്ഷ്മിക്കുട്ടി: ഉദ്യോഗത്തിന്നു മോഹണ്ടായിട്ട്വോന്ന്വല്ല പോണ്. ജീവിക്കണം എന്നു വെച്ചിട്ടുതന്നെയാ.

വേണു: എങ്കിൽ വിവാഹിതയാവൂ. എന്താ വിരോധമുണ്ടോ?

ലക്ഷ്മിക്കുട്ടി: (സലജ്ജം വേണുവിനെ കടാക്ഷിച്ച്) കുട്ടിക്കാലത്തു ഞങ്ങളെ ഒറ്റയ്ക്ക് ഗണപതിക്കിടാറുണ്ട്. അതു പോലെത്തന്നെയായിരിക്കും ഇപ്പോൾ വിവാഹവും?

വേണു: (താൻ വിഡ്ഢിയായതു സമ്മതിക്കുന്നമട്ടിൽ) ഓ, ശരി വരനെപ്പറ്റി പറഞ്ഞില്ല. എനിക്ക് ഇത്തരം കാര്യങ്ങളിൽ പരിചയം കുറവാണ്. അതാണ് വിട്ടത്. (ആലോചിച്ച്) പിന്നെ. വിവാഹം കഴിക്കാൻ ഒരുക്കമുണ്ടോ എന്നറിഞ്ഞിട്ടു വേണമല്ലോ വരനെ അന്വേഷിക്കാൻ.

ലക്ഷ്മിക്കുട്ടി: ഞാൻ കന്യാസ്ത്രീമഠത്തിലേക്കൊന്നും ചാടിപ്പോയിട്ടില്ല. എന്നെ പിടിച്ചുനിർത്തി ഇങ്ങനെ വിചാരണ കഴിക്കാൻ.

വേണു: ഓ, എന്നാൽ ശരി. വരൻ എന്റെ സ്നേഹിതനാണ്. അറിയുമല്ലോ മി. നെടുങ്ങാടി. അദ്ദേഹം വളരെ നല്ല ആളാണ്. കഴിഞ്ഞുകൂടാനുള്ള ശമ്പളവുമുണ്ട്; നിങ്ങളിൽ വളരെയധികം അനുരക്തനുമാണ്. ഇതാ ഇക്കഴിഞ്ഞ മൂന്നുദിവസവും അദ്ദേഹം നിങ്ങൾക്ക് സെലക്ഷൻ കിട്ടാൻവേണ്ടി പാടുപെടുകയായിരുന്നു. കുലീനനാണ്, സഹൃദയനാണ്........

ലക്ഷ്മിക്കുട്ടി: അയ്യോ, ഒന്നു നിർത്തണം. ഞാൻ നളചരിതംതന്നെ വായിച്ചിട്ടുണ്ട്.

വേണു: എന്ത്, എന്ത്, നിങ്ങളെന്നെ കളിയാക്കുകയായിരുന്നു. നിങ്ങൾക്ക് മി. നെടുങ്ങാടിയെപ്പറ്റി മതിപ്പില്ലേ?

ലക്ഷ്മിക്കുട്ടി: തികച്ചുമുണ്ട്, അദ്ദേഹം ചെയ്ത ഉപകാരം വലിയതുമാണ്. എന്നാൽ സാധിക്കുന്ന തരത്തിൽ പ്രത്യുപകാരം ചെയ്യുകയും വേണം. പക്ഷെ, എന്റെ കഴിവ് നിസ്സാരമാണ്. അദ്ദേഹത്തെ ഈശ്വരൻ സഹായിക്കട്ടെ.

വേണു: അതുശരി, അദ്ദേഹത്തിന്റെ വിവാഹകാര്യം?

ലക്ഷ്മിക്കുട്ടി: അദ്ദേഹത്തിന്നു നല്ല ഒരു വധുവിനെ സ്നേഹിതന്മാർ തേടിക്കൊടുക്കണം.

വേണു: അപ്പോൾ നിങ്ങൾ.......

ലക്ഷ്മിക്കുട്ടി: (തിരിഞ്ഞുനിന്ന്) ഇത് പറയാനെ എന്നെ വിളിച്ചത്. (പൊട്ടിക്കരയുന്നു)

വേണു: (പരുങ്ങലിൽപെട്ട് ) അപ്പോൾ നിങ്ങൾ ആരിലെങ്കിലും അനുരക്തയാണോ?

(ലക്ഷ്മിക്കുട്ടി മിണ്ടാതെ കണ്ണുതുടച്ചു നില്ക്കുന്നു.)

വേണു: (സംശയിച്ച്) നിങ്ങൾ മി. മേനോനിൽ അനുരക്തയാണോ? ദയചെയ്തു തുറന്നു പറയൂ...

ലക്ഷ്മിക്കുട്ടി: (തേങ്ങിക്കൊണ്ട്) ഇങ്ങിനെ ആരെയുംപരീക്ഷിക്കരുത്. മേനോൻ മറ്റൊരു സ്ത്രീയിൽ അനുരക്തനാണെന്നൊക്കെഞാനും അറിഞ്ഞിട്ടുണ്ട്. അല്ലെങ്കിലും അദ്ദേഹം എനിക്കൊരു കാരണവരാണ്. ഈ ചോദിക്കുന്ന ആൾക്കും ഒരു ഹൃദയമുണ്ടെന്നാണ് ഞാൻ വിചാരിച്ചിരുന്നത്. എന്നെ ഇങ്ങിനെ കഷ്ടത്തിലാക്കും എന്ന് ഞാനോർത്തില്ല.

(വീണ്ടും പൊട്ടിക്കരയുന്നു)

വേണു: (അടുത്തുചെന്ന് സാന്ത്വനത്തിൽ) എന്ത് അന്തമില്ലായയാണ് ഈ പറേണത്. എനിക്കു പണമില്ല. കഴിഞ്ഞുകൂടണ്ടെ? പ്രണയം കൊണ്ടു ആർക്കും വിശപ്പു മാറില്ല.

ലക്ഷ്മിക്കുട്ടി: ഞാൻ സ്വപ്നം കാണുന്ന കുട്ട്യോന്ന്വല്ല. എന്താ ഉള്ളത്ന്ന്വെച്ചാൽ അതോണ്ട് കഴിയാം. പണല്യാന്ന്ച്ചിട്ടു ആരും സ്വന്തം ആളുകളെ അന്യന്മാരെ ഏല്പിക്കാറില്ല.

വേണു: സ്വന്തം ആൾ! അതെ സ്വന്തം ആൾ തന്നെ.

(നെടുങ്ങാടി പ്രവേശിക്കുന്നു. ലക്ഷ്മിക്കുട്ടി അകത്തേക്കു പോകുന്നു)

നെടുങ്ങാടി: (പ്രത്യാശാപൂർവ്വം) ഞാൻ കുറച്ചു മുൻകൂട്ടിവന്നു?

വേണു: (സസംഭ്രമം) ഇല്ല; ഇല്ല; ഒട്ടും നേരത്തെയല്ല.

നെടുങ്ങാടി: അപ്പോൾ എന്തായി.

വേണു: അതോ അതൊക്കെ തീർച്ചയാക്കീട്ടാണ് ആയമ്മ ഇപ്പോൾ പോയത്.

നെടുങ്ങാടി: തീർച്ചപ്പെടുത്തി

വേണു: അതെ. തീർച്ചപ്പെടുത്തി.
നെടുങ്ങാടി: (നെടുവീർപ്പോടെ) ഈശ്വരാ, അപ്പോൾ പണം വേണം. ദിവസം നിശ്ചയിച്ചുവോ? ഇനി ആരോടൊക്കെ പറയണം?
വേണു: അത്രയ്ക്കൊന്നും പരിഭ്രമിക്കണ്ട.
നെടുങ്ങാടി: അതെന്താ?
വേണു: ആയമ്മയാണ് തീർച്ചപ്പെടുത്തിയത്. അതുകൊണ്ട് നെടാങ്ങാടിക്ക്  മോചനമുണ്ട്.
നെടുങ്ങാടി: എന്നുവെച്ചാൽ  അവൾക്ക്  പ്രണയമില്ലേ?
വേണു:  ഉണ്ട്. പക്ഷെ നിങ്ങളോടല്ല.
നെടുങ്ങാടി: പിന്നെ  ആരോട്?
വേണു: ക്ഷമിക്കണം സുഹൃത്തേ.  എന്നോടാണത്രെ. അതിന്നാലാണ് ആ കരച്ചിലും നിലവിളിയും.
നെടുങ്ങാടി: (നെടുവീർപ്പോടെ) ശരി. നിങ്ങൾക്ക് മംഗളംഭവിക്കട്ടെ. ഞാനത്  ആശംസിക്കാം.
(അൽപ്പം നടന്നുതിരിഞ്ഞുനിന്ന്) അല്ല ഉറപ്പിച്ചോ? അങ്ങനെത്തന്യാണോ?
വേണു: അങ്ങനെയാ വന്നുകൂടീത്.
നെടുങ്ങാടി: (വീണ്ടും പോയി തിരിച്ചുവന്ന്) അല്ല ഒന്നുകൂടി ചോദിച്ചോട്ടെ. നിങ്ങളെത്തന്യാ അവള് ഇഷ്ടപ്പെടുന്നത്, അല്ലേ?
വേണു: അതെ, സ്നേഹിതാ. അങ്ങിനെയാണ്  അവൾ  പറഞ്ഞത്.
നെടുങ്ങാടി: (കുറേശ കോപത്തോടെ) എന്നു വെച്ചാൽ അവളെക്കൊണ്ട് നിങ്ങൾ  പറയിച്ചത്.
വേണു: എന്താ അവൾ കണ്ണിമാങ്ങയോ മറ്റോ ആണോ ഞെക്കിപ്പഴുപ്പിക്കാൻ.
നെടുങ്ങാടി: അല്ല തന്നെക്കണ്ടപ്പോഴേക്ക് ഇങ്ങട്ട് ഞെട്ടറ്റ് വീഴേ; കാമദേവൻ!
വേണു: എടോ! തന്നെ ഒരു പെണ്ണിന്നു വേണ്ട എന്നുവെച്ചാൽ, ഞാൻ കെട്ടിയേല്പിക്കെ.
നെടുങ്ങാടി: തന്നെ ഞാൻ അറില്ലേ?
വേണു: അറില്യ.
നെടുങ്ങാടി: അറിയും. അസ്സലായിട്ടറിയും, ഒന്നടങ്ങിക്കോ.
വേണു: അടങ്ങീലെങ്കിൽ?
(കുറുപ്പു പെട്ടിയും ചുമന്നു വരുന്നു. പിന്നാലെ  മകളും വരുന്നു.  കുട, വടി ഇവ.)
കുറുപ്പ്: അതല്ലാന്റെ കൂട്ടരെ ഇതെന്തൊരു മാമാങ്കാ!
നെടുങ്ങാടി:  മതി. മതി. തന്നീം എനിക്കറിയാം.
കുറുപ്പ്: എന്റെ ഈശ്വരന്മാരെ! ഞാനെന്തേ ചെയ്തത്!
നെടുങ്ങാടി: നിങ്ങളെ ഇങ്ങട്ട് കെട്ടി വലിച്ചത്തന്നെ എല്ലാ ആപത്തിന്നും.
കുറുപ്പ്: ഞങ്ങള്  പോയേയ്ക്കാം. (കിഴവൻ മുമ്പിൽ നടക്കുന്നു.  ലക്ഷ്മിക്കുട്ടി തങ്ങി നിന്നു വേണുവിനെ നോക്കുന്നു.)
നെടുങ്ങാടി: (രണ്ടുപേരെയുംനോക്കി) ഫൂ!
(കർട്ടൻ)

# 5

# ഓമനേ, നീയെന്റെ സ്വത്താണ്

**കഥാപാത്രങ്ങൾ**

| | |
|---|---|
| **ഗോപാലൻ നായർ** | **കോൺഗ്രസ്സുകാരനായ അദ്ധ്യാപകൻ. ഇഛക്കെതിരായി ഒരു കമ്യൂണിസ്റ്റുകാരനെ ഒളിപ്പിക്കേണ്ടിവരുന്നു.** |
| **സാവിത്രി** | **മാസ്റ്ററുടെ സുന്ദരിയായ ഭാര്യ.** |
| **രാഘവൻ** | **ഒളിവിൽ കഴിയുന്ന കമ്യൂണിസ്റ്റ്.** |
| **രാമൻ നായർ** | **രാഘവന്റെ അളിയൻ, ചായപ്പീടികക്കാരൻ.** |
| **കുഞ്ഞുമരക്കാർ** | **ഹൃദയം നഷ്ടപ്പെട്ടിട്ടില്ലാത്ത ഒരു മനു ഷ്യൻ.** |
| **ഇൻസ്പെക്ടർ** | **കമ്യൂണിസ്റ്റ് വേട്ടക്കൊപ്പം മറ്റു ദൗർബ്ബല്യങ്ങളുമുള്ള ഒരു പോലീസുദ്യോഗസ്ഥൻ.** |
| **ദാക്ഷായണി അമ്മ** | **ഇൻസ്പെക്ടറെ ഭരിക്കുന്ന പൊങ്ങച്ചക്കാരിയായ ഭാര്യ.** |

**രംഗം 1**

മാസ്റ്റർ ഗോപാലൻനായരുടെ വീട്ടിൽ ഒരു ചെറിയ മുറി. നടുക്ക് ഒരു മേശ. അടുക്കിവെച്ച കുറെ പുസ്തകങ്ങൾ. ഒരു ചെറിയ ടൈംപീസ്. ചുവരിൽ ഒരു കലണ്ടർ ഒരു ഭാഗത്ത് അയക്കോൽ കെട്ടി തോരാനിട്ട മുണ്ടും ഷർട്ടും. രണ്ടുമൂന്നു കസേരകൾ. സമയം രാവിലെ സുമാർ 8 മണി.

കർട്ടൻ പൊന്തുമ്പോൾ മാസ്റ്റർ ടൈംപീസിന്ന് താക്കോൽ കൊടുക്കുന്നു. ചെറുപ്പക്കാരൻ. ഭാര്യ സാവിത്രി അകത്തുനിന്നു വരുന്നു. കയ്യിൽ കുറച്ചു മൽമൽ തുണി വാരിപ്പിടിച്ചിട്ടുണ്ട്.

സാവിത്രി: (മുണ്ടിന്റെ ഒരു തല നീട്ടി) ഇതാ ഈ തല ഒന്നു പിടിക്കൂ.

(രണ്ടുപേരും ഓരോ തല വലിച്ചു പിടിച്ച് സാവിത്രി മുഴം വെച്ചളക്കുന്നു. 7 മുഴം അളന്ന് ഒരു ചാണോളം അവശേഷിക്കുന്നു. മാസ്റ്ററുടെ മുഖത്തു നോക്കി നില്ക്കുന്നു.)

മാസ്റ്റർ: എന്തേ, സാവിത്രി!

സാവിത്രി: ഏഴര മുഴം.

മാസ്റ്റർ: ഏഴരയോ? (മാസ്റ്റർ അളക്കുന്നു)... ഏഴുമുഴം കൃത്യം.

സാവിത്രി: അപ്പഴയ്ക്ക് അളന്ന് കൊറയ്ക്കേയ്!

മാസ്റ്റർ: കയ്യിന്ന് നീളം വേണം. ഏഴുമുഴം വാങ്ങിയാൽ ഏഴരമുഴം ഉണ്ടാവില്ല!

സാവിത്രി: അപ്പൊ എന്ത്ച്ചിട്ടേ ഈ ഏഴുമുഴം വാങ്ങീത്? എന്താ, ഇപ്പൊ, ഈ ഏഴു മുഴം കൊണ്ട് ചിയ്യ്വാ!

മാസ്റ്റർ: വേണ്ട, ഏഴര മുഴം എന്നു കൂട്ടിക്കോളൂ. അളന്നു കണ്ടില്ലേ!

സാവിത്രി: പെണ്ണുങ്ങളുടെ കയ്യിന്ന് അത്രന്നേ നീളണ്ടാവൂ. അത്ര കളിയാക്കാനൊന്നൂല്യ.

മാസ്റ്റർ: പെണ്ണുങ്ങളുടെ നാവിനേ അധികം നീളണ്ടാവൂ, അല്ലേ? എന്നാൽ അതുകൊണ്ടളന്നോളൂ.

സാവിത്രി: തർക്കുത്തരം പറഞ്ഞാമതി. എന്താ ഇപ്പൊ ഇതോണ്ട് ചിയ്യ്വാ?

മാസ്റ്റർ: ഉടുക്കുക.

സാവിത്രി: ഇതൊന്നിച്ചോ?

മാസ്റ്റർ: വേണ്ട, മുറിച്ചിട്ട് ഉടുത്തോളൂ.

സാവിത്രി: (അത് രണ്ടാക്കി മടക്കി വീണ്ടും ഒരു തല മാസ്റ്ററെക്കൊണ്ട് പിടിപ്പിച്ച് അളക്കുന്നു) ഒന്ന്, രണ്ട്, മൂന്ന്, മൂന്നരമുഴം മതിയോ മുണ്ടിന്? എനിക്ക് ഒരൊന്നരയാണേനീം വേണ്ടത്.

മാസ്റ്റർ: എന്നാൽ ഒന്നരക്ക് മുറിച്ചോളൂ.

സാവിത്രി: ഒന്നരക്ക് അഞ്ചരമുഴം വേണം.
മാസ്റ്റർ: നിനക്ക് കണക്കും അറിയില്ലേ? ഏഴിൽനിന്ന് അഞ്ചരമുഴം മുറിച്ചുകൂടെ?
സാവിത്രി: കണക്ക് എന്നെ അല്ലലോ പഠിപ്പിക്കണത്. ദിവസേന പോയിട്ട് കണ്ടോരടെ കുട്ട്യോളെ അല്ലേ? (വീണ്ടും അഞ്ചരമുഴം അളന്നു കണക്കാക്കുന്നു)
മാസ്റ്റർ: ഓ, നിനക്ക് കണക്കറിയില്ല. അതാണ് ദൈവം നിനക്കു കണക്കറ്റ് സൗന്ദര്യം തന്നത്.
സാവിത്രി: ഊം. കളിയാക്കാഞ്ഞാ മതി. (അഞ്ചരമുഴം അളന്നു ബാക്കി കഷണം നോക്കി നില്ക്കുന്നു)
മാസ്റ്റർ: എന്തേ?
സാവിത്രി: എന്താ പിന്നെ ഈ കഷണം കൊണ്ട് ചിയ്യാ? ഇതൊരാൾക്കു ചിറ്റാൻ മതിയാവോ?
മാസ്റ്റർ: അതാർക്കാ ചുറ്റണ്ടത്?
സാവിത്രി: പിന്നെ എന്ത് ചിറ്റീട്ടാണാവോ സ്ക്കൂളിലേക്ക് പൂവ്വാ. ആ ഖദറിന്റെ മുണ്ട് പുറത്തേക്ക് കൊണ്ടോവാൻ പറ്റില്ല.
മാസ്റ്റർ: അതിനി വയ്യ. ഞാൻ ഈ മല്ല് ഉടുക്കൂല്യ.
സാവിത്രി: അല്ല മല്ലുടുത്തോളൂ. എവിടുന്നാ കിട്ടണത്. ഇത് രണ്ടു മുണ്ടാക്കാനാണെങ്കിൽ പോര; ഒരൊന്നര ആക്കാനാണെങ്കിൽ അധികോം ആണ്. (കർത്തവ്യമൂഢയായി നില്ക്കന്നു) അപ്പൊ എന്നാ ഒരു മുഴോം കൂടി വാങ്ങാർന്നിലേ?
മാസ്റ്റർ: (ചിരിച്ചുകൊണ്ട്) പാവം! വാങ്ങാഞ്ഞിട്ടേ? ഒരാൾക്ക് ഏഴു മുഴമാണ് ഈ ക്വോട്ടയിൽ നിന്ന് കിട്ടാനുള്ള റേഷൻ. വാങ്ങാഞ്ഞിട്ടാണത്രെ!
സാവിത്രി: വല്ലാത്തൊരു കോട്ടേം റേഷനും. മുടിഞ്ഞ കാലം.
മാസ്റ്റർ: (ഇരുന്ന്) മുടിഞ്ഞകാലം.
സാവിത്രി: തൊട്ടതൊന്നൂല്യ. അരിയും റേഷൻ. മുണ്ടും റേഷൻ.
മാസ്റ്റർ: നിന്റെ ചന്തത്തിനു മാത്രമാണ് കൺട്രോൾ ഇല്ലാത്തത്. (അവളുടെ കവിളിൽനുള്ളുന്നു. അവൾ സസ്മിതം മാറിനില്ക്കുന്നു.)
സാവിത്രി: മുടിഞ്ഞ കാലം.
മാസ്റ്റർ: മുടിഞ്ഞ കാലം.
സാവിത്രി: ആ കമ്യൂണിസ്റ്റാര് പറേണതാ ശരി.
മാസ്റ്റർ: (ഭാവം മാറി) കമ്യൂണിസ്റ്റ്കാര് എന്ത് പറേണത്? എന്ത് പറേണതാ ശരി?
സാവിത്രി: ഉണ്ണാനും ഉടുക്കാനും കൊടുക്കാനാവാത്ത ഗവർമ്മേണ്ട് ഭരിക്കണ്ടാന്ന്.
മാസ്റ്റർ: ആഹാ, ഭരിക്കണ്ടാ അല്ലേ? പിന്നെ ഇവറ്റ ഭരിച്ചാലോ? എല്ലാവർക്കും ഉണ്ണാനും ഉടുക്കാനും ഉണ്ടാവ്വോ?
സാവിത്രി: ഉണ്ടാവും എന്നുവെച്ചിട്ടല്ലേ പറേണ്? അല്ലാതെ ഒരാള് പറയ്യോ.
മാസ്റ്റർ: പറയും. ഇന്ന് ഈ നാട്ടില് ഇല്ലായ ഉണ്ട്. കഷ്ടപ്പാടുണ്ട്. അതും നടന്നുവിറ്റ് വോട്ടുവാങ്ങാനാണ് അവറ്റടെ ശ്രമം. ആര് ഭരിച്ചാലും ഇതൊന്നും മാറാൻ പോണില്യ.
സാവിത്രി: കമ്മ്യൂണിസ്റ്റാരല്ല, മറ്റുള്ളോരും പറേണ്ണ്ട്. ഇതൊക്കെ സഹിച്ചൂടാതാവുമ്പോ എല്ലാവരും പറയും.
മാസ്റ്റർ: എല്ലാവരും പറയില്ല. ഞാൻ പറയില്ല. ഞാൻ കോൺഗ്രസ്സ്കാരനാ. എന്റെ കൂറ് അതിനോടാ.
സാവിത്രി: കുറച്ച് കൂറ് അവരവരോടും വേണം.
മാസ്റ്റർ: അവരവരോട് കൂറുള്ളവർ പണി എടുക്കണം. ഇല്ലായ തീര്ണവരെ പണി എടുത്ത് ഉണ്ടാക്കണം.
സാവിത്രി: അതൊന്നും പറേണ്ട. പണി എടുത്തിട്ടൊന്നല്ല കൊറെ ആള്കള് നാലരമൊഴം ഉടുക്ക്ണൂണ്ട്, എരട്ടി തിന്നുണൂണ്ട്. അതിന് വേണ്ടതൊക്കെ കരിഞ്ചന്തേല് വാങ്ങാൻ കിട്ട്ണൂണ്ട്. കൊറച്ചാൾക്ക് തന്നേള്ളു മൂന്നരമൊഴോം ഏഴൌൺസും ബാക്കിക്ക് കൂറും. എനിക്ക് കേൾക്കണ്ട.
മാസ്റ്റർ: നന്നായിട്ടുണ്ട്. നിനക്ക് ദേഷ്യം വരുമ്പോഴാണ് എനിക്ക് നിന്നോടധികം ഇഷ്ടം. ആ തുടുത്ത കവിള് ഒന്നുംകൂടി തുടുക്കുമ്പോൾ. അപ്പോൾ നീ പറേണത് സത്യാണെന്നും തോന്നും. എടോ ശ്രീമതി, കരഞ്ചന്ത ഉണ്ട്, കൈക്കൂലി ഉണ്ട്; പക്ഷെ, ആള്കള് നന്നായാലല്ലാതെ, ഒരു ഗവർമ്മേണ്ടിന്നും ഇതൊന്നും നിർത്താനാവില്യ. ആരും കരിഞ്ചന്തയിൽനിന്ന് വാങ്ങര്ത്; കൈക്കൂലിയും കൊടുക്കരുത്.

സാവിത്രി: അതേതെ. ആളുകള് നന്നായാൽ ഗവർമ്മേണ്ടും നന്നാവും! പ്രജകള് നന്നായാൽ രാജാവും നന്നാവും എന്നാ ഇനി പഠിക്കേണ്ടത്. അങ്ങനെ എല്ലാവരും നന്നായാൽപിന്നെ ഗവർമ്മേണ്ട് വേണോ?

മാസ്റ്റർ: വേണ്ട, പിന്നെ കമ്യൂണിസ്റ്റുകാരും വേണ്ടല്ലോ. നമുക്കങ്ങനെ സുഖമായി ഊണു കഴിച്ചുകൂടാം. ഹാ, എന്തൊരു രസം!

സാവിത്രി: (അല്പം മാറിനിന്നിട്ട്) ഈ മയിറ്റലോണ്ടൊന്നും വയറ്റിലെത്തില്യ.

മാസ്റ്റർ: നിയ്യ് കമ്യൂണിസ്റ്റാണ്. എല്ലാ പെണ്ണുങ്ങളും കമ്യൂണിസ്റ്റാണ്.

സാവിത്രി: കാര്യം പറേണോരൊക്കൊ കമ്യൂണിസ്റ്റാ.

മാസ്റ്റർ: (ഉറക്കെ) വിഡ്ഢി! ഇന്ന് നിനക്കത് പറയാം. നെന്റെ കമ്യൂണിസ്റ്റാര് ഇവിടെ ഭരിക്കാൻ തുടങ്ങിയാൽപ്പിന്നെ ഈ നാവെല്ലാം തനിയെ ഒതുങ്ങും.

സാവിത്രി: കാര്യം അന്നും പറയും. എന്താ പറഞ്ഞാല്.

മാസ്റ്റർ: പറഞ്ഞാലോ? പറഞ്ഞാൽ ജെയില്, അല്ലെങ്കിൽ തൂക്കുമരം. അഭിപ്രായസ്വാതന്ത്ര്യത്തിന്ന് അവര് മോന്തക്കൊട്ട കെട്ടും. നിനക്ക് ശ്വാസം മുട്ടും. ഈ പെണ്ണുങ്ങളൊക്കെ ശ്വാസംമുട്ടിച്ചാവും. ആവൂ. നെന്നെപ്പോലത്തെ പെൺകിടാങ്ങളെല്ലാം ശ്വാസംമുട്ടിച്ചത്താലോ!

സാവിത്രി: അഭിപ്രായം പറയാഞ്ഞിട്ടാ ഇപ്പൊ എല്ലാവർക്കും വയറ്റില് വേദന! എനിക്ക് കേൾക്കണ്ട. തിന്നാൻ മൂന്തക്കൊട്ട കെട്ട്ണേക്കാളും ഭേദാ.

മാസ്റ്റർ: (ചെന്നിക്ക് കൈവെച്ച് അധോമുഖനായിരുന്നിട്ട്) പറേണത് നീയാകുമ്പോൾ ചിലതൊക്കെ ശരിയാണെന്നു തോന്നുകയാ. അഭിപ്രായസ്വാതന്ത്ര്യം ഇല്ലെങ്കിലെന്താ? അതുണ്ടായിട്ടാണോഞാൻ നിന്റെ ഭരണത്തില് സുഖമായി ജീവിക്കുന്നത്? എന്നാലും കമ്മ്യൂണിസ്റ്റ് കള്ളനാണ്, ദുഷ്ടനാണ്, കൊലപാതകിയാണ്, കൂളനുമാണ്.

(മെല്ലെ ഒരാൾ കയറിവരുന്നു. കീറിയ ഷർട്ടും ചീകാത്ത തലമുടിയും)

ആഗതൻ: എന്താ കുനിഞ്ഞിരുന്ന് നാമം ചൊല്ലാ! കുളിയും ജപവുമെല്ലാം ഇപ്പോഴും മുറയ്ക്കുണ്ടല്ലേ?

(സാവിത്രി ചിരിയമർത്തിക്കൊണ്ട് അകത്തേക്ക് പോകുന്നു.)

മാസ്റ്റർ: (സാത്ഭുതം) രാഘവനോ! (എന്തോ ഓർമ്മിച്ചുകൊണ്ട്) ഇരിയ്ക്കൂ. സഖാവേ,ഞങ്ങൾക്ക്, കോൺഗ്രസ്സ്കാർക്ക് എല്ലാം സിദ്ധികിട്ടി എന്നല്ലേ വെപ്പ്! എന്നാലും ഇടയ്ക്ക് കമ്യൂണിസ്റ്റിന്റെ സഹസ്രനാമം ഒന്നുരുക്കഴിയ്ക്കയാണ്.

രാഘവൻ: അതേ, കമ്യൂണിസ്റ്റ് കള്ളനാണ്, ദുഷ്ടനാണ്, കൊലപാതകിയാണ്, കൂളനാണ്, ഒക്കെ പറഞ്ഞോളു. എങ്കിലും ഒരു കമ്യൂണിസ്റ്റിന്ന് താങ്കളേപ്പോലുള്ള ഒരു നിസ്വാർത്ഥസേവകനെ സ്നേഹിക്കാൻ കഴിയും. എല്ലാ കോൺഗ്രസ്സുകാരേയുമില്ല. താങ്കളെപ്പോലെ ചിന്തകനും നിസ്വാർത്ഥസേവകനുമായ ഒരാളെ.

മാസ്റ്റർ: അതു നന്നായി. അപ്പോൾ വിശേഷം? കാലം കുറച്ചായല്ലോ കണ്ടിട്ട്.

രാഘവൻ: ഞാനിവിടെ വരാൻ പാടില്ലാത്തവനാണ്. ഞാൻ...

മാസ്റ്റർ: അതെനിക്കറിയാം. നിങ്ങൾ അണ്ടർഗ്രൗണ്ടാണ്.

രാഘവൻ: അതെ, കമ്യൂണിസ്റ്റുകൾക്കിന്നു പരസ്യമായി നടന്നുകൂടാ. നിയമത്തിന്റെ ദൃഷ്ടിയിൽ ഞങ്ങൾക്കു ജീവിക്കാൻതന്നെ...

മാസ്റ്റർ: അതേ, നിയമം അനുസരിക്കാത്തവർക്ക് അതിന്റെ രക്ഷ പ്രതീക്ഷിച്ചുകൂടാ.

രാഘവൻ: (മെല്ലെ എഴുന്നേറ്റ് വല്ലായ്മപൂണ്ട ചിരിയോടെ) അപ്പോൾ ഞാൻ പോകണം? താങ്കളിപ്പോൾ കോൺഗ്രസ്സ് കമ്മറ്റിയിലെ ഉത്തരവാദപ്പെട്ട മെമ്പറാണ്. താങ്കൾക്കത് വിസ്മരിക്കാൻ കഴിയില്ല. ഞാൻ പല സ്ഥലത്തുനിന്നും അടിച്ചിറക്കപ്പെട്ടു. എന്നെ നായാടിക്കൊണ്ടിരിക്കയുമാണ്. എങ്കിലും താങ്കൾക്ക് പഴയ സൌഹാർദ്ദത്തിന്റെ പേരിൽ ഉത്തരവാദിത്വം മറക്കാൻ കഴിയില്ല.

മാസ്റ്റർ: (അടുത്തുവന്ന് രാഘവനെ പിടിച്ചിരുത്തിക്കൊണ്ട്) ഞാനൊരു മനുഷ്യനാണ്.

രാഘവൻ: അപ്പോൾ താങ്കളെന്നെ സ്വീകരിക്കും!

മാസ്റ്റർ: താങ്കൾക്കത് ആവശ്യമുണ്ടെങ്കിൽ.

രാഘവൻ: താങ്കൾ മഹാമനസ്തനാണ്. പക്ഷെ, എന്റെ പിന്നാലെ ആപത്തുണ്ട്. ആ ഇൻസ്പെക്ടർ കുറുപ്പ്, ആ പതിമൂക്കൻ നായ, ആയാൾക്ക് ഞങ്ങളെ മണത്തറിയാൻ കഴിയും. കയ്യിൽ കിട്ടിയാൽ ആയാൾ ഞങ്ങളുടെ എല്ലൊടിക്കും.

മാസ്റ്റർ: താങ്കൾക്കിവിടെ രക്ഷയുണ്ട്.

രാഘവൻ: താങ്കൾക്കുള്ളേടത്തോളം. അതെനിക്കുറപ്പുണ്ട്. പക്ഷെ...

മാസ്റ്റർ: രാഘവൻ, അത്രയ്ക്കൊന്നുമില്ല. താങ്കളുടെ പാർട്ടിയുടെ നയം അത്തരമായതുകൊണ്ട് ഇൻസ്പെക്ടർക്കു ചിലതെല്ലാം ചെയ്യേണ്ടിവരും. ആയാൾ ഗവർമ്മേണ്ടിനോട് കൂറുകാണിക്കുന്നു. സായ്പ് ഭരിച്ച കാലത്ത് ആയാൾ സായ്പിനോടു കൂറുകാണിച്ചു. കുറെ കോൺഗ്രസ്സ്കാർടെ എല്ലൊടിച്ചു.

രാഘവൻ: എന്നിട്ടും കോൺഗ്രസ്സുകാർ ആയാളെ നിലനിർത്തി. അഹിംസ പുലർത്താൻ ആ കടിച്ചു പൊളിക്കുന്ന പതിമൂക്കൻ നായിനെ!

മാസ്റ്റർ: ഏതു ഭരണകൂടത്തിന്നും കുറച്ചു കാവൽനായ്ക്കൾ ആവശ്യമാണ്.

രാഘവൻ: ആയിരിക്കാം. എനിക്കും താങ്കൾക്കും രക്ഷ?

മാസ്റ്റർ: ഇവിടെ ഒരു കമ്മ്യൂണിസ്റ്റ് വരുമെന്ന് ആരും സംശയിക്കില്ല.

രാഘവൻ: ഓ, താങ്കളുടെ കമ്മ്യൂണിസ്റ്റ്വിരോധം പ്രസിദ്ധമാണല്ലൊ.

മാസ്റ്റർ: മാത്രമല്ല. ഈ മലമൂട്ടിൽ ആരും ആരേയും പ്രതീക്ഷിക്കില്ല. ആട്ടെ താങ്കൾക്ക് എത്ര ദിവസം ഇവിടെ കൂടണം?

രാഘവൻ: ഇന്ന് പകൽ മാത്രം. രാത്രി എനിക്ക് പോകാം.

മാസ്റ്റർ: എങ്ങോട്ട്?

രാഘവൻ: അതാണ് തീർച്ചയില്ലാത്തത്. ഞാൻ മൂന്നു ദിവസമായി ഓട്ടം തുടങ്ങീട്ട്. ഇൻസ്പെക്ടറും. ഇന്നലെ മണപ്പുറം ചന്തയിൽവെച്ച് ഞാനയാളെ തോല്പിച്ചു.

മാസ്റ്റർ: തോല്പിച്ചു!

രാഘവൻ: അതേ, ഞാൻ ചന്തയിൽ കയറി. പിന്നാലെ കുറുപ്പും. അവിടെ ഒരു കുറത്തി പാടിയിരുന്നു. കണ്ടാൽ തരക്കേടില്ലാത്തതുകൊണ്ട് മൂപ്പർക്ക് ആ പാട്ട് രസിച്ചു. ഞാൻ പുറത്തു ചാടി. പാലക്കാടൻ ബസ്സ് വരുന്നു. ഞാനതിൽ കയറി വഴിക്കിറങ്ങി വേപ്പിലശ്ശേരിക്ക് നടന്നു.

മാസ്റ്റർ: (ചിരിച്ചുകൊണ്ട്) ആയാൾ രാത്രി മുഴുവൻ പാലക്കാട്ട് നടന്ന് തപ്പുന്നുണ്ടാവും.

രാഘവൻ: തപ്പട്ടെ. ചെറ്റ. ഞാനപ്പോഴൊക്കെ വേപ്പിലശ്ശേരിനിന്ന് ആനപ്പാറയും കേറി കാരാട്ടേക്ക് ഓടുകയായിരുന്നു. പുലർച്ചെ ഇങ്ങോട്ടും കടന്നു.

മാസ്റ്റർ: അപ്പോൾ പെങ്ങളുടെ അടുത്ത് പോയില്ലേ?

രാഘവൻ: ഇല്ല. അവിടെ എനിക്ക് രക്ഷയില്ല. അളിയൻ എന്നെ ഒരിക്കൽ ഇറക്കിവിട്ടതാണ്.

മാസ്റ്റർ: ഹോ, മനുഷ്യന്നു മനുഷ്യനെ സ്നേഹിക്കാൻ വയ്യാതായി! അപ്പോൾ രാത്രി എങ്ങോട്ടു പോകുമെന്നാണ് പറഞ്ഞത്?

രാഘവൻ: അവിടെയാണ് വികടം. ആ നായാട്ടുകാരൻ പാലക്കാട്ടുതന്നെ എന്നെ തപ്പിനടക്കുകയാണെങ്കിൽ വിഷമമില്ല. എനിക്ക് പോകേണ്ടത് കൊളപ്പറമ്പിലേക്കാണ്. അതല്ല, ആയാൾ കൊളപ്പറമ്പുവഴിക്കാണ് തിരിഞ്ഞിട്ടുള്ളതെങ്കിൽ, ഞാനയാളുടെ വായിൽ ചാടും.

മാസ്റ്റർ: (ആലോചനപൂർവ്വം) അതറിയണം.

രാഘവൻ: എങ്ങനെ അറിയും?

മാസ്റ്റർ: പാലക്കാട്ടുണ്ടെങ്കിൽ എനിക്കറിയാൻ കഴിയും. ഞാൻ കമ്മറ്റി ആഫീസിൽ പോയാൽ മതി.

രാഘവൻ: പക്ഷെ നടക്കണം.

മാസ്റ്റർ: അതെ, ആറുനാഴിക നടക്കണം. പിന്നെ ബസ്സ് കിട്ടും.

രാഘവൻ: ഞാൻ താങ്കൾക്കൊരു ഭാരമായി.

(സാവിത്രി ചായയും പലഹാരവുമായി പ്രവേശിക്കുന്നു)

മാസ്റ്റർ: (സാവിത്രിയോട്) ഇദ്ദേഹത്തിന്ന് തെക്കെ മുറിയിൽ സൗകര്യപ്പെടുത്തിക്കൊടുക്കു. ചായ അവിടെ കൊടുത്താൽ മതി. (രാഘവനോട്) പുറത്തിരിക്കണ്ട.

രാഘവൻ: അതെ. (സാവിത്രിയെ നോക്കി) ഏട്ടത്തിയമ്മയെ കണ്ടിട്ടില്ല.

സാവിത്രി: (മന്ദസ്മിതത്തോടെ) വരു.

മാസ്റ്റർ: ചെല്ലൂ.

(സാവിത്രിയും രാഘവനും അകത്തേയ്ക്കു പോകുന്നു. മാസ്റ്റർ ചിന്താധീനനായി ലാത്തുന്നു.)

സാവിത്രി: (പ്രവേശിച്ച്) ഇദ്ദേഹം കോൺഗ്രസ്സ് പ്രസിഡണ്ടാ?

മാസ്റ്റർ: ഛെ-ഛെ ആയാൾ കമ്യൂണിസ്റ്റാണ്. അണ്ടർഗ്രൌണ്ട് ആണ്. എങ്കിലും ഇത്ര ആത്മാർത്ഥതയുള്ള ചെറുപ്പക്കാരെ അധികം കാണില്ല ഞങ്ങൾ സഹപ്രവർത്തകരായിരുന്നു. ഞങ്ങൾ ഒന്നിച്ചാണ് ജയിലിൽ കിടന്നത്. ഇന്ന് ആയാൾ കമ്യൂണിസ്റ്റാണ്. അതിനെന്ത്? ഞങ്ങളുടെ സൌഹാർദ്ദം എങ്ങിനെ പോകും?

സാവിത്രി: അതാ ഇപ്പൊ നന്നായത്. എല്ലാവരും വന്നാൽ പൊറത്തേ ഇരുത്തു കമ്യൂണിസ്റ്റ്കാരൻ വന്നപ്പോൾ സല്ക്കാരം അകത്തുവെച്ചായി. (ചിരിക്കുന്നു)

മാസ്റ്റർ: അപ്പോൾ എനിക്ക് പാലക്കാട്ടുവരെ പോണം.

സാവിത്രി: അപ്പോൾ ഇവിടെയോ?

മാസ്റ്റർ: രാഘവനുണ്ടാവും. ഹൊ... (അസ്വാസ്ഥനായി, സംശയിച്ച് നില്ക്കുന്നു.)

സാവിത്രി: അയ്യോ, എനിക്കു വയ്യ ഒരു കമ്യൂണിസ്റ്റുമായി ഇവിട കഴിയാൻ.

മാസ്റ്റർ: ഞാൻ ഉച്ചതിരിയുമ്പോഴേക്ക് വരും... എന്നാലും... എന്നാലും... സാരമില്ല. ഞാൻ വേഗം വരും.

സാവിത്രി: ആ, ഉച്ചതിരിയുമ്പോഴേക്ക് വരില്ലേ?

മാസ്റ്റർ: ഉവ്വ്... എന്നാലും നിയ്യും... ഹെയ് വിഷമം... പോകാതെയും വയ്യ! ഞാൻ പറഞ്ഞു... ആട്ടെ, ആയാൾ കമ്യൂണിസ്റ്റാണ്...

സാവിത്രി: കൊലപാതകിയാണോ? കൂളനാണോ?

മാസ്റ്റർ: ഹെയ്. അല്ലല്ല... ഏ... അതെ, ആയാൾ കമ്യൂണിസ്റ്റാണ്... അല്ലെങ്കിൽ ഞാൻ പോണില്ല.

സാവിത്രി: അപ്പോൾ, അയാളോടെന്താ പറയ്ാ.

മാസ്റ്റർ: ഹൊ... (വിഷമം പിടിച്ച് അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു.) ഏതായാലും ഞാൻ വേഗം വരാം.

സാവിത്രി: ഉച്ചതിരിയുമ്പോഴേയ്ക്കു തന്നെ വരണേ.

മാസ്റ്റർ: വരാം... രണ്ടൊന്നരയ്ക്കുള്ള മല്ലും കൊണ്ടരാം. (അവളെ നോക്കിനിൽക്കുന്നു.)

(കർട്ടൻ)

**രംഗം 2**

വഴിവക്കത്തെ ചായപ്പീടിക. ബഞ്ച്, ഡസ്ക് മുതലായ സമുചിത സാമഗ്രികൾ. ഒരറ്റത്ത് ഒരു മേശയും കസാലയും അതിന്മേൽ ഒരു ചെറിയ പെട്ടിയും. സമയം സുമാറ് 10 മണി. മേശക്കടുത്ത് ചായപ്പീടികക്കാരൻ രാമൻനായർ ഇരിക്കുന്നു. ബഞ്ചിന്മേൽ കുഞ്ഞുമരയ്ക്കാരും. ഗോപാലൻനായർ പ്രവേശിച്ച് ബഞ്ചിന്മേൽ ഇരിക്കുന്നു.

ഗോപാലൻനായർ: രാമൻനായരെ, പാലക്കാട്ടേക്കുള്ള ബസ്സ് പോയോ?

രാമൻനായർ: ഇല്ല, വരാറാവുന്നേയുള്ളു.

ഗോപാലൻനായർ: ഓ,ഞാൻ നല്ല നടത്തം നടന്നു. ആട്ടെ, ചായ തരു. (തിരിഞ്ഞ്) കുഞ്ഞുമരക്കാരോ?

കുഞ്ഞുമരക്കാർ: അതേന്നും. ഇപ്പൊഞമ്മളെ ആരും അറ്യൂല.

(രാമൻനായർ അകത്തേയ്ക്കു പോകുന്നു.)

കുഞ്ഞുമരക്കാർ: (രാമൻനായരോട്) ഒന്ന് ഞമ്മക്കും ബീത്തിക്കോളി. മേഷ്ടറടെ ബക.

മാസ്റ്റർ: ആട്ടെ, രാമൻനായരെ, രണ്ട്.

കുഞ്ഞുമരക്കാർ: അതല്ലാ മേഷ്ടേ, ഇയ്യാളടെ ഒരളിയണ്ടാർന്നോലോ. നിങ്ങടെ ഒക്കെ മാതിരിത്തന്നെ പറസങ്ങത്തിനൊക്കെ നടന്നീർന്നീലേ? എന്താ ഇപ്പൊ അജ്ജാളടെ ഹാല്?

മാസ്റ്റർ: രാഘവനല്ലെ? ആയാളിപ്പോൾ കമ്യൂണിസ്റ്റല്ലെ? അവരൊക്കെ ഇപ്പൊ അണ്ടർഗ്രൌണ്ടാണല്ലോ.

കുഞ്ഞുമരക്കാർ: എന്ത്ര്ത്താന്നേ അത്? എന്താ ആ ഉദ്യോഗപ്പേര്?

മാസ്റ്റർ: (ചിരിച്ച്) ഉദ്യോഗമൊന്നുമല്ല പുറത്തുവരാതെ ഒളിച്ചിരിക്ക്ാന്നർത്ഥം.

കുഞ്ഞുമരക്കാർ: കുറുക്കന്റേം നരീന്റേം ഒക്കച്ചേലില്. മടേല് അല്ലേ?
മാസ്റ്റർ: (ചിരിക്കുന്നു)
കുഞ്ഞുമരക്കാർ: ഇതാ പറേണ്, പടച്ചോൻല്യാന്നും പള്ളീം അമ്പലോം ബേണ്ടാന്നും പറഞ്ഞി നടന്നാലത്തെ അനുഭവം മനിശൻ തൊള്ളേലൊത്ങ്ങണതേ പറയാവൂന്നും.
മാസ്റ്റർ: അതൊക്കെ അവരുടെ വിശ്വാസപ്രമാണമല്ലെ? അവർ അതിന്നു വേണ്ടി സമരം ചെയ്യുന്നു. ഇപ്പോൾ ഒളിവിലാണെന്നു വെച്ചിട്ട് അവരൊക്കെ വ്യസനിച്ച് ഒന്നും ചെയ്യാതെ ഇരിക്ക്ല്ല. അവരുടെ സമരത്തിന്റെ മാർഗ്ഗം അതാണ്. അവിടെയിരുന്ന് അവർ പല പണിയും ചെയ്യുന്നുണ്ട്.
കുഞ്ഞുമരക്കാർ: നിങ്ങക്കുണ്ടോ മേഷ്ടരേ കമ്പം! ഒളിച്ചിരിക്കണോല്ക്ക് ഒളിച്ചിരിക്കല്ന്നെ ആയില്ലേന്ന് പുടുപ്പത് പണി? ആരാ പുടിക്ക്ാ, ആരാ കാണ്ാ, എങ്ങട്ടാ ഓട്ാ, ഇത് തന്നെ നോക്കാൻ ബേണ്ടേന്ന് മുശുവൻ നേരോം?
മാസ്റ്റർ: അതേ, അതേ. വളരെ ഒന്നും ചെയ്യാൻ കഴിയില്ല.
കുഞ്ഞുമരക്കാർ: ഒന്നും ചെയ്യാൻ കയീല്ലാന്നേയ് ഞമ്മക്കറിഞ്ഞൂടെ?ഞമ്മളൊര് കേസീപ്പെട്ട് നടാടത്തേര്ന്ന്. അപ്പോത്തിരി പേടീണ്ട്ച്ചോളിൻ. പുടി കൊട്ത്തിലാ.
മാസ്റ്റർ: എന്ത് കേസേര്ന്ന് കുഞ്ഞുമരക്കാർക്ക്?
കുഞ്ഞുമരക്കാർ: ഒരടിപുടി. ചെറുപ്പല്ലേന്ന്. ഒളിച്ചി ഒന്നരമാസം നടന്ന്. അപ്പളക്ക്ന്റെ മോഷ്ടകെതി അഞ്ചും കെട്ട്! ഇത്തിരിപ്പോരം ബതച്ചീര്ന്ന്. അത് മുശുവൻ കണ്ടോര്ടെ കന്ന് പള്ളേലാക്കി. എന്നിട്ടെന്ത്യേയ്! ഒടുക്കം പോയി പുടീം കൊടുത്ത്. കേസിന്ന് 50ക. പെഴേം കെട്ടി.
മാസ്റ്റർ: (ചിരിച്ചുകൊണ്ട്) വിള പോയത് മാത്രം ലാഭം. അല്ലേ?
കുഞ്ഞുമരക്കാർ: പക്കേങ്കില്, കമ്യൂണിസ്റ്റാർക്ക് ഒരു കൊണണ്ട്. ഓറ്റിങ്ങടെ ബള പുഗ്ഗില്ല. പെഴേം കെട്ടില്ല. എന്തേയ്? (ചിരിക്കുന്നു)
മാസ്റ്റർ: അതെന്താ?
കുഞ്ഞുമരക്കാർ: ബള ഉണ്ടാക്കിങ്കലല്ലെ പുഗ്ഗു. കായിണ്ടെങ്കിലല്ലെ പെഴ അടയ്ക്കു!
മാസ്റ്റർ: (ചിരിച്ചുകൊണ്ട്) അതു ശരി.
കുഞ്ഞുമരക്കാർ: കെടക്കും ജയില്ല്. അപ്പഴും കാച്ചും യുത്തം ചിയ്യാന്ന്. നിങ്ങളും പറഞ്ഞീര്ന്നിലേ, ജേലിക്കെടന്നപ്പൊ യുത്തം ചെയ്യേര്ന്ന് എന്ന്. അത് തന്നെ. (രണ്ടാളും ചിരിക്കുന്നു.)
(രാമൻനായർ ചായ കൊണ്ടുവന്ന് വെയ്ക്കുന്നു.)
രാമൻനായർ: എന്താ ഇന്ന് കുഞ്ഞുമരക്കാരടെ പ്രസംഗം?
കുഞ്ഞുമരക്കാർ: ബിസേസിച്ച ഒന്നുല്യാന്നും. നിങ്ങടെ അള്യേനെപ്പറ്റി ചോയിക്കേ്. (ചായകുടിക്കുന്നു.)
രാമൻനായർ: (മാസ്റ്ററോട്) ആയാൾ അവിടെയെങ്ങാനും ഉണ്ടോ?
(മാസ്റ്റർ ഞെട്ടുന്നു. കേട്ടില്ലെന്ന ഭാവത്തിൽ കുഞ്ഞുമരക്കാരുടെ മുഖത്തേയ്ക്കു നോക്കിയിരിക്കുന്നു.)
കുഞ്ഞുമരക്കാർ: എന്താ മേഷ്ടരേ ആലോസന. രാമൻനായരുടെ അള്യേൻ നിങ്ങടോടെ എങ്ങാനുണ്ടോന്ന്?
മാസ്റ്റർ: എന്റെ വീട്ടിലോ! അസ്സലായി. ഞാൻ കോൺഗ്രസ്സ് കമ്മറ്റി മെമ്പറാണ്. എന്നിട്ട് ആയാള് എന്റെ വീട്ടില് ഒളിച്ചിരിക്ക്ാ അല്ലേ? നല്ല കാര്യായി.
കുഞ്ഞുമരക്കാർ: അതോണ്ടെന്താ മേഷ്ടറേ. കോൺഗ്രസും കമ്യൂണിസ്റ്റും വോട്ടു പിടിക്കുമ്പോളല്ലെ? ഇങ്ങള് തമ്മിലുള്ള ചങ്ങായിത്തത്തിന് അതോണ്ടെന്താ?
രാമൻനായർ: വല്ലാത്തൊര് കഷ്ടം. പെങ്ങളുണ്ടെന്നോ മരുമക്കളുണ്ടെന്നോ ആയാൾക്കൊര് വിചാരംണ്ടോ? ബാക്കിള്ളോൻ ഇതിങ്ങ്നെ പേറിക്കോള്ാ. അഞ്ചെണ്ണണ്ട് മാസ്റ്ററെ, ഇത്തീരീശ്ശെപ്പോന്നോറ്റ. പെലത്തണ്ട ഈ കണ്ട്റോള് കാലത്ത്. ഈയാള് ഇങ്ങനീം.
കുഞ്ഞുമരക്കാർ: മേഷ്ടറ്ക്ക് അപ്പഹേനെപ്പറഞ്ഞിട്ട് അക്കൂട്ടത്തിന്ന് ഇങ്ങട്ട് രാജി വെപ്പിച്ചൂടെ?
മാസ്റ്റർ: അതിന് ആയാള് എന്റെ വീട്ടിലില്ല. ഞാനായാളെ കണ്ടിട്ടില്ല. നല്ല കാര്യം! ഒളിവിലുള്ള ഒരു കമ്യൂണിസ്റ്റ് എന്റെ വീട്ടിൽ വരോ, ഞാൻ കോൺഗ്രസ് കമ്മറ്റി മെമ്പറായിരിക്കുമ്പോൾ.
രാമൻനായർ: നേരാംവണ്ണമെങ്കിൽ ഇപ്പോൾ നിങ്ങളെപ്പോലെ ഒരു മാസ്റ്ററുദ്യോഗോ എന്തെങ്കിലും ഒന്നു കിട്ടി കുടുംബം പുലർത്തിക്കൂടെ?
കുഞ്ഞുമരക്കാർ: അതെന്താ? അജ്ജാൾക്കൂല്യേ പടിപ്പ്. ട്രേയിനിങ്ങോ എന്തിരുത്തോ ഒക്കീല്യേ, അതും

കയിച്ചതല്ലേ? ഇജ്ജാള്ടെ കൂടെല്ലെ ജേലിലും കെടന്നീര്ന്ന്. അപ്പൊ കിട്ടിക്കൂടെ ഉദ്യോകം?

രാമൻനായർ: അപ്പഴക്ക് കെട്ടിലേ കുഞ്ഞുമരക്കാരെ? ഞാനെന്തുചെയ്യും? ഈ പാത്രോം മോറീട്ട് എത്രണ്ണത്തിനെ പെലത്താം.

കുഞ്ഞുമരക്കാർ: മേഷ്ടറേ, അജ്ജാളെ ഒന്ന് നേരുബഴിക്കാക്കിൻ. നിങ്ങള് ഇപ്പൊ ബിജാരിച്ചാ കയീം. മാപ്പ് കൊട്പ്പിക്കേ് ഉത്യോകം ബാങ്ങിക്കൊട്ക്കേ്, എന്തും നിങ്ങള് ബിജാരിച്ചാ ഇപ്പൊ നടക്കും. ഒന്ന് ചെജ്ജിൻ.

മാസ്റ്റർ: ഛെ, ഛെ. ഞാനയാളെ കണ്ടിട്ടില്ല. ആയാൾ എന്റെ വീട്ടിൽ വന്നിട്ടില്ല.

രാമൻനായർ: അല്ല. അതോണ്ടല്ല. എന്നാലും വല്യേ ഒപകാരാവും ആയാളെ ഒന്ന് നേർവഴിക്കാക്കിക്കിട്ട്യാല്. നിങ്ങള് പറഞ്ഞാല് ആയാളും കൂട്ടാക്കും, പോലീസും കണ്ണുചീമ്പും

കുഞ്ഞുമരക്കാർ: മന്സ്യന് തോന്നണ്ടേ ഹള്ളാ ഒടപ്പിറപ്പിനെ ഒന്ന് സഹായിക്കാൻ.

രാമൻനായർ: ഒരിക്കല് വീട്ടിൽ വന്നു. ഞാൻ പറഞ്ഞുനോക്കി. ആയാള്ടെ പെങ്ങള് കരഞ്ഞു. ലവലേശം ഒരിളക്കം? എല്ലാര്ടേം കഷ്ടപ്പാട് തീരുമ്പോൾ നിങ്ങടേയും തീരും; അതിനാഞാനിങ്ങനെ നടക്കണത് എന്നാ മറുപടി. അവരവര് നന്നായാലല്ലാതെ മാസ്റ്ററേ, മറ്റൊരാളെ നന്നാക്കാനാവ്വോ?

കുഞ്ഞുമരക്കാർ: പ്രാന്തുണ്ടോ നായരെ? മറ്റുള്ളോരെ നന്നാക്കുണു. ഒടപ്പിറപ്പുപോലെ ഒപ്പം നടക്ക്ണോല്ക്കില്ല മറ്റോൻ നന്നാവണംന്ന്.

രാമൻനായർ: പോലീസ് ഇയാളെ തെരഞ്ഞ് നടക്ക്. പറഞ്ഞാലാണെങ്കില് ചൊവ്വെ നേരെ കൂട്ടാക്കില്ല. അപ്പൊ ഞാൻ പറഞ്ഞു ഇവിടെ നിന്നിട്ട് ഈ കുട്ട്യോളേം കൂടി കഷ്ടത്തിലാക്ക്ര്ത്ന്ന്. അവിടെ വെച്ച് പിടിച്ചാൽ പോലീസ് എന്നേം കൊണ്ടോവില്യേ? ഞാനിത് പറഞ്ഞപ്പൊ എറങ്ങ്യാ പോയി. ഓന്റെ പെങ്ങളും കുട്ട്യോളും നിന്ന് പെരുമൊറെ കരയ്. മനുഷ്യനാ ആയാള്?

കുഞ്ഞുമരക്കാർ: അപ്പൊ മനിശ്യന്മാരടെ ഒക്കെ കൽബ് ഇപ്പൊ കല്ലാണെന്നേയ്. അല്ലെങ്കി, നിങ്ങക്കിപ്പൊ കണ്ടൂടെ. നിങ്ങടെ ബഴി തെറ്റാന്നറിഞ്ഞാ ഞാൻ പറഞ്ഞിതരണം നേരുബഴി ഇന്നതാണ്. ഞമ്മള് ബിജാരിച്ചാ നിങ്ങളെ ഒരു കുടുക്കീന്ന് ഊരാച്ചാല് നിങ്ങള് പറഞ്ഞിലെങ്കിലുംഞമ്മളത് ചെയ്യണം.

മാസ്റ്റർ: കുഞ്ഞുമരക്കാര്ക്ക് ഇപ്പഴും ആയാളെന്റെ വീട്ടിലുണ്ടെന്നാണ് ബോദ്ധ്യം. അതു വെറുതെയാണ്. ഞാനതങ്ങട്ടു ബോദ്ധ്യപ്പെടുത്തിത്തരാം നോക്കൂ, ഞാനും എന്റെ ഭാര്യയും മാത്രമാണ് വീട്ടില്. ഒരു വാല്യക്കാരത്തീംകൂടി ഇല്യ. അവൾക്കു ചെറുപ്പോം ആണ്. കണ്ടാലും തരക്കേടൊന്നും ഇല്യ. ഞാൻ അവളെ തനിച്ച് വീട്ടിലും ആക്കി ഒരു ചെറുപ്പക്കാരൻ കമ്യൂണിസ്റ്റുകാരനെ തുണയ്ക്കും ആക്കിക്കൊടുത്ത് ഇങ്ങനെ നടക്കുകയാണോ? അതുണ്ടാവ്വോ? നിങ്ങൾക്കും ആലോചിച്ചാൽ അറിഞ്ഞൂടെ? അതുണ്ടാവ്വോ ഈ ലോകത്തില്?

കുഞ്ഞുമരക്കാർ: ഇപ്പൊ, നിങ്ങള് പറഞ്ഞത് ഞമ്മക്ക് പുടിച്ചി. പോദ്ധ്യായി. പെൺപെറന്നോരുള്ള ബീട്ടില് ഇബ്റ്റിനെ കടത്തില്ല, എന്താ രാമൻനായരെ?

രാമൻനായർ: എയ്. അയാൾ അത്ര വഷളനൊന്ന്വല്ല.

കുഞ്ഞുമരക്കാർ: ബഷളായിട്ടല്ലാച്ചോളിൻ. ഓറ്റക്ക് ബേസ്ഥല്യ അത് ഓറ്റ്ങ്ങടെ മര്യാതയാ. ഒരുത്തൻ ഒരു പെണ്ണിനെക്കെട്ടാ. ഓളായിട്ടുകൂട്ടാ. അതുഞമ്മടെ മര്യാദ. ഓറ്റക്ക് മറിച്ചാണ്ച്ചാൽ? സ്വകാര്യം ഒന്നും പാടില്ലാന്നല്ലേ? എന്റെ നെന്റേന്ന് ഇല്ലലോ. ദുനിയാവിലുള്ള മുശുവനും എല്ലാര്ടീം പാടെ ആണ്. അപ്പൊ, ഇജ്ജാളടെ കെട്ട്യോള് അജ്ജാളടേം കെട്ട്യോളാവണ്ടെ? ഇതാ ഓറ്റ്ങ്ങടെ മര്യാദ.

മാസ്റ്റർ: ഛെ. ഛെ. ഞാൻ ഒരിക്കലും ഒരു കമ്യൂണിസ്റ്റിനെ വീട്ടിൽ കടത്തില്ല. എന്നിട്ട് ആയാളേം അവടെ ആക്കി ഞാനിങ്ങനെ പെറത്ത് നടക്ക്, അല്ലേ? അവൻ എന്നിട്ട് അവളടെ കൈക്ക് കേറി പിടിക്ക്. അവളെ അതിനൊന്നും കിട്ടില്ലാന്ന്വെക്ക്. എന്നാലും കുറവായില്ലേ? ഗോപാലനെ അതിനൊന്നും ആരും കാക്കണ്ട.

കുഞ്ഞുമരക്കാർ: അതും ബിസ്വസിക്കണ്ട മേഷ്ടറേ. ഈ പെണ്ണുങ്ങള്ണ്ടല്ലോ, അവറ്റക്ക് ഇഷ്ടായിട്ടാ മറ്റൊരുത്തന് ബഴങ്ങ്ണ്. നിങ്ങള് പറഞ്ഞേലന്തികേറി പുടിച്ചാ എന്താ ചെജ്ജാ ആളറിഞ്ഞാ കൊറബല്ലേ? നെലോളിച്ചാ ആളറീല്യേ? തല്ലാനും കുത്താനും ആണെങ്കി ഓറ്റ്ങ്ങക്ക് ബൈക്കോ? അപ്പോപ്പിന്നെ അനുസരിക്കേല്തന്നെ.

മാസ്റ്റർ: ഛെ, ഛെ, അതു പാടില്ല. (എഴുന്നേറ്റ് അസ്വസ്ഥനായി അങ്ങോട്ടുമിങ്ങോട്ടും ലാത്തുന്നു) മഹാകഷ്ടം.

ദുഷ്ടവക മഹാകഷ്ടം. (തിരിഞ്ഞ് രാമൻനായരോട്) ഇയ്യാള് പറഞ്ഞതാ ശരി. കമ്യൂണിസ്റ്റിന്ന് വ്യവസ്ഥയില്ല. സദാചാരബോധമില്ല. സദാചാരം പാടില്ലാന്നാണ് അവരുടെ വാദം. സ്ത്രീപുരുഷബന്ധത്തെപ്പറ്റീം കുടുംബജീവിതത്തെപ്പറ്റീം അവർ പറയുന്നത് ശുദ്ധ അസംബന്ധമാണ്. അവറ്റ നീചന്മാരാണ്.

(പുറത്ത് അകലെനിന്നു ഹോൺ കേൾക്കുന്നു)

കുഞ്ഞുമരക്കാർ: (കാശ് എടുത്ത് മേശപ്പുറത്തുവെച്ചിട്ട്) ഇതാ രണ്ടാളടെ.

മാസ്റ്റർ: ഛെ, ഞാൻ കൊടുക്കുമല്ലൊ.

കുഞ്ഞുമരക്കാർ: അത്രക്കൊന്നും ആയിലാ മേഷ്ടറേ. ഞമ്മന്റെ ഒരാപ്പ് നിങ്ങക്കും കുടിക്കാം. പോരി. അതാ ബസ്സ് ബരണ്.ഞമ്മളൂണ്ട് പാലക്കാട്ടേക്ക്. ആ ഇൻസ്പെട്ടരെ ഒന്നു കാങ്ങണം ഞമ്മടെ പറമ്പീന്ന് തേങ്ങാപോയിട്ട് ഒരു തുമ്പൂല്യ. അജ്ജാളെ ഒന്നു കണ്ട് പറഞ്ഞ്വാക്കണം. പോരി. ബസ്സ് ബര്ണ്.

മാസ്റ്റർ: (അസ്വസ്ഥനായി അങ്ങുമിങ്ങും നോക്കി) ഞാൻ ഇപ്പൊ ഇല്യാച്ചാലോ? മടങ്ങിപ്പോണം ന്ന്ണ്ട്. കഴീല്യ ഇനി...

കുഞ്ഞുമരക്കാർ: നിങ്ങളെന്ത്ര്ത്താന്നേ പറേണ്. പാലക്കാട്ട് പോണം ന്ന്ച്ച്ട്ട് ആറേഴുനാഴികേം ചവുട്ടി ബസ്സ് ബന്നപ്പൊ, പോണ്ടാന്ന്. നിങ്ങക്കെന്താ പ്രാന്താ?

(പുറത്ത് അടുക്കെനിന്ന് തുരുതുരെ ഹോറൺ കേൾക്കുന്നു.)

കുഞ്ഞുമരക്കാർ: ബരീൻ മേഷ്ടറേ.

മാസ്റ്റർ: അല്ല, ഞാൻ വരണോ...

കുഞ്ഞുമരക്കാർ: അജ്ജാള്ക്ക് ഇപ്പൊ പെണ്ണ്ങ്ങടെ ബിജാരായി. പോരിൻ മേഷ്ടറേ. നിങ്ങടെ പെണ്ണിനെ കാക്ക കൊണ്ടോയാ ബേറൊന്നിനെ നോക്കാം.

മാസ്റ്റർ: എയി. അതോണ്ടൊന്ന്വല്ല.....എന്നാ പോവാം.

കുഞ്ഞുമരക്കാർ: നിങ്ങളിങ്ങട്ട് പോരി. ഒപ്പം തൌതാരിച്ച് പുഗ്ഗാലോച്ചിട്ടാ. പിന്നെ ഇൻസ്പെട്ടരോടു നിങ്ങളൊരു ശിപാർശീം ചിയ്താ കുഞ്ഞുമരക്കാരടെ കാര്യം ചൊവ്വായി. പോരീന്ന്.

മാസ്റ്റർ: നാളെ ഒപ്പം പോയാലോ?

കുഞ്ഞുമരക്കാർ: നിങ്ങളിങ്ങട്ട് പോരീന്ന്. കുടീല്ല് കമ്മ്യൂണിസ്റ്റില്ലാന്ന് നിങ്ങള് തെന്നല്ലേന്ന് പറഞ്ഞി. പെണ്ണ്ങ്ങളബടെ ഇരുന്നോളും. (ഹോൺ തുരുതുരെ കേൾക്കുന്നു)

മാസ്റ്റർ: (രാമൻനായരോട്) എന്നാൽ വരട്ടെ.

(കുഞ്ഞുമരക്കാര് മാസ്റ്ററെ പിടിച്ചു കൊണ്ടു പോകുന്നു.)

കർട്ടൻ

**രംഗം 3**

പോലീസ് ഇൻസ്പെക്ടരുടെ വീട്. സമയം സുമാറ് 11 മണി. ഇൻസ്പെക്ടർ പ്രവൃത്തി കഴിഞ്ഞ് മടങ്ങിവന്ന് ഉടുപ്പഴിച്ചു വെക്കുന്നു. ഹാറ്റും കോട്ടും പാർശ്വത്തിലുള്ള മേശപ്പുറത്തുവെച്ച് ഒരു കയ്യില്ലാത്ത ചാരുകസേരയിൽ ഇരുന്ന് ബൂട്സ് അഴിക്കുകയാണ്. പരിഷ്കൃതവേഷധാരിണിയായ ഭാര്യ ദാക്ഷായണിഅമ്മ എങ്ങോട്ടോ പുറപ്പെട്ട നിലയിൽ ചമഞ്ഞൊരുങ്ങി കയ്യിൽ ഹാൻഡ് ബാഗുമായി വന്ന് മേശമേൽ ചാരി നില്ക്കുന്നു.

ദാക്ഷായണിഅമ്മ: ഐസെ, നിങ്ങളുടെ ഡ്രൈവറെവിടെ?

ഇൻസ്പെക്ടർ: അവൻ വന്നില്ല?

ദാക്ഷായണിഅമ്മ: അവൻ വരുന്നു! മിസ്റ്റർ, കുറച്ചുകൂടി കർശനമായിട്ടുവേണം ഇവരോടെല്ലാം പെരുമാറാനെന്ന് ഞാനെത്ര തവണയായി പറയുന്നു. (റിസ്റ്റ് നോക്കി) ണേണ, ധള ധല ണഫണവണഭ തധവണ.

ഇൻസ്പെക്ടർ: ഓ, സാരമില്ല ദാക്ഷം. അവൻ ഇപ്പോൾ വരും. ഝഫണവണഭളദധറളസ ക്കല്ലെ തഴഭഡളധമഭ?

ദാക്ഷായണിഅമ്മ: അവൻ വരുന്നു! അതെ, അവന്നു തോന്നുമ്പോൾ വരും. അപ്പോൾ വേണമെങ്കിൽ

പോയ്ക്കൊള്ളണം. ഐസെ, ഹാഫ് ആൻ അവറെങ്കിലും മുമ്പെ അവിടെ എത്തണ്ടെ? മാരിയേജ്പാർട്ടിയൊന്നിച്ചാണോ ഞാനങ്ങു കയറിച്ചെല്ലേണ്ടത്?

ഇൻസ്പെക്ടർ: അവൻ വരും. ൂഫണടലണ ശടധള.

ദാക്ഷായണിഅമ്മ: (ബാഗ് മേശപ്പുറത്തിട്ട്) അപ്പോൾ നമ്മുടെ സേർവെൻസിന്ന് ഇഷ്ടമുള്ളപ്പോൾ നമ്മുടെ കാര്യങ്ങൾ നടത്തുക എന്നാണോ? ഹോ! ലദടബണതഴഫ!

ഇൻസ്പെക്ടർ: എന്നാൽ ഒരു ടാക്സി വിളിക്കാൻ പറയൂ നാരായണനോട്.

ദാക്ഷായണിഅമ്മ: ടാക്സി! സർവ്വീസ് ബസ്സില്ലെ? നിങ്ങളെന്നെ സർവ്വീസ് ബസ്സിൽത്തന്നെ കയറ്റും. പക്ഷെ കയറണ്ടത് ദാക്ഷായണിയാണ്. എന്നാലും നിങ്ങൾക്ക് സ്വന്തം ഡ്രൈവറെ നിലയ്ക്കു നിർത്തിക്കൂടാ അല്ലെ? ഹോ ലദടബണതഴഫ !

ഇൻസ്പെക്ടർ: എനിക്കവനെ പറഞ്ഞയക്കാൻ മടിയില്ല. ആഴള ദണ ധല ദമഭണലള ദാക്ഷം.

ദാക്ഷായണിഅമ്മ: ഒണ ധല ദമഭണലള! അവൻ നിങ്ങളെ എവിടെയെല്ലാം കൊണ്ടുപോകുന്നു എന്ന് എന്നെ അറിയിക്കാറില്ല. അക്കാര്യത്തിൽ അവൻ ദമഭണലള ആണ്. (അരിശംപൂണ്ട്) ആഴള ദണ ധല ധബയണറളധഭണഭള.

ഇൻസ്പെക്ടർ: നീ എന്തിന്നതെല്ലാം അവനോട് ചോദിച്ചു?

ദാക്ഷായണിഅമ്മ: ഓ, ചോദിച്ചു?ഞാനാണ് ചോദിക്കുക? അത്രയ്ക്കേ ഉള്ളു. നിങ്ങളെവിടെ പോയാൽ എനിക്കെന്തുവേണം? അതെല്ലാം അന്വേഷിച്ച് നാണം കെടാൻ ഞാൻ മെനക്കെടില്ല.

ഇൻസ്പെക്ടർ: പിന്നെയെന്ത് അവൻ അറിയിച്ചില്ലെന്ന് പറഞ്ഞത്?

ദാക്ഷായണിഅമ്മ: അവൻ അറിയിക്കാറില്ല, അത് തന്നെ. ഒണ ധല ണഷയണഡളണഢ ഉമ ഢമ ഉദടള. പെട്രോൾ കൂപ്പൺ തീർന്നു, തീർന്നു എന്ന് പറയുമ്പോൾ അനാവശ്യമായി കാറോടിച്ച് എവിടെയെല്ലാം തെണ്ടി എന്നു പറയണം. പറയുമെന്നാണ് വിചാരിക്കുക.

(ഇൻസ്പെക്ടർ മിണ്ടാതെ ചാരിക്കിടന്ന് മീശ തടവുന്നു.)

ദാക്ഷായണിഅമ്മ: എങ്ങിനെ വില വെയ്ക്കും? അവന്നു എല്ലാ രഹസ്യവുമറിയാം. അവനെ മുഷിപ്പിക്കുന്നത് അപകടകരമാണ്. അതവന്നറിയാം.

ഇൻസ്പെക്ടർ: കദടള ഢമ സമഴ ബണടഭ? എന്തപകടം!

ദാക്ഷായണിഅമ്മ: എന്തപകടം? പിന്നെ കണ്ട ചെറ്റപ്പെണ്ണുങ്ങളെ അവൻ പരിചയപ്പെടുത്തിത്തരില്ല, അതുതന്നെ. പിന്നെ കാറുമെടുത്ത് എവിടെ പോയെന്ന് അവൻ വെളിപ്പെടുത്തും, അത് തന്നെ. എന്നെക്കൊണ്ട് പറയിക്കണ്ട. മിസ്റ്റർ ഇതൊന്നും ഞാനറിയാത്തതല്ല. എനിക്കറിയാം, എന്തിനാണ് ഒരു ഇൻസ്പെക്ടർ സ്വന്തം ഡ്രൈവറെ കമ്മീഷണറെപ്പോലെ ബഹുമാനിക്കുന്നതെന്ന്.

ഇൻസ്പെക്ടർ: (നിവർന്നിരുന്ന്) ൗദണലണ ടറണ ടഫഫ ബധലഴഭഢണറലളടഭഢധഭഥല. ദാക്ഷം, നിനക്കെന്നെ വിശ്വാസമില്ലെ?

ദാക്ഷായണിഅമ്മ: (തൊണ്ട വിറച്ചുകൊണ്ട്) ഞാനാരേയും വിശ്വസിക്കണം. വിശ്വസിക്കാതെ നിവൃത്തിയുണ്ടോ? പെട്ടുകഴിഞ്ഞില്ലേ?

ഇൻസ്പെക്ടർ: (അടുത്തുചെന്ന്) മാപ്പുതരു. അവൻ വരട്ടെ ഞാനവനെ പറഞ്ഞയക്കും. നീ ഒരിക്കൽ പറഞ്ഞാൽപ്പിന്നെഞാനവനെ നിർത്തുമോ? ഛെ. അവൻ വന്നില്ല. ടെലഡടഫ.

(മാസ്റ്ററും കുഞ്ഞുമരക്കാരും പ്രവേശിച്ച് ഒരറ്റത്തു നില്ക്കുന്നു)

ദാക്ഷായണിഅമ്മ: ആതാ നിങ്ങളുടെ ആരാധകന്മാര് വന്നിരിക്കുന്നു. സ്വൈരമുണ്ടോ ഇവിടെ?

ഇൻസ്പെക്ടർ: (തിരിഞ്ഞ് നീരസഭാവത്തോടെ) എന്തുവേണം? നിങ്ങൾക്ക് സ്റ്റേഷനിൽ വന്നുകൂടെ?

മാസ്റ്റർ: ഒരടിയന്തിരകാര്യം പറയാനുണ്ട്.

ഇൻസ്പെക്ടർ: എല്ലാം സ്റ്റേഷനിൽ. ഇത് വീടാണ്. പോലീസിൻസ്പെക്ടർക്കും കുറച്ചൊന്നു വിശ്രമിക്കണം. കാര്യം, കാര്യം. പോയ്ക്കോളൂ, സ്റ്റേഷനിൽ വരു, വൈകുന്നേരം.

കുഞ്ഞുമരക്കാർ: എയ്മാനേ, ഒന്നു കേട്ടാമതി സങ്കടം. പിന്നെ,ഞമ്മളങ്ങ് പോയ്ക്കോളാം. എയ്മാന്റെ സൊകസൗകര്യംപോലെ ശെയ്താ മതി.

മാസ്റ്റർ: ഞങ്ങൾ 14 നാഴിക ദൂരെനിന്നു വരുന്നത്; 6 നാഴിക നടന്നിട്ട്.

ദാക്ഷായണിഅമ്മ: എന്നാൽ ഒന്നു കേൾക്കൂ, അതുകൊണ്ട് അവർ പോകുമെങ്കിൽ.

ഇൻസ്പെക്ടർ: നിങ്ങൾക്കെന്ത് വേണം? വേഗം പറയൂ. വേഗം പറയണം.

മാസ്റ്റർ: (ബദ്ധപ്പെട്ട്) കമ്യൂണിസ്റ്റ് ശല്യം. അണ്ടർഗ്രൌണ്ട്കമ്യൂണിസ്റ്റുകൾ എന്റെ അംശത്തിൽ പ്രവർത്തിക്കുന്നുണ്ട്.

കുഞ്ഞുമരക്കാർ: (അതേ ബദ്ധപ്പാടോടുകൂടി) ഏയ്മാനേ ഒറ്റത്തേങ്ങ തെങ്ങിമ്മല് നിക്കാൻ സമ്മതിക്കോ കള്ളന്മാർ. മോന്തി ഇരുട്ടാവുമ്പളാ ഓറ്റ്ങ്ങടെ കളവ്. അപ്പൊ, ആണുങ്ങളുണ്ടാവ്വോ കുടീല്. പത്തിരുന്നൂറ് തേങ്ങ ഇറങ്ങണതാഞമ്മന്റെ കുടീര്പ്പില്. ഇതാ ഈ മേഷ്ടറക്കറിയാം. ഇത്തവണ ഇടീച്ചീട്ട് 18 എണ്ണാ ഉണ്ടായേ്യ.

മാസ്റ്റർ: നിൽക്കു കുഞ്ഞുമരക്കാരെ, (ഇൻസ്പെക്ടരോട്) കമ്യൂണിസ്റ്റുകളുടെ പ്രവർത്തനം വളരെ ആപൽക്കരമായിരിക്കുന്നു.

ഇൻസ്പെക്ടർ: എന്തൊക്കെയാഹെ, പറേണ്. കമ്യൂണിസ്റ്റുകളിപ്പോൾ തെങ്ങിന്മേൽ കയറി തേങ്ങ പിരിക്കാൻ തുടങ്ങിയോ?

മാസ്റ്റർ: ഇല്ലില്ല. തേങ്ങ പിരിക്കുകയോ? അവരുടെ പാർട്ടിപ്രവർത്തനം ഊർജ്ജിതമായ രാഷ്ട്രീയപ്രവർത്തനമാണ് നടക്കുന്നത്. അവരെ എതിർക്കുന്നവരെക്കൊണ്ടുകൂടി അവർ അവരുടെ പ്രവൃത്തി ചെയ്യിക്കുന്നു. ഒരാൾക്കും രക്ഷയില്ല. അല്ലാതെ തേങ്ങ പിരിക്കലൊന്നൂല്യ.

കുഞ്ഞുമരക്കാർ: ഞമ്മക്ക് കമ്യൂണിസ്റ്റാരെക്കൊണ്ട് ഒരു പുത്തിമൂട്ടുണ്ടായിട്ടില്ല. ഞമ്മ അവറ്റിങ്ങളെ കണ്ടിട്ടേ ഇല്ല. ഞമ്മടെ തേങ്ങ കളവ് പോണ്ണ്ട്ന്ന് മാത്തിരം.

(ദാക്ഷായണിയമ്മ ചിരിക്കുന്നു.)

ഇൻസ്പെക്ടർ: ണേണ ശദടള തമമഫല ടറണ ഉദണസ? ഒരാള് പറയുന്നു കമ്യൂണിസ്റ്റ് ശല്യമുണ്ടെന്ന്. സാക്ഷിക്കു വന്ന ആൾ പറയുന്നു, കമ്യൂണിസ്റ്റുകളെക്കൊണ്ട് ഒരു ബുദ്ധിമുട്ടുമില്ലെന്ന്. ഒരാൾ പറയുന്നു, തേങ്ങ പിരിച്ചു പോകുന്നു എന്ന് സാക്ഷി പറയുന്നൂ തേങ്ങ പിരിക്കലൊന്നൂല്യ.

ദാക്ഷായണിയമ്മ: ശരി, രണ്ടു കേസും തള്ളി അവരെ പറഞ്ഞയയ്ക്കു.

ഇൻസ്പെക്ടർ: ഇനി പൊയ്ക്കോളിൻ ഇപ്പോൾ കേട്ടില്ലെ രണ്ടാളുടേയും സങ്കടം? ഉം, പൊയ്ക്കോളു.

കുഞ്ഞുമരക്കാർ: അപ്പോ എയ്മാൻ എപ്പഴാ അങ്ങട്ട് വരണതാവോ?

ഇൻസ്പെക്ടർ: എന്തിനാടോ? തന്റെ പറമ്പ് കാക്കാനോ? (ദാക്ഷായണിയോട്) ൗദടള'ല ട ഥമമഢ നമഠ.

ദാക്ഷായണിഅമ്മ: ആ പൊയ്ക്കോളു. ഇനി കാറു അങ്ങോട്ട് തിരിക്കാൻ പറയൂ ഡ്രൈവറോട് ആയാൾക്ക് എന്നാൽ ദിവസം എന്നോടു പറയാലോ മൂപ്പർക്ക് പറമ്പ്കാക്കാൻ പോണം. പെട്രോൾ കൂപ്പൺ തരൂ എന്ന്.

മാസ്റ്റർ: എന്നെസ്സംബന്ധിച്ചേടത്തോളം ഞാൻ തുറന്നുപറയാം ഞാനൊരു...

കുഞ്ഞുമരക്കാർ: ഇതു തീർച്ചാവട്ടെ മേഷ്ടേ, മൂപ്പരുങ്ങട്ട് ബരണ കാര്യം. അപ്പള്ക്ക് നിങ്ങള് എടക്കു കേറി ഹലാക്കാക്ക്ണ്.

ഇൻസ്പെക്ടർ: എടോ, ആയാൾ പറയട്ടെ ആയാളുടെ കാര്യം. തന്റെ കാര്യം പറഞ്ഞുകഴിഞ്ഞില്ലേ. പറയിൻ മാസ്റ്ററേ, വീട്ടിലിരിക്കാൻ സൈ്വരം തരരുത്. സൈ്വരത്തിനല്ലല്ലോ പോലീസുകാരനായത്. പറയിൻ.

മാസ്റ്റർ: എന്നെ സ്സംബന്ധിച്ചിടത്തോളം, ഞാൻ തുറന്നുപറയാം, ഞാനൊരു കമ്യൂണിസ്റ്റ് വിരോധിയാണ്. ഞാൻ കോൺഗ്രസ്സിൽ ഒരു പ്രവർത്തകക്കമ്മെറ്റി മെമ്പറാണ്. എന്റെ കൂറ് എന്തായാലും കോൺഗ്രസ്സിനോടാണ്. കോൺഗ്രസ്സ് ഗവർമ്മേണ്ടിനെ അട്ടിമറിക്കുന്ന എല്ലാറ്റിനേയും ഞാൻ എതിർക്കും.

ഇൻസ്പെക്ടർ: ശരി, എതിർക്കും. നിങ്ങൾ കോൺഗ്രസ് ഗവർമ്മേണ്ടാണ് ശരി, പറയൂ.

മാസ്റ്റർ: ആ എന്നെ, ഒരു കമ്യൂണിസ്റ്റുകാരൻ, അയാൾ അണ്ടർഗ്രൗണ്ടാണ്. പോലീസിന്റെ സ്ഥിതിഗതി സ്വകാര്യമായി അറിയാൻ പറഞ്ഞയയ്ക്കണമെങ്കിൽ, അവന്റെ മിടുക്ക് എന്തായിരിക്കും? ഇൻസ്പെക്ടർ, ഒന്നാലോചിച്ചുനോക്കൂ.

ഇൻസ്പെക്ടർ: മിടുക്കു ഭയങ്കരമായിരിക്കണം. എന്നിട്ടു നിങ്ങൾ ആയാളെ എനിക്കു ഒറ്റ് തരുമ്പോൾ നിങ്ങളുടെ മിടുക്ക് എന്തായിരിക്കണം? ഭയങ്കരമായിരിക്കണം. എന്നിട്ട്?

മാസ്റ്റർ: അതാണ് ഞാൻ പറഞ്ഞത് ഇൻസ്പെക്ടർ ഇപ്പോൾത്തന്നെ എന്റെ കൂടെ വരണം. എന്റെ വീട്ടിലുണ്ട് കമ്യൂണിസ്റ്റ്. ഒളിച്ചു നടക്കുന്ന ഒരു കമ്യൂണിസ്റ്റ്.

കുഞ്ഞുമരക്കാർ: ആ, അതാണല്ലെ മേഷ്ടരേ, നിങ്ങൾക്ക് ഇങ്ങോട്ടുപോരാൻ ഒരു ബല്യ ഇഷ്കാലു കണ്ടത്. (ഇൻസ്പെക്ടരോട്) മേഷ്ടറെ ബീട്ടിലേക്കു പോണ വഴിക്കാഞമ്മന്റെ പൊര. ആ ബഴിക്ക് ഒന്നു നിന്ന് ഞമ്മള് കാങ്ങിച്ചുതരാം ചില ഹമ്ക്ക്ങ്ങളെ, ഒാറ്റിനെ രണ്ടെണ്ണത്തിനെ ബിളിപ്പിച്ച് ഒന്നു കണ്ണും പുടീം കാട്ട്യാ ഞമ്മടെ തേങ്ങ പോണേന് ഒരു ശമനമുണ്ടാവും എയ്മാനേ.

ഇൻസ്പെക്ടർ: (മാസ്റ്ററോട്) ഞാൻ ഇപ്പോൾത്തന്നെ, നിങ്ങളുടെ കൂടെത്തന്നെ വരണം അല്ലെ? കല്പനയാണ്. നിങ്ങൾ കോൺഗ്രസ്സുകാരനായതുകൊണ്ട്,ഞാൻ കോൺഗ്രസ്സ്ഗവർമ്മേണ്ടിന്റെ കീഴിലായതുകൊണ്ട്, കല്പന അനുസരിക്കണം അല്ലെ? (ഇൻസ്പെക്ടർ എഴുന്നേല്ക്കുന്നു. മാസ്റ്റർ രണ്ടടിമാറി നില്ക്കുന്നു) ഹെയ്,ഞങ്ങൾക്കു ഞങ്ങളുടെ ഡ്യൂട്ടി അറിയാം കേട്ടോ. കല്പിക്കാൻ വേറെ ആളുണ്ട് കേട്ടോ. ഒരു കോൺഗ്രസ്സ് കമ്മറ്റിമെമ്പർ വന്നിരിക്കുന്നു. ഊം പോവിൻ. ഞാനിവിടെ ഒന്നിരിക്കട്ടെ, ദ്രോഹം!

ദാക്ഷായണിഅമ്മ: ആ, ഒരു ഗൌരവവുമില്ലാതെ എല്ലാറ്റിനും യെസ് മൂളി നിന്നാൽ ഇങ്ങിനെത്തന്നെയാ കളിപ്പിക്കുക.

ഇൻസ്പെക്ടർ: അതെ, അതെ, തലയിൽ കേറുകയാണ്. പോയ്ക്കോളിനെ.

കുഞ്ഞുമരക്കാർ: എന്നാ ഞമ്മക്ക് പുഗ്ഗാ മേഷ്ടറെ. എജമാനന് അവസരോള്ളപ്പോ ഞമ്മക്ക് ഒന്നും കൂടി ബരാം.

മാസ്റ്റർ: (ഇൻസ്പെക്ടരോട്) താങ്കളെന്നെ തെറ്റിദ്ധരിച്ചതാണ്. ഞാനങ്ങിനെ ഉദ്ദേശിച്ചില്ല.ഞാൻ തുറന്നു പറയാം.ഞാൻ 14 നാഴിക ദൂരത്ത്, ആ മലമൂട്ടിൽ ആണു താമസം. വീട്ടിൽ ഞാനും എന്റെ ഭാര്യയും മാത്രമാണ്. അവിടെയാണ് ഇന്നു രാവിലെ ഈ കമ്യൂണിസ്റ്റ് കയറിവന്നത്. അയാൾ അണ്ടർഗ്രൌണ്ടാണ്. ആയാൾക്കു ഞാൻ ഇവിടെവന്ന് നിങ്ങൾ എങ്ങോട്ടു പോകുന്നു, എങ്ങോട്ടു പോകും എന്നെല്ലാം അറിഞ്ഞു ചെല്ലണം. നോക്കൂ, സാർ, ഞാൻ വിവാഹം കഴിച്ചിട്ടു കൊല്ലം തികഞ്ഞിട്ടില്ല. അവൾ കണ്ടാൽ കുറച്ചു ഭേദവുമാണ്. ഞാൻ അവളെ തനിച്ച് ആ കമ്യൂണിസ്റ്റിന്റെ അടുത്താക്കി അയാളുടെ ചാരനായി പുറത്തലഞ്ഞുതിരിയണം. ഇതിനുഞാൻ നിർബ്ബന്ധിതനാവുക. നോക്കൂ എന്റെ ഗ്രീവൻസുകൊണ്ടാണു പറയുന്നത്. ക്ഷമിക്കണം. നിങ്ങളോടു കല്പിക്കാനും മറ്റുംഞാനാര്! എനിക്കെന്റെ പരിമിതി അറിയാം. ദയവുചെയ്തു വരൂ. ഓ, വീട്ടിലിപ്പോൾ ഒരു കമ്മ്യൂണിസ്റ്റും ഒരു ചെറുപ്പക്കാരിപ്പെൺകിടാവും മാത്രം. നിങ്ങൾക്കും ഹൃദയമില്ലെ. അമ്മപെങ്ങമ്മാരില്ലേ?

ഇൻസ്പെക്ടർ: (ആലോചിച്ച്) ഓഹോ, നിങ്ങൾക്കു ഒരു ഭാര്യയുണ്ട് അല്ലേ? വീട്ടിൽ തനിച്ച്? കണ്ടാൽ നല്ല ഒരു ചെറുപ്പക്കാരി? ഓ, അതു കഷ്ടംതന്നെ.

ദാക്ഷായണിഅമ്മ: എങ്കിൽ നിങ്ങളെന്തിനിങ്ങനെ പോന്നു?

മാസ്റ്റർ: പോരാതെന്തു ചെയ്യും? അയാൾ അണ്ടർഗ്രൌണ്ടാണ്. പോലീസിന്നു പിടികിട്ടേണ്ടവനാണ്. അയാൾ എന്റെ വീട്ടിലങ്ങു കൂടിയാൽ, ഞാൻ കൂടി ജയിലിൽ പോണ്ടെ? അതാണ് സങ്കടം.

(പുറത്തുനിന്ന് ഹോറൺ കേൾക്കുന്നു.)

ഇൻസ്പെക്ടർ: ദാക്ഷം, കാർ വന്നിട്ടുണ്ട്. ഇനി താമസിക്കണ്ട പൊയ്ക്കോളു.

ദാക്ഷായണിഅമ്മ: അപ്പോൾ നിങ്ങളിന്നു മടങ്ങുമോ?

ഇൻസ്പെക്ടർ: അപ്പോൾ ഞാൻ പോകുമെന്നു തീർച്ചയായോ?

ദാക്ഷായണിഅമ്മ: എ പഭമശ സമഴ ശധഫഫ. നിങ്ങൾക്ക് ഇര കിട്ടീട്ടുണ്ട്.

ഇൻസ്പെക്ടർ: ഛെ. ഞാനാക്കമ്യൂണിസ്റ്റിനെപ്പറ്റിയാണ് ആലോചിക്കുന്നത്. ഏതായാലും നീ പൊയ്ക്കോളു.

(ദാക്ഷായണിഅമ്മ പോകുന്നു)

ഇൻസ്പെക്ടർ: അപ്പോൾ, നിങ്ങൾക്ക് ഒരു ഭാര്യയുണ്ട്, അല്ലെ? വീട്ടിൽ തനിച്ച്? കണ്ടാൽ നല്ലൊരു പെൺകിടാവ്. അല്ലെ? ഓഹോ എ ലണണ. അവിടെയാണ് കമ്യൂണിസ്റ്റ്കാർ. ശരി, ശരി... എങ്കിൽ പോകാം.

മാസ്റ്റർ: ഓ, വലിയ ദയ.

കുഞ്ഞുമരക്കാർ: പോണ ബഴിക്കാ ഏയ്മാനേ ഞമ്മന്റെ സ്തലം.

ഇൻസ്പെക്ടർ: ആ, ആട്ടെടോ, അതുംനോക്കാം. മടക്കത്തിന്. മടക്കത്തിനേ കഴിയൂ. താനവിടെ കാത്തുനിന്നോളു. ഇത് അടിയന്തിരാവശ്യമാണ്. (മാസ്റ്ററോട്) അപ്പോൾ നിങ്ങളുടെ വീട്?

മാസ്റ്റർ: ഇവിടെനിന്ന് 8–ാം മൈലിൽ ബസ്സിറങ്ങി അവിടെനിന്ന് നേരെ കിഴക്കോട്ട്. ഊടുവഴിയുണ്ട് 6–നാഴിക. അതിന്റെ വലതുവശത്ത് എന്റെ സ്ക്കൂൾ. അതിന്നു തൊട്ടു പിന്നിലാണ് വീട്.

ഇൻസ്പെക്ടർ: ഓ, ശരി, സ്ക്കൂൾ ഞാനറിയും. നിങ്ങളൊരു കാര്യം വേണം. എനിക്ക് ഇക്കാര്യത്തിൽ സർക്കിളിന്ന് റിപ്പോർട്ടു ചെയ്യാതെ ഒന്നും ചെയ്തുകൂടാ.ഞാനൊരു കത്തെഴുതിതരാം. അതു സർക്കിളിന്ന് കൊടുക്കൂ. (ആലോചിച്ച്) കണ്ടില്ലെങ്കിൽ അദ്ദേഹം വന്ന് ഈ കത്ത് കൊടുത്തേ പോരാവൂ. അപ്പോൾ എന്താണാക്കമ്യൂണിസ്റ്റിന്റെ പേര്? (എഴുതുന്നു)

മാസ്റ്റർ: രാഘവൻ. നിങ്ങൾ തിരഞ്ഞുനടക്കുന്ന രാഘവൻ.

കുഞ്ഞുമരക്കാർ: അജ്ജേജാപഹയാ! നിജ്ജാകുട്ട്യേളടെ പള്ളയ്ക്കടിച്ചൂലോ! മനിശന്മാരടെ കൽബില് ഹള്ളാ ഇക്കണ്ട കൈതമൂർക്കന്മാരെ കടത്തിബിടല്ലേ!

മാസ്റ്റർ: താൻ മിണ്ടാതിരിക്കെടോ. എന്റെ വ്യസനം എനിക്കറിയാം.

ഇൻസ്പെക്ടർ: രാഘവൻ; ശരി. അവൻ ഇന്നലെയാണ് എന്നെ തോല്പിച്ചത്. (കത്തു കൊടുത്ത്) ആട്ടെ നടക്കിൻ. സർക്കിളിന്ന് നിങ്ങൾ തന്നെ നേരിട്ടു കത്തു കൊടുക്കണം കേട്ടോ. അല്ലാതെ ഓടിക്കളയരുത്. ശരി.

മാസ്റ്റർ: അങ്ങിനെയാവട്ടെ. (രണ്ടാളുംപോകുന്നു.)

കർട്ടൻ

**രംഗം 4**

മാസ്റ്ററുടെ വീട്, ഒന്നാംരംഗത്തിലെ മുറി. രാഘവനും സാവിത്രിയും തമ്മിൽ സംസാരിക്കുന്നു. രാഘവൻ കസേരയിൽ ഇരിക്കുകയാണ്. കുളിച്ചു തല ചീകി സുമുഖനായിരിക്കുന്നു. സാവിത്രി അല്പം വിട്ട് ഒരു സ്റ്റാന്റിനെ അവലംബിച്ചു നില്ക്കുന്നു. ഇടയ്ക്കിടക്ക് എതിർഭാഗത്തുള്ള പ്രവേശനദ്വാരത്തിലേക്ക നോക്കുന്നു.

സാവിത്രി: വെശക്ക്ണ്ണ്ടോ?

രാഘവൻ: (ചിരിച്ചുകൊണ്ട്) ഹ, ഹ, ഒരു കൂറ്റൻ ഊണും രണ്ടുതവണ പലഹാരവും ചായയും കഴിഞ്ഞിട്ട് ഇനിയും വിശപ്പോ? ഇക്കഴിഞ്ഞ 3 ദിവസം തിന്നണ്ട എല്ലാ ഭക്ഷണവും ഇന്ന് ഒരൊറ്റദിവസംകൊണ്ട് എന്റെ വയറ്റിലായില്ലേ?

സാവിത്രി: (അമർത്തിയ ചിരിയോടെ) വയറാണ് വലിയ കാര്യമെ ന്നല്ലെ പറഞ്ഞത്? അതോണ്ട് ചോദിക്യേ.

രാഘവൻ: (വീണ്ടും ചിരിച്ച്) ഞാനപ്പറഞ്ഞത് സത്യമാണ്. ഒന്നാമത്തെ പ്രശ്നം വയറിന്റെ. ജനങ്ങളുടെ പ്രാഥമികാവശ്യങ്ങളുണ്ടല്ലോ ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസം, വൈദ്യസഹായം ഇതെല്ലാം നിറവേറണം. അത് നിറവേറ്റേണ്ടത് സ്റ്റേറ്റിന്റെ ചുമതലയായിരിക്കണം. അതിൽ ഒന്നാമത്തേതാണ് ഭക്ഷണം. ഏട്ടത്തിയമ്മക്ക് അതല്ല ശരി എന്ന് തോന്നുന്നുണ്ടോ?

സാവിത്രി: അവരവര് പണി എടുത്ത് തിന്നണം എന്നല്ലാതെ ഇക്കണ്ട ജനങ്ങൾക്കൊക്കെ കൊടുക്കാൻ ഗവർമ്മേണ്ടിന്ന് കഴിയ്യോ?

രാഘവൻ: ജനങ്ങൾ പണി എടുക്കണം എന്നത് ശരി. കൂടുതൽ ശരിയാണ് എല്ലാ ജനങ്ങളും പണി എടുക്കണമെന്നത്. പണി എടുക്കാത്തവന് ജീവിക്കാൻ അർഹതയില്ല. ഇന്നത്തെ സ്ഥിതി എന്താ നോക്കൂ. പണി എടുക്കാൻ ഒരുക്കവും ആവശ്യവുമുള്ളവന്ന് പണിയില്ല. എന്നിട്ട് പട്ടിണി. കുറെ ആളുകൾക്ക് പണി എടുക്കേണ്ട ആവശ്യവുമില്ല. പണി എടുക്കാൻ മോഹവും ഇല്ല. എന്നിട്ടും സമൃദ്ധി. തീറ്റി, കുടി, ഉല്ലാസം, വ്യഭിചാരം, ഇതെല്ലാമായി അവർ സുഖിക്കുന്നു.

സാവിത്രി: അതിന് ഗവർമ്മേണ്ട് എന്താ ചെയ്യാ. പണിക്കാർക്കു തന്നെ പണീല്യ. പിന്നെ

പണങ്ങളോരെക്കൊണ്ട് പണി എടുപ്പിക്കണോ?

രാഘവൻ: പണിക്കാർക്ക് എന്തുകൊണ്ട് പണി ഇല്ല? അത് നമ്മൾ ആലോചിക്കണം. ഈ നാട്ടിൽ ഒന്നുമില്ല വേണ്ടേടത്തോളം. പലതും അന്യനാട്ടിൽനിന്ന് വരുത്തണം. ഭക്ഷണം കൂടി. ഇവിടെ പണിക്ക് ആൾക്കാരുണ്ട്. കൃഷിചെയ്യാൻ പറ്റിയ തരിശുനിലം ധാരാളം കിടക്കുന്നു. മൂലധനം മുടക്കാനാണെങ്കിൽ അതുമുണ്ട്. എന്നിട്ടും പട്ടിണി. ദാരിദ്ര്യം.

സാവിത്രി: ഇതൊക്കെ ഉണ്ടായിട്ട് മനപ്പൂർവ്വം ആളുകളെ കഷ്ടത്തിലാക്ക്വോ ഗവർമ്മേണ്ട്?

രാഘവൻ: അത് മനസ്സിലാക്കാൻ വിഷമമില്ല. അതു മനസ്സിലാവണമെങ്കിൽ മറ്റൊരു കാര്യം നാം പഠിക്കണം. ഇവിടെ രണ്ടുവർഗ്ഗമുണ്ട്. എല്ലാ നാട്ടിലും രണ്ടുവർഗ്ഗമുണ്ട്. റഷ്യയിലൊഴികെ ഉള്ളവരും ഇല്ലാത്തവരും ഈ വർഗ്ഗവ്യത്യാസം നിലനിർത്തണമെന്നാണ് അവരുടെ ആവശ്യം.

സാവിത്രി: എത്ര വർഗ്ഗമെങ്കിലും ആയ്ക്കോട്ടെ. നമ്മക്കെന്താ? ഇപ്പൊ നായന്മാരടെ എടേത്തന്നെ എത്ര വർഗ്ഗണ്ട്? അതൊക്കെ അങ്ങട്ട് ക്രമേണ പൊയ്ക്കോളും.

രാഘവൻ: പക്ഷെ, ഞാൻ പറഞ്ഞ ഈ സാമ്പത്തികവർഗ്ഗം തനിയേ അങ്ങ് നശിക്കില്ല. അതില്ലാതാക്കാൻ ഭഗീരഥപ്രയത്നം വേണം. അനവധി ജനങ്ങൾ ജീവൻ കളയാൻ തയ്യാറാവണം. അനവധി രക്തസാക്ഷികൾ...

സാവിത്രി: അപ്പൊ, അതിനൊക്കെ വേണ്ടീട്ടാ ഈ നടക്കണത്?

രാഘവൻ: അതെ. എന്നെപ്പോലെ ഇന്ന് അനേകലക്ഷം ചെറുപ്പക്കാര് വീടും കുടിയും വിട്ട് കാട്ടിലും മേട്ടിലും നടന്നലഞ്ഞ്, പോലീസിന്റെ മർദ്ദനം സഹിച്ച് ചോര ഛർദ്ദിച്ച്, എല്ലു പൊട്ടി, ക്ഷയം പിടിച്ച്, ഇഞ്ചിഞ്ചായി മരിച്ചുപോകുന്നു. ജനങ്ങൾ അവരുടെ ത്യാഗത്തെ നോക്കി മനസ്സിലാക്കണം.

സാവിത്രി: ഇതൊക്കെ ഒന്നു വിട്ട് അവരവരടെ പ്രായത്തിന്ന് ചേർന്നപോലെ, ഒരു വിവാഹോം കഴിച്ച് കുടുംബായിട്ടു താമസിക്കാൻ തോന്ന്ണില്ല്യേ?

രാഘവൻ: സത്യം പറഞ്ഞാൽ, ഇവിടെ എത്തുന്നതുവരെ തോന്നീട്ടില്ല. പക്ഷെ, നിങ്ങളുടെ പ്രശാന്തസുന്ദരമായ ഗൃഹജീവിതമുണ്ടല്ലോ, അതെന്നെ വല്ലാതെ പിടിച്ചു കുലുക്കീട്ടുണ്ട്. സമ്മതിക്കാതെ തരമില്ല.

സാവിത്രി: ഇവിടുത്തെ ആള് വിചാരിച്ചാ ഈ കുടുക്കീന്നൊക്കെ ഒഴിവായി കിട്ടും. കോൺഗ്രസില് ഏതാണ്ടോ ഒരു വലിയ സ്ഥാനൊക്കെ ഉള്ള ആളല്ലേ? നിങ്ങളെ ഇഷ്ടം ആണ്. പറഞ്ഞാൽ ചിയ്യാതിരിക്കില്ല.

രാഘവൻ: പക്ഷെ, പാടില്ല ഏടത്യമ്മെ. എന്റെ ഒരുത്തന്റെ സുഖം മാത്രം ഗണിച്ചുകൂടാ. അത് സുഖവുമല്ല. ഒരു രാജ്യത്തിന്റെ ഒട്ടാകെ ക്ഷേമത്തിലാണ് ഒരു വ്യക്തിയുടെ ക്ഷേമവും കിടക്കുന്നത്.

സാവിത്രി: (പ്രവേശനദ്വാരത്തിലേക്കു നോക്കീട്ട്) അയ്യോ, അതാ ഇൻസ്പെക്ടര് വരുന്നു. അയ്യോ, ഇനി എന്താ ചിയ്യാ? (പരിഭ്രമിക്കുന്നു.)

രാഘവൻ: (എഴുന്നേറ്റ് പ്രവേശനദ്വാരത്തിന്നുനേരെ എത്തിവലിഞ്ഞു നോക്കിക്കൊണ്ട്) അതെ, ഇൻസ്പെക്ടർ തന്നെ. നിവൃത്തിയില്ല, പകലാണ്. (ചുറ്റിനടന്ന് പുറത്തേയ്ക്കു നോക്കീട്ട്) വെളിസ്ഥലം. നിവൃത്തിയില്ല. അറസ്റ്റ്, ലോക്കപ്പ്, ഇടി, ചോരഛർദ്ദി. ഏടത്ത്യേമെ, ഇനി യോഗമുണ്ടെങ്കിൽ കാണാം.

സാവിത്രി: അയ്യോ, അതു പാടില്ല. അതു പാടില്ല. ഒരു സമയം ഇവിടുത്തെ ആളും വരുന്നുണ്ടാവും. ഇൻസ്പെക്ടരായിട്ടു ലോഗ്യാക്കാൻ കൂട്ടിക്കൊണ്ടന്നതാവും.

രാഘവൻ: (നിഷ്പ്രഭമായ പകച്ചിരിയോടെ) ഛെ...ആ പതിമൂക്കൻ നായയ്ക്ക് ലോഗ്യമാവൽ അറിയില്ല. ഹ..ഹ.. സ്നേഹിതൻ എന്നെ ഒറ്റുകൊടുത്തു. അതാലോചിച്ചില്ല.

സാവിത്രി: അതു ചെയ്യില്ല. അതു ചെയ്യില്ല. ഏതായാലും അകത്തേക്കിരിക്കൂ. ഞാൻ ഇവിടുത്തെ ആള് വര്ണവരെ ഈയാളെ ഞായം പറഞ്ഞ് ഇവിടെ പുറത്തിരുത്തും. അകത്തേക്കു പോവൂ. ഊം. (രാഘവൻ നിരാശനായി നില്ക്കുന്നു. സാവിത്രി അയാളെ തള്ളി അകത്താക്കുന്നു.) മച്ചില് ആ പത്തായത്തിന്റെ പിന്നില് ഇരുന്നോളൂ.

(ഇൻസ്പെക്ടർ പ്രവേശിക്കുന്നു. സാവിത്രിയെക്കണ്ട് ഒരലിഞ്ഞപുഞ്ചിരിയോടെ നോക്കുന്നു. സാവിത്രി കസാല ഇട്ടുകൊടുക്കുന്നു.)

ഇൻസ്പെക്ടർ: വേണ്ട, വേണ്ട. ഞാനെടുത്തിട്ടുകൊള്ളാം. നിങ്ങൾ ഇങ്ങനെ ഭാരമുള്ളതൊന്നും

എടുക്കുന്നതു കാണാൻ എനിക്കിഷ്ടമില്ല. അപ്പോൾ, എന്താ പേര്?

സാവിത്രി: സാവിത്രീന്ന്.

ഇൻസ്പെക്ടർ: ഓ, സാവിത്രി. സാവിത്രി–മാധുര്യമുള്ള പേര്. ആ പേര് നിങ്ങൾക്കാണ് അധികം ചേർച്ച. സാക്ഷാൽ സാവിത്രിയുണ്ടല്ലോ, ആ പുരാണത്തിലെ സാവിത്രി. അവൾ അരസികയാണ്. ആ സത്യവാന്ന് ഒരു ഗുണവുമില്ല. എന്നിട്ടും ആയാളുടെ പിന്നാലെ തൂങ്ങിനടന്നു മിനക്കെട്ടു. നിങ്ങൾക്ക് രസികത്തമുണ്ട്. അങ്ങനെ വേണം സാവിത്രി. (ഇരുന്നിട്ട്) ഇരിക്കൂന്ന്.

സാവിത്രി: ഞങ്ങളിരിക്കാറില്ല ആണ്ങ്ങളെ മുൻപില്.

ഇൻസ്പെക്ടർ: അയ്യയ്യേ! അതെല്ലാം പഴയകാലത്ത്. എന്റെ വൈഫ്... അല്ല ഞാൻ എല്ലാ സ്ത്രീകളോടും സമനിലയ്ക്കാണു പെരുമാറുക. എനിക്കവരോട് അങ്ങനെ പെരുമാറുകയാണിഷ്ടം. എന്റെ സിസ്റ്റേഴ്സ് എന്റെ മുമ്പിൽ ഇരിക്കും. ഇരിക്കാതെ ഞാൻ സമ്മതിക്കില്ല. ഇരുന്നോളു. അല്ല വിഷമമാണെങ്കിൽ വേണ്ട. എനിക്ക് സാവിത്രിയെ വിഷമിപ്പിക്കുന്നത് ഇഷ്ടമല്ല.

സാവിത്രി: അവിടത്തെപ്പോലെയുള്ള മഹാന്മാര് അങ്ങനെത്തന്നയാ വിചാരിക്കാ.

ഇൻസ്പെക്ടർ: ആയി. അവിട്ന്ന് എന്നൊന്നും വേണ്ടഞാൻ സാവിത്രിയോട് സമനിലയ്ക്ക് പെരുമാറാനേ ആശിക്കുന്നുള്ളു. നമുക്ക് കൂടുതൽ അടുപ്പമാണാവശ്യം. ഭക്തിബഹുമാനങ്ങളെല്ലാം ആളുകളെ അകറ്റിക്കളയും. അതിൽ സുഖമില്ല. അടുപ്പത്തിലാണ് സുഖം അല്ലെ, അങ്ങിനെ അല്ലേ?

സാവിത്രി: അതൊക്കെ അതെ. എന്നാലുംഞങ്ങൾക്ക് ആള്കള്ടെ സ്ഥിതി മറന്നൂടലോ.

ഇൻസ്പെക്ടർ: എന്തു സ്ഥിതി. ഞാനതൊന്നും അത്ര കാര്യമായെടുക്കുന്ന ആളല്ല കേട്ടോ. സ്ഥിതിയെല്ലാം പെരുമാറ്റത്തിലാണ്. സാവിത്രിക്ക് അന്തസ്സിൽ പെരുമാറാനറിയാമല്ലോ. അതാണ് സ്ഥിതി. അപ്പോൾ നാം സമനിലക്കാരാണ്. സമനിലക്കാര് തമ്മിൽ കൂടുതൽ അടുപ്പമുണ്ടാവും. അല്ലെ?

സാവിത്രി: ഞാൻ കുറച്ച് ചായ ഉണ്ടാക്കട്ടെ. ഒറ്റക്കിരിക്കണമല്ലോ എന്നു വിചാരിച്ചാ ചോദിക്കുന്നത്.

ഇൻസ്പെക്ടർ: വേണ്ട. ഇപ്പോൾ വേണ്ട. എനിക്ക് തീരെ ക്ഷീണമില്ല. അപ്പോൾ ഈ വീട്ടിൽ ആരുമില്ല.

സാവിത്രി: (ചിരിച്ചു കൊഞ്ചിക്കൊണ്ട്) ആരുമില്ല.

ഇൻസ്പെക്ടർ: (എന്തോ ആലോചിച്ച്) ഒരാളുമില്ല!

സാവിത്രി: (ചിരിച്ച്) ഈ വീട്ടിന്നുള്ളില് ആകെ ഒരാളെയുള്ളു.

ഇൻസ്പെക്ടർ: അപ്പോൾ, എനിക്ക് ചിലത് ചോദിക്കാനുണ്ട്. അതു പിന്നെ ചോദിക്കാം. അല്ലെ? അതൊക്കെ ഉദ്യോഗക്കാര്യം. സാവിത്രിയുമായി ഇങ്ങനെ കുറേ നേരം സംസാരിക്കാനുള്ള തരം കിട്ടുമ്പോൾ ഈ മുടിഞ്ഞ ഉദ്യോഗകാര്യം പിണ്ണാക്കും അറുമുഷിപ്പനാവും. നമുക്ക് കുറെക്കൂടി സംസാരിക്കാ അല്ലെ? എന്താ, അതിഷ്ടമല്ലെ?

സാവിത്രി: ഞാനതൊരു ഭാഗ്യായിട്ടാ വിചാരിക്ക്ണ്.

ഇൻസ്പെക്ടർ: ഞാനും. നോക്കൂ നമ്മുടെ രണ്ടാളുടേയും അഭിരുചിക്ക് എന്തൊരു സാമ്യം. (ഇൻസ്പെക്ടർ എഴുന്നേറ്റ് അങ്ങുമിങ്ങും ലാത്തി സാവിത്രിയോട് കഴിയുന്നതും അടുത്തു നില്ക്കുന്നു.)

ഇൻസ്പെക്ടർ: ഇവിടെ ആരുമില്ലല്ലോ. ഞാൻ തുറന്നുപറയട്ടെ. ഞാൻ ഇത്ര സൌന്ദര്യമുള്ള ഒരു സ്ത്രീയെ കണ്ടിട്ടില്ല.

സാവിത്രി: (ലജ്ജാവനമ്രയായി) അത്രയ്ക്കൊന്നൂല്യ. അതൊക്കെ ഇഷ്ടണ്ടായിട്ട് തോന്നാണ്. (സംഭാഷണം ദീർഘിപ്പിക്കാൻ വേണ്ടി) അപ്പൊ, ഭാര്യ ഇല്ലേ?

ഇൻസ്പെക്ടർ: (ഒരടി വിട്ടുനിന്ന്) ഛെ അതു ചോദിക്കാതിരിക്കൂ. ഒരാൾ ഒരു ഭാര്യയെ വെച്ചുകൊണ്ടിരിക്കുന്നത് ഒരാചാരമാണ്. ഒരു രസികന്ന് ഭാര്യ വെറുമൊരു സാമഗ്രി മാത്രമാണ്. നോക്കൂ, ഞാൻ കുറച്ചൊരു രസികനാണ്. എനിക്ക് ഒരു ഭാര്യയെത്തന്നെ നോക്കി അങ്ങനെ കഴിഞ്ഞുകൂടാൻ വയ്യ. മുഷിപ്പൻ, അറുമുഷിപ്പൻ, എന്താ, അങ്ങിനെയല്ലെ? ഈ ഭാര്യയും ഭർത്താവും ആയിക്കഴിഞ്ഞാൽ കഴിഞ്ഞു എല്ലാ രസവും.

സാവിത്രി: അതെന്താ?

ഇൻസ്പെക്ടർ: അവിടെ പിന്നെ സ്നേഹമുണ്ടോ? കുറെ ബാദ്ധ്യതകളല്ലെ? എപ്പോഴും ഒരാൾ ഡ്യൂട്ടിയിൽതന്നെ. ഡ്യൂട്ടി വേണം. പക്ഷെ, ഹോളിഡേയിസ് വേണ്ടയോ? ഇതാ, ഇന്നെനിക്ക് ഒരു ഹോളിഡേ കിട്ടിയപോലുണ്ട്. മനസ്സ് ഉല്ലാസം കൊണ്ടു നിറഞ്ഞിരിക്കുന്നു. ഞരമ്പിലെല്ലാം നല്ല

ഷാംപേയൻ കുടിച്ചതുപോലെ ഒരു താളക്രമത്തിൽ രക്തം നൃത്തം വെയ്ക്കുന്നുണ്ട്. ഇല്ലെ? ഈ അനുഭവം എല്ലാം സാവിത്രിക്കും ഇല്ലേ? സത്യം പറയൂ. ഇതാണ് സ്നേഹം.

സാവിത്രി: (മറ്റൊരു സ്ഥലത്തേയ്ക്കു മാറിനിന്നുകൊണ്ട്) ഇതൊക്കെ എല്ലാരും പറയും.

ഇൻസ്പെക്ടർ: ഒരിക്കലും എല്ലാവരോടും പറയില്ല. ഇങ്ങിനെ അസാമാന്യമായ ആകർഷത്വമുള്ള ചിലരോടുമാത്രം പറയും. പറയൂ സാവിത്രിക്ക് ഈ അനുഭവമെല്ലാമുണ്ടോ? ഈ കാട്ടുമുക്കിൽ, ഒരു വിനോദവുമില്ലാതെ ഒരു ബോറൻ.....ഏ, എന്തേ, എന്തേ പറഞ്ഞത്. ഒരു ബോറൻ ജീവിതം നയിക്കുമ്പോൾ ഇടയ്ക്ക് സാവിത്രിയുടെ ഗുണം കണ്ടറിയാൻ സാധിക്കുന്ന, അഭിനന്ദിക്കാൻ സാധിക്കുന്ന ഒരു ചെറുപ്പക്കാരൻ വന്ന് മുമ്പിൽ നില്ക്കുമ്പോൾ....(അടുത്ത് ചെല്ലുന്നു) ആയാൾ ആരാധിക്കാൻ തയാറാവുമ്പോൾ.....ആയാൾ ജീവനെത്തന്നെ അടിയറ വെയ്ക്കാൻ ഒരുങ്ങുമ്പോൾ – (വീണ്ടും നല്ലവണ്ണം അടുത്തുചെന്ന്) പറയൂ, പറയൂ, (സാവിത്രി വീണ്ടും പോകാൻ തുടങ്ങുമ്പോൾ കൈ പിടിച്ച് ) ഇല്ല, അയാളിപ്പോളൊന്നും വരില്ല. ഞാൻ അയാളെ വേറെ സ്ഥലത്തയച്ചിരിക്കുകയാ.

(മാസ്റ്റർ ഒരു കൊടുങ്കാറ്റുപോലെ കയറിവരുന്നു. സാവിത്രി കുടഞ്ഞുമാറി രൂക്ഷദൃഷ്ടിയായി നിന്നു വിറയ്ക്കുന്നു.)

മാസ്റ്റർ: ഹെ, ഇൻസ്പെക്ടർ എറങ്ങു പുറത്ത്. നിങ്ങൾക്കിവിടെ കാര്യമില്ല. പോലീസിൻസ്പെക്ടരാണെന്നു വെച്ച് തോന്ന്യാസം കാണിക്കരുത്. (സാവിത്രിയോട്) എടീ. നിന്റെ ആട്ടവും കുഴച്ചിലും. (സാവിത്രിയുടെ അടുത്തുചെന്ന് അവളുടെ കഴുത്തിന്ന് പിടിക്കുന്നു.)

ഇൻസ്പെക്ടർ: (ഇളിഞ്ഞചിരിയോടെ) അരുത് മാസ്റ്റർ. ഛെ, ഛെ, നിങ്ങളാ സ്ത്രീയെ തല്ലരുത്. ഒന്നുമുണ്ടായിട്ടല്ല. ഒന്നുമുണ്ടായിട്ടല്ലെന്നേയ്; നിങ്ങളുടെ തെറ്റിദ്ധാരണയാണ്.

മാസ്റ്റർ: തെറ്റിദ്ധാരണ. ഹെ നിയമവും സമാധാനവും പാലിക്കാനുള്ള നിങ്ങൾ ഇത്തരം തോന്ന്യാസങ്ങൾ...ഞാൻ നിങ്ങളുടെമേൽ കേസുകൊടുക്കും.

ഇൻസ്പെക്ടർ: എന്തുണ്ടായി മിസ്റ്റർ? അപ്പോൾ നിങ്ങളെന്റെ കത്തു കൊടുത്തുവോ? നിങ്ങൾ സർക്കിളിനെ കണ്ടില്ലെ?

മാസ്റ്റർ: (കത്തെടുത്ത് തറയിലെറിഞ്ഞ്) അതാ കത്ത്. നിങ്ങളുടെ സർക്കിളവിടെ ഇല്ല. ആയാളെ കാത്ത് നിൽക്കാൻ എനിക്കവസരമില്ല. സർക്കിളും സബ്ബും. ഞാൻ കേസുകൊടുക്കും.

ഇൻസ്പെക്ടർ: ഹെ, എവിടെ കമ്യൂണിസ്റ്റ്? നിങ്ങൾ പറഞ്ഞിട്ടാണ് ഞാനിവിടെ വന്നത്. വന്നുനോക്കുമ്പോൾ ഇവർ പറയുന്നു വീട്ടിലാരുമില്ലെന്ന്. പിന്നെ, നിങ്ങളില്ലാതെ നിങ്ങളുടെ ഭാര്യ മാത്രമുള്ള വീട്ടിന്നുള്ളിൽ ഞാൻ കടക്കുന്നത് നന്നോ? എന്നെ കണ്ടിട്ട് ആ സ്ത്രീ ഭയപ്പെട്ടുവിറയ്ക്കുമ്പോൾ ഞാൻ സമാധാനിപ്പിക്കയായിരുന്നു.

മാസ്റ്റർ: പച്ചക്കളവ്. ഹേ ഞാൻ കേസ്കൊടുക്കും. കമ്യൂണിസ്റ്റിനേയോ ഏതു ചെകുത്താനേയോ പിടിച്ചുകൊള്ളു. അത് നിങ്ങളുടെ കാര്യം. എനിക്കതിലൊന്നുമില്ല. എന്റെ ഭാര്യയുടെ അടുത്ത് മര്യാദകെട്ട പെരുമാറ്റത്തിന്ന്... (അരിശംവന്ന്) അല്ലെങ്കിൽ നിങ്ങളെ എന്തിനു പറയുന്നു. ഇവളെന്തിനതിന്നു നിന്നു? എടീ ദുഷ്ടേ, കുലടേ, (അടിക്കുന്നു, സാവിത്രി കരയുന്നു.)

(രാഘവൻ പുറത്തുവന്ന്) നിർത്തു മി. നായർ. എന്തിന്ന് നിങ്ങൾ ആ സ്ത്രീയെ ദ്രോഹിക്കുന്നു? ആരെങ്കിലും ആ സ്ത്രീയെ ഒന്നു നോക്കിപ്പോയാൽ സ്നേഹിതന്ന് ഹാല് കയറും. അങ്ങിനെയുണ്ട് ചിലർ.

ഇൻസ്പെക്ടർ: (വലിയ ആശ്വാസത്തോടെ) അതെ, അതെ. എല്ലാവരും ഇയാളുടെ ഭാര്യയെ പിടിക്കാൻ നടക്കുകയാണെന്നാ ഭാവം. കേട്ടില്ലേ, കേസുകൊടുക്കും പോലും. ഞാൻ ആരാണെന്ന് ഇയാൾക്ക് മനസ്സിലായിട്ടില്ല.

രാഘവൻ: ചില ഭർത്താക്കന്മാർ അങ്ങിനെയാണ്. വലിയ അസൂയക്കാർ. നോക്കൂ, ഞാനിന്നു രാവിലെ വന്നു. എന്റെ സുഹൃത്ത്യക്കളാണിവർ. വന്നപ്പോൾ ഏട്ടത്തിയമ്മ എന്നോട് ലോഗ്യം പറഞ്ഞു. അതോടെ മൂപ്പർതെറ്റി. ഞാൻ കമ്യൂണിസ്റ്റാണെന്നു പറഞ്ഞു നിങ്ങളുടെ അടുത്തെത്തി. ഇപ്പോൾ ആയാൾ നിങ്ങളോടും തെറ്റി. നിങ്ങൾ ആയാളുടെ ഭാര്യയുടെ അടുത്ത് ബലം പ്രയോഗിച്ചു എന്നു പറഞ്ഞു നാളെ നിങ്ങളുടെ പേരിലും കേസു കൊടുക്കും.

ഇൻസ്പെക്ടർ: അതെ, അതെ ഈയാൾ മഹാ വല്ലാത്തവൻ.

രാഘവൻ: ഇവിടെ എന്താണ് സംഭവിച്ചതെന്നതിന്ന് ശരിക്കും ഞാനൊരു സാക്ഷിയാണ്.

ഇൻസ്പെക്ടർ: (ഇടയിളക്കത്തോടെ) ശരിയാണ് നിങ്ങൾ പറഞ്ഞത്. ഞാൻ ഇയാൾ പറഞ്ഞിട്ട് വന്നതാണ്. ഇവിടെ കമ്യൂണിസ്റ്റുണ്ടോ എന്നന്വേഷിക്കാൻ. ഈ വീട്ടിൽ കമ്യൂണിസ്റ്റുകാര് ഇല്യാലോ. ഉണ്ടോ?

രാഘവൻ: ഹെയ്, ഒരൊറ്റ കമ്യൂണിസ്റ്റ് ഈ വീട്ടിലില്ല.

ഇൻസ്പെക്ടർ: അല്ല, അതന്വേഷിക്കേണ്ടത് എന്റെ ഡ്യൂട്ടിയാണ്. ഡ്യൂട്ടി ഒരിക്കലും തെറ്റിച്ചുകൂടാ.

രാഘവൻ: അതെ ഡ്യൂട്ടി ഒരിക്കലും തെറ്റിച്ചുകൂടാ.

ഇൻസ്പെക്ടർ: (ധൈര്യപൂർവ്വം) മാസ്റ്റർ, താങ്കൾ പറഞ്ഞപ്രകാരം ഇവിടെ കമ്യൂണിസ്റ്റില്ലെന്ന് എനിക്ക് ബോദ്ധ്യമായി. ഗവർമ്മേണ്ടുദ്യോഗസ്ഥന്മാരെ മേലിൽ നിങ്ങളിങ്ങിനെ അലോസപ്പെടുത്തരുത്. ഇന്നാട്ടിലെ കമ്യൂണിസ്റ്റ് ശല്യം പലപ്പോഴും നിങ്ങളേപ്പോലുള്ളവർ ഉണ്ടാക്കിത്തീർക്കുന്നതാണ്. നിങ്ങളെപ്പോലുള്ളവരാണ് ആളുകളുടെ മേൽ കമ്യൂണിസ്റ്റ്മുദ്ര കുത്തിവിടുന്നത്. അത് നന്നല്ല. മേലിൽ ഒരിക്കലും ചെയ്തു പോകരുത്.

രാഘവൻ: ഹാ, എത്ര നല്ല ഉപദേശം. ഇൻസ്പെക്ടർ, നിങ്ങൾ അസാമാന്യപ്രതിഭയുള്ള ഒരുദ്യോഗസ്ഥനാണ്.

സാവിത്രി: ഇൻസ്പെക്ടർ, അപ്പോൾ ഈ ആൾക്ക് ഇനി പേടിക്കാനൊന്നൂല്യലോ.

ഇൻസ്പെക്ടർ: ഒന്നുമില്ല; തീർച്ചയായും ഒന്നുമില്ല. എന്നാൽ ഞാൻ പോകട്ടെ. (സഗൌരവം നടന്നുപോകുന്നു.)

മാസ്റ്റർ: ഞാനൊരു കോൺഗ്രസ്സുകാരനാണ്. ഞാനെന്റെ കടമ നിറവേറ്റി. എന്റെ കൂറ് കോൺഗ്രസ്സിനോടാണ്

സാവിത്രി: (രാഘവനോട്) ഞാനപ്പഴും പറഞ്ഞില്ലേ ഇവിടത്തെ ആൾ നിങ്ങളെ എങ്ങിനെയെങ്കിലും ഒഴിവാക്കിത്തരുമെന്ന്! ഇനി വേണ്ടാത്തേനൊന്നിനും പോവാതെ ഒരു കല്യാണോം ഒക്കെ കഴിച്ച് സുഖായിട്ട് ഇരുന്നോളൂ.

രാഘവൻ: അങ്ങിനെ ആട്ടെ ഏടത്ത്യേമേ. സ്നേഹിതാ താങ്കളുടെ ബുദ്ധിമതിയായ ഭാര്യ എന്നെ രക്ഷിച്ചു. ഞാൻ നിങ്ങളോട് കൃതജ്ഞനാണ്. വന്ദനം. (പോകുന്നു.)

സാവിത്രി: എല്ലാരും പോയി. ഇനി വല്ലതും കഴിക്കണ്ടെ? വെശക്ക്ണില്യെ? വഴിക്ക് വല്ലതും കഴിച്ച്യോ?

മാസ്റ്റർ: (സാവിത്രിയെ അടുപ്പിച്ച് അടിച്ച പാടുകളിൽ തലോടുന്നു.) ഓമനേ ഒന്നര വാങ്ങാൻ കഴിഞ്ഞില്യ. അടുത്ത കുറി വാങ്ങാം.

സാവിത്രി: ഒന്നരക്കല്ലെ ശീല ഇവിടെ ഉള്ളത്. ഇനി ഇപ്പോൾ ഒന്നും വാങ്ങണ്ട. എനിക്കിതു മതി.

മാസ്റ്റർ: ഹാ, ഓമനേ, നീയെന്റെ സ്വത്താണ്!

കർട്ടൻ